അധികാരം ജനങ്ങളിലേക്ക്

"വികസനരേഖ 1997-2002"

നാദാപുരം ഗ്രാമപഞ്ചായത്ത്

9-ാം പഞ്ചവത്സര പദ്ധതി - ജനകീയ പദ്ധതി

ജനകീയാസൂത്രണ പരിപാടി

നാദാപുരം ഗ്രാമപഞ്ചായത്ത്

വികസനരേഖ 1997-2002

വിഷയസൂചിക

1 കൃഷിയും ജലസേചനവും
2 മൽസ്യമേഖല – മൃഗപരിപാലനം
3 വിദ്യാഭ്യാസം
4 പൊതുജനാരോഗ്യം – കുടിവെള്ളം
5 വ്യവസായം
6 ഗതാഗതം – ഊർജ്ജം
7 പാർപ്പിടം – സാമൂഹ്യക്ഷേമം
8 സംസ്കാരം
9 വനിത
10 സഹകരണമേഖല
11 പട്ടികജാതി–പട്ടികവർഗക്ഷേമം
12 വിഭവസമാഹരണം


N
VIII
IX
I
VII
X
പഞ്ചായത്ത് ഓഫീസ്
XII
XI
VI
II
IV
XIII
V
III
പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി

വാർഡ് നമ്പറും പേരും — മെമ്പർ

1. ചിയ്യൂർ — സി. വി. കൃഞ്ഞികൃഷ്ണൻ
2. നരിക്കാട്ടേരി — എം. പി. സൂപ്പി
3. വരിക്കോളി — പി. കെ. ദാമുമാസ്റ്റർ
4. കുമ്മങ്കോട് — പി. ശാദുലി
5. കക്കംവെള്ളി — വാണിയൂർ അന്ത്രു
6. നാദാപുരം — ബംഗ്ലത്ത് മുഹമ്മദ്
7. കാക്കാറമ്പിൽ — കെ. ജി. അസീസ്
8. ഈയ്യങ്കോട് — പുതിയാറമ്പത്ത് സുജാത
9. വിഷ്ണമംഗലം — കെ. കെ. ശ്രീമതി
10. കുറുപ്പുറം — പുതിയോട്ടിൽ മാതു
11. കല്ലാച്ചി — കുനിച്ചോത്ത് ഭാസ്കരൻ
12. ചേലക്കാട് — സഫിയാ ശാദുലി
13. ഒമ്പത്കണ്ടം — പടിക്കലക്കണ്ടി ശൈലജ

ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. എൻ. അമ്മത് മാസ്റ്റർ
2. സി. എച്ച്. ബാലകൃഷ്ണൻ
3. എ. കെ, പീതാംബരൻമാസ്റ്റർ
4. പി. കെ. ദാമുമാസ്റ്റർ
5. എം. പി. സൂപ്പി
6. കെ. കെ. പത്മനാഭക്കുറുപ്പ്
7. ടി. പി. ശങ്കരൻ
8. പി. പി. ശങ്കരൻ
9. പി. എം. മമ്മു
10. എ. റഹിംമാസ്റ്റർ
11. കെ. കെ സി. മുനീർ
12. വി. പി. ബാലൻ
13, പി. കെ. ശൈലജ
14. എ കെ. തുളസീമണി
15. രജനീനാരായണൻ

ഗ്രാമപഞ്ചായത്ത് സിക്രട്ടറി:
കെ. കരുണാകരൻ നമ്പ്യാർ

നാദാപുരം ഗ്രാമപഞ്ചായത്ത്

സഫിയ ശാദുലി
പ്രസിഡന്റ്

സി. വി. കുഞ്ഞികൃഷ്ണൻ
വൈസ് പ്രസിഡന്റ്

പി. പി. സുജാത
ചെയർപേഴ്സൺ
സ്റ്റാൻഡിംഗ് കമ്മിറ്റി

ആമുഖം

അധികാര വികേന്ദ്രീകരണമെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണല്ലോ. കഴിഞ്ഞ കാലങ്ങളിൽ നയരൂപീകരണം, പദ്ധതി ആവിഷ്ക്കരണം എന്നിവ സംബന്ധിച്ച് തീരുമാനങ്ങളെടുത്തിരുന്നത് ഒരു ചെറിയ വിഭാഗം ഉദ്യോഗസ്ഥ മേധാവികളായിരുന്നു. ജനങ്ങൾക്കോ ജനപ്രതിനിധികൾക്കോ ആസൂത്രണത്തിലും പദ്ധതികൾ നടപ്പിലാക്കുന്നതിലും കാര്യമായ പങ്കാളിത്തം ഉണ്ടായിരുന്നില്ല. ''ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ'' സാമാന്യ ജനങ്ങളെ വികസനാസൂത്രണ യജ്ഞത്തിൽ പങ്കാളികളാക്കുക എന്ന മഹത്തായ സംസ്കാരത്തിനു് ഇവിടെ തുടക്കം കുറിക്കുകയാണു്.

കേന്ദ്ര ഗവ: 1992ൽ പാസ്സാക്കിയ 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് നിയമം പ്രാബല്യത്തിൽവന്നു. ഇതോടെ തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് ഭരണ സമിതികൾക്ക് കൂടുതൽ അധികാരം പകർന്നുകിട്ടി. അങ്ങിനെ അധികാരം ജനങ്ങളിലേക്ക് എന്ന സങ്കല്പം യാഥാർത്ഥ്യമായി. അതത് ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട വാർഡുകളിലെ വികസനത്തെക്കുറിച്ച് ജനങ്ങൾക്ക് അഭിപ്രായം പറയാനും തീരുമാനങ്ങളെടുക്കാനുമുള്ള അവസരം ഇതോടെകൈവന്നിരിക്കുകയാണ്.

9-ാം പദ്ധതിയിൽ പ്രാദേശിക ഭരണസമിതികൾക്ക് നീക്കിവെക്കുമെന്നു് പ്രതീക്ഷിക്കപ്പെടുന്ന 35-40 ശതമാനം തുക യാഥാർത്ഥ്യ ബോധത്തോടെ ചെലവഴിക്കാനും ഓരോ പൗരനും അർപ്പണബോധത്തോടെ ഇതിൽ പങ്കാളികളാക്കാനുള്ള അവസരം പ്രയോജപ്പെടുത്താൻ നമുക്ക് കഴിയണം. അതിനാൽ ജനങ്ങൾക്കിടയിൽ വികസനത്തെക്കുറിച്ചുള്ള ശരിയായ അവബോധവും, നാടിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാകണമെന്ന താല്പര്യവും ഉണ്ടാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതികളെ ശക്തിപ്പെടുത്താനും, മാമൂൽ പ്രവർത്തനരീതി മാറ്റി സന്നദ്ധസേവനത്തിലൂടെയും പ്രാദേശിക വിഭവ സമാഹരണത്തിലൂടെയും വികസന പ്രവർത്തനങ്ങളുടെ ഫലവും കാര്യക്ഷമതയും വർധിപ്പിക്കാൻ നമുക്ക് കഴിയണം.

ജനകീയാസൂത്രണ പരിപാടി നമ്മുടെ പഞ്ചായത്തിൽ നല്ല നിലയിൽ പുരോഗമിച്ചുവരുന്നു, ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഫലമായി ജില്ലാതലത്തിൽ പരിശീലനം ലഭിച്ച 11ഉം പഞ്ചായത്ത് തലത്തിൽ പരിശീലനം ലഭിച്ച 40ഉം സന്നദ്ധ പ്രവർത്തകർ നമുക്കുണ്ട്. 'ആസൂത്രണം അടിത്തട്ടിൽ നിന്നും' എന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സന്ദേശം സഫലമാക്കിക്കൊണ്ട് പഞ്ചായത്തിലെ 13 വാർഡുകളിലും വിജയകരമായിത്തന്നെ ഗ്രാമസഭകളും സമ്മേളിച്ചുകഴിഞ്ഞു. സപ്തമ്പർ 14 മുതൽ ഒക്ടോബർ 2 വരെ നടന്ന ഗ്രാമസഭകളിൽ 3000ത്തോളം ആളുകളും പങ്കെടുക്കുകയുണ്ടായി. ഇതിൽ 20% സ്ത്രീകളായിരുന്നു ഗ്രാമസഭകളിൽ നടന്ന സജീവമായ ചർച്ചകളിൽ നിന്നും പഞ്ചായത്തിലെ വികസന സാധ്യതകളെക്കുറിച്ചും പ്രശ്ന പരിഹാരങ്ങളെക്കുറിച്ചും വിഭവസമാഹരണത്തെക്കുറിച്ചും ധാരാളം അഭിപ്രായങ്ങളും സുചിന്തിതമായ നിർദ്ദേശങ്ങളും ഉയർന്നുവരുകയുണ്ടായി. അവ ക്രോഡീകരിക്കാനും മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്താനും ഭരണ സമിതി അംഗങ്ങൾക്കും ജില്ലാ പഞ്ചായത്തുതല പരിശീലകർക്കും തീവ്ര ശ്രമംതന്നെ നടത്തേണ്ടിവന്നു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മുന്നോടിയായി പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ പ്രാഥമിക സ്ഥിതി വിവര കണക്കുകളും ദ്വിതീയ സ്ഥിതി വിവര കണക്കുകളും ശേഖരിക്കുകയുണ്ടായി.

[redacted]

പഞ്ചായത്തിന്റെ പേര്	:	നാദാപുരം
റവന്യൂ വില്ലേജിന്റെപേര്	:	നാദാപുരം
ബ്ലോക്ക് പഞ്ചായത്ത്	:	കുന്നുമ്മൽ
അസംബ്ലിമണ്ഡലം	:	നാദാപുരം
താലൂക്ക്	:	വടകര
ജില്ല	:	കോഴിക്കോട്
വിസ്തീർണ്ണം	:	20.44 ച. കി. മീ.
ജനസംഖ്യ	:	35245 (1991 കാനേഷുമാരി)
വാർഡുകളുടെ എണ്ണം	:	13
ഗ്രേഡ്	:	സ്പെഷൽ ഗ്രേഡ്

അതിരുകൾ	:	വടക്ക്–വാണിമേൽ പുഴ തെക്ക്–പുറമേരി പഞ്ചായത്ത് കിഴക്ക്–കുന്നുമ്മൽ–നരിപ്പറ പഞ്ചായത്ത് പടിഞ്ഞാറ്–തുണേരി–പുറമേരി ,,
പ്രസിഡണ്ട്	:	ശ്രീമതി. സഫിയാ ശാദുലി
വൈ: പ്രസിഡണ്ട്	:	ശ്രീ. സി. വി. കുഞ്ഞികൃഷ്ണൻ

വടകര താലൂക്കിലെ പഴയ പഞ്ചായത്തുകളിൽ ഒന്നാണ് 1941ൽ രൂപീകൃതമായ നാദാപുരം പഞ്ചായത്ത്. അന്ന് സ്പെഷ്യൽ ഓഫീസർ ഭരണത്തിൻ കീഴിലായിരുന്ന പഞ്ചായത്തുകളും, ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട് ജ: കോമത്ത് മമ്മത്സാഹേബും വൈ: പ്രസിഡണ്ട് ശ്രീ. തൊട്ടുവയിൽ മാധവൻനായരുമായിരുന്നു. അന്ന് 'ജന്മിവോട്ട്' സമ്പ്രദായമായിരുന്ന നിലനിന്നിരുന്നത്. ഇപ്പോഴത്തെ വൈദ്യുതിവിളക്കുകളുടെമുൻഗാമിയായിരുന്ന മരക്കാലുകളിൽ കത്തിച്ചുവെക്കുന്ന മണ്ണെണ്ണ വിളക്കുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടത് അന്നാണ്. കല്ലാച്ചി–വാണിയൂർ റോഡിന്റെ നിർമ്മാണവും പുളിക്കൂൽ തോടിന് മരപ്പാലം നിർമ്മിച്ചതും ഇതേ സമയത്തുതന്നെയാണ്. 1954ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ അഡ്വ: എ.എം.കരുണാകരൻനമ്പ്യാർ പ്രസിഡണ്ടും, ജ: കുറുമ്പത്ത് കുഞ്ഞാലിഹാജി വൈ: പ്രസിഡണ്ടുമായിരുന്നു. ഈ ഭരണസമിതിയാണ് ചേലക്കാട് തോടിന് കോൺക്രീറ്റ് പാലം നിർമ്മിച്ചത്. ആദ്യമായി എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചതും അക്കാലത്തുതന്നെ. ശ്രീ. ടി. കെ. വാസുദേവനായിരുന്നു ആദ്യത്തെ എക്സി: ഓഫീസർ. 1964ൽ ജ: കണ്ണോളി പോക്കർഹാജി പ്രസിഡണ്ടും, ശ്രീ. ആനാറമ്പത്ത് നാരായണൻനമ്പ്യാർ വൈ: പ്രസിഡണ്ടുമായ ഭരണസമിതി നിലവിൽ വന്നു. അതിനുശേഷം 1967ൽ ജ: വി. എ. കെ. പോക്കർഹാജി പ്രസിഡണ്ടും ശ്രീ. ആനാറമ്പത്ത് നാരായണൻനമ്പ്യാർ വൈ: പ്രസിഡണ്ടുമായി. 13 വർഷത്തോളം നീണ്ടുനിന്ന ഒരു ഭരണസമിതിയായിരുന്നു അത്. ഈ കാലയളവിലാണ് പഞ്ചായത്ത് ഓഫീസിനു സ്വന്തമായി കെട്ടിടം വിലയ്ക്കുവാങ്ങിയത്. വൈദ്യുതി തെരുവുവിളക്കുകൾ സ്ഥാപിച്ചതും ഈ ഭരണസമിതിയുടെ നേട്ടമാണ്. പിന്നീട് 1982ൽ ശ്രീ. കെ. കെ. ബാലകൃഷ്ണൻനമ്പ്യാർ പ്രസിഡണ്ടും, ശ്രീ. വാണിയൂർ അന്ത്രു വൈ: പ്രസിഡണ്ടുമായി ഭരണസമിതി നിലവിൽ വന്നു. ഇവരുടെ ശ്രമഫലമായി നാദാപുരം ബസ്സ്റ്റാൻറ്, ഷോപ്പിംഗ്കോപ്ലംക്സ്, കമ്മ്യൂണിറ്റിഹാൾ, കല്ലാച്ചി നാദാപുരം മത്സ്യമാർക്കറ്റുകൾ എന്നിവ നിർമ്മിക്കാൻ കഴിഞ്ഞു. 1988ൽ ജ: പി. ശാദുലി പ്രസിഡണ്ടും, ശ്രീ. സി. വി. കുഞ്ഞികൃഷ്ണൻ വൈ: പ്രസിഡണ്ടുമായ ഭരണസമിതി നിലവിൽ വന്നു. ഇക്കാലത്താണ് പഞ്ചായത്ത് റോഡുകൾ താറിടാനാരംഭിച്ചതും, കൂടുതൽ തെരുവുവിളക്കുകൾ, സോഡിയം വേപ്പർ ലാംബുകൾ എന്നിവ സ്ഥാപിച്ചതും ചിയ്യൂർ–നരിപ്പറ, പുളിക്കൂൽ – പാറക്കടവ് എന്നീ 8 മീറ്റർ വീതിയുള്ള റോഡ് നിർമ്മാണവും ചേലക്കാട് മിനി സ്റ്റേഡിയം നിർമ്മിച്ചതും ഇക്കാലത്തുതന്നെ. ആയോലം–കല്ലാച്ചി റോഡ് PWD ഏറ്റെടുത്തതും, നാദാപുരം ബസാർ വീതികൂട്ടി വികസന സ്വപ്നം സാക്ഷാത്ക്കരിച്ചതും ഈ അവസരത്തിൽതന്നെ. ശ്രീമതി. സഫിയാ ശാദുലി പ്രസിഡണ്ടും ശ്രീ. സി. വി. കുഞ്ഞികൃഷ്ണൻ വൈ: പ്രസിഡണ്ടുമായ ഭരണസമിതിയാണ് ഇപ്പോൾ പഞ്ചായത്ത് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്.

ഇപ്പോൾ കല്ലാച്ചിയിൽ പ്രവർത്തിക്കുന്ന നാദാപുരം മുൻസീഫ് കോടതി 1910 ലാണ് സ്ഥാപിതമായത്. ഒരു മജിസ്ട്രേട്ട് കോടതിയും ഇപ്പോൾ ഇവിടെയുണ്ട്. എ. ഇ. ഒ. ഓഫീസ്, സബ്റജിസ്ട്രാർ ഓഫീസ്, സബ് ട്രഷറി, കൃഷിഭവൻ, ഇലക്ട്രിസിറ്റി ഓഫീസ്, വില്ലേജ് ഓഫീസ്, പോലീസ് സ്റ്റേഷൻ, എക്സൈസ് ഓഫീസ്, സി. ഐ. ഓഫീസ് എന്നിവയാണ് ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സർക്കാർ സ്ഥാപനങ്ങൾ. കേന്ദ്ര ഗവ: സ്ഥാപനങ്ങളായ 2 സബ്പോസ്റ്റാഫീസുകളും, 5 ബ്രാഞ്ച് പോസ്റ്റോഫീസുകളും, ടെലഫോൺ എക്സ്ചേഞ്ച്, JTO ഓഫീസ് എന്നിവയും നമ്മുടെ പഞ്ചായത്തിലുണ്ട്. മലബാർ ഡിസ്ട്രിക്ട്ബോർഡ് നടത്തിയിരുന്ന നാദാപുരം ആശുപത്രിയാണ് ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള ആശുപത്രി. 3 സബ്സെൻറുകളും നമുക്കുണ്ട്. തെരുവമ്പറമ്പിൽ പ്രവർത്തിക്കുന്ന ഒരു വെറ്ററിനറി ഡിസ്പെൻസറിയും നമുക്കുണ്ട്

സാമൂഹ്യ–സാംസ്ക്കാരിക ചരിത്ര പശ്ചാത്തലങ്ങൾ

വടക്കൻ വീരഗാഥകൾകേട്ട് ആവേശ പുളകിതമായ നാട് അങ്കത്തട്ടുകളുടെയും പടകാളി മുറ്റങ്ങളുടെയും കളരി പരമ്പരകളുടെയും ചരിത്രമുറങ്ങുന്ന നാട്. പുറമേരിയിലെ കടത്തനാടൻ കൊട്ടാരങ്ങൾക്കും കുറ്റിപ്രം കോവിലകത്തിനുമിടയിൽ നീണ്ടുനിവർന്നു നിൽക്കുന്ന വിശാല ഭൂമി.

ഒന്നേകാൽ നൂറ്റാണ്ടിനുമുമ്പ് കൃത്യമായി പറഞ്ഞാൽ 1869ൽ, ഡോ: ഹെർമൻ ഗുണ്ടർട്ട് 'മലയാള രാജ്യം ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം' എന്ന തന്റെ കൃതിയിൽ നാദാപുരത്ത് അങ്ങാടിയെക്കുറിച്ച് ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു. 'നാദാപുരം എന്നത് കുറ്റിപ്പുറത്തിന്റെ 2 മൈൽസ് വടക്കുപടിഞ്ഞാറ്, അവിടെ ഒരു വലിയ

അങ്ങാടിയും മാപ്പിളമാരുടെ പള്ളിയും ഉണ്ട്. അങ്ങാടിയിൽ കുരുമുളക് കച്ചവടം മുഖ്യം'' കുരുമുളകിന്റെയും കേരവൃക്ഷങ്ങളുടേയും സമൃദ്ധിയിൽ പരിലസിച്ചിരുന്ന പഴയ കുറുമ്പ്രനാട് താലൂക്കിൽ ഉൾപ്പെട്ടതായിരുന്ന ചരിത്രപ്രസിദ്ധമായ കടത്തനാട് രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രമായ കുറ്റിപ്പുറം കോവിലകം. ആയോധന കലകളുടെ ആയിരം കഥകൾ പറയാനുണ്ടായിരുന്ന കുറ്റിപ്പുറം കോവിലകത്തിന്. ഡോ: ഗുണ്ടർട്ട് കുറ്റിപ്പുറം കോവിലകത്തെക്കുറിച്ച് തന്റെ യാത്രാവിവരണ ഗ്രന്ഥത്തിൽ ഇങ്ങിനെ സൂചന നൽകുന്നു. ''വടകരയിൽനിന്നും മാനന്തവാടിക്ക് പോകുന്ന നിരത്തിൽക്കൂടി 8 മൈൽസ് ദൂരം പോയാൽ കടത്തനാട് രാജാവ് വസിക്കുന്ന കുറ്റിപ്പുറത്ത് എത്തും. അതിന്റെ കുറെ തെക്കുപടിഞ്ഞാറുള്ള പുറമേരിയിലും കോവിലകം ഉണ്ട്.'' ഉണ്ണിയാർച്ച ജോനകൻമാരെ നനഞ്ഞ മുണ്ട്കൊണ്ട് നേരിട്ട എന്നു പറയപ്പെടുന്ന നാദാപുരത്തങ്ങാടിയും കുറ്റിപ്പുറം കോവിലകം ഉൾപ്പെട്ടിരുന്ന പ്രദേശവും ഇന്ന് നാദാപുരം ഗ്രാമപഞ്ചായത്തിലെ ഹൃയഭാഗങ്ങളാണ്. കുറ്റിപ്പുറം കോവിലകത്തിന്റെ ചരിത്രാവശേഷിപ്പ് പൊട്ടിപ്പൊളിഞ്ഞ കൽപ്പടവുകളോടെ ഇന്നും കാണുന്ന പായൽ മൂടിയ ഒരു കുളം മാത്രമാണ്

തെങ്ങും കവുങ്ങും കുരുമുളകും കൊണ്ട് സമൃദ്ധമായ തൊടികളും നിറഞ്ഞ നാദാപുരം, 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ പ്രത്യേകതകളൊന്നും അവകാശപ്പെടാനില്ലാത്ത ഒരു കർഷകഗ്രാമം മാത്രമായിരുന്നു. നാടുവാഴി മേധാവിത്വത്തിന്റെ അവശേഷിപ്പായ ജന്മിത്വം അഭംഗുരം തുടർന്നുവരികയായിരുന്ന ഇവിടെ. അടിമത്വം സ്വയം അംഗീകരിച്ച് ഇവിടത്തെ സാധാരണ കർഷകരെ തൊട്ടുണർത്തിയത് ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികളായിരുന്നു. ശ്രീനാരായണഗുരു-വാഗ്ഭടാനന്ദ സ്വാമികളും എന്നിവരുടെ സന്ദേശങ്ങളും ഇതിന് ശക്തി പകർന്നു.

ടിപ്പുസുൽത്താൻ ഈ പഞ്ചായത്തിൽ വന്നതിന്റെ ഓർമ്മ നിലനിർത്താൻ എന്നോണം ആവോലം കല്ലാച്ചി റോഡ് ടിപ്പുസുൽത്താൻ റോഡ് എന്ന പേരിലാണ് ഇപ്പോഴും അറിയപ്പെടുന്നത്. ഏകദേശം 10 നൂറ്റാണ്ടുകൾക്ക് മുമ്പ്തന്നെ ഇസ്ലാം മതപ്രചാരണത്തിനായി പണ്ഡിതരായ ''സൂഫിവര്യൻമാർ'' നമ്മുടെ നാട്ടിൽ എത്തിയിരുന്നതായി സൂചനകളുണ്ട് ചരിത്രത്തിൽ സ്ഥാനംപിടിച്ച ''പൂച്ചാക്കൽ ഓർ'' (അവർകൾ) എന്ന പണ്ഡിതൽ താമസിച്ചിരുന്ന ഭവനത്തിന് ഏതാണ്ട് 750 വർഷത്തെ പഴക്കമുണ്ട്. പ്രസ്തുത ഭവനം ഇന്നും നിലനിൽക്കുന്നു. നാദാപുരത്തെ ജുമാ-അത്ത് പള്ളിയിലെ ദർസ് കേരളത്തിലാകെ പ്രസിദ്ധമായിരുന്നു. ഇസ്ലാം മതപഠന രംഗത്ത് പൊന്നാനിയായിരുന്നു കേരളത്തിൽ ഒന്നാം സ്ഥാനത്ത്. നാദാപുരം ''രണ്ടാം പൊന്നാനി'' എന്നറിയപ്പെട്ടിരുന്നു. ഇസ്ലാം മത പ്രബോധനത്തിനായി ഇവിടെ വന്ന പണ്ഡിതൻമാർക്ക് ഹിന്ദുക്കൾ നൽകിയ കലവറയില്ലാത്ത സഹായത്തിന്റെ സൂചനകളും ഇപ്പോഴും ഇവിടെ കാണാം. മതസൗഹാർദ്ദത്തിന് പൗരാണിക കാലത്ത് ഈ പ്രദേശം പ്രസിദ്ധമായിരുന്നു.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ സ്വാധീനത്തിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. സ്വാതന്ത്ര്യ ദാഹത്തിന്റെ തീവ്രതയിൽ അന്ന് ബ്രിട്ടീഷ് ആധിപത്യത്തിലുള്ള മുൻസീഫ് കോടതി ബോംബ് വെച്ച് തകർക്കാനുള്ള സാഹസിക യത്നത്തിനുപോലും മുതിർന്ന ചരിത്രം ഇവിടെയുണ്ട്. ശ്രീ. കുനിയിൽ അപ്പക്കുറുപ്പായിരുന്നു അതിനു നേതൃത്വം കൊടുത്തത്. ബ്രിട്ടീഷ് പട്ടാളത്തെപ്പോലും വകവയ്ക്കാതെ ചില ധീരസാഹസികർ നടത്തിയ റജിസ്ട്രാഫീസ് പിക്കറ്റിംഗ് ഈ പ്രദേശത്ത് കോളിളക്കം സൃഷ്ടിച്ച മറ്റൊരു സംഭവമായിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എല്ലാം മറന്ന് എടുത്തുചാടിയ ശ്രീ. പി. രൈരുക്കുറുപ്പ്, ശ്രീ. പി. കൃഷ്ണൻനമ്പ്യാർ, ശ്രീ. എടവലത്ത് കുഞ്ഞാകരൻമാസ്റ്റർ, ശ്രീ. ചിങ്ങോത്ത് കുഞ്ഞിരാമൻനായർ എന്നിവർ നാദാപുരത്തിന്റെ അഭിമാനഭാജനങ്ങളാണ്.

ദേശീയ പ്രസ്ഥാനത്തിന്റെയും സാമൂഹ്യനവോത്ഥാന യത്നങ്ങളുടേയും ഫലമായി ജാതിക്കും അനാചാരങ്ങൾക്കുമെതിരായ നീക്കങ്ങളും നമ്മുടെ നാട്ടിലും ശക്തിപ്പെട്ടുവന്നു. സംഘടിത-കർഷക-കർഷക തൊഴിലാളി ബഹുജന പ്രസ്ഥാനങ്ങളും ശക്തിപ്രാപിച്ചുവന്നു. ഇതിന്റെയെല്ലാം പരിണതഫലമായി അന്നു ചുരുക്കം ചില വ്യക്തികളുടെ അധീനതയിലായിരുന്ന ഭൂസ്വത്തുക്കൾ പിൽക്കാലത്ത് വീതിക്കപ്പെട്ടു.

നിലവിലുള്ള ഭൂഉടമസ്ഥതയിൽ വന്ന മാറ്റത്തിന്റെ വിവരം പട്ടിക Iൽ ചേർക്കുന്നു.

(നാദാപുരം വില്ലേജ് ഓഫീസിലെ രേഖ)

പട്ടിക I

ഉടമസ്ഥരുടെ എണ്ണം						
1 – 10 സെൻറ്	10 – 25 സെൻറ്	25 – 50 സെൻറ്	50 – 100 സെൻറ്	1 – 2 ഏക്കർ	2 – 5 ഏക്കർ	5 ഏക്കറിനുമേൽ
950	1200	1300	1500	1200	150	5

1913ൽ ആണ് നാദാപുരത്ത് ആദ്യത്തെ എലിമെൻററി സ്കൂൾ സ്ഥാപിതമായത്. ബോർഡ് മാപ്പിള എൽ. പി. സ്കൂൾ എന്നായിരുന്ന അന്നത്തെ പേര്. അതാണ് ഇന്നത്തെ നാദാപുരം ഗവ: മാപ്പിള യു. പി. സ്കൂൾ. പയന്തോങ്ങിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് നടത്തിയിരുന്ന എലിമെൻററി സ്കൂളാണ് പിൽക്കാലത്ത് കല്ലാച്ചി ഗവ: യു. പി. സ്കൂളായി മാറിയത് തുടർന്ന് വിദ്യാഭ്യാസ രംഗത്ത് വന്ന വികസനത്തിൻെറ ഫലമായി ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്കൂൾ ഉൾപ്പടെ 2 ഹൈസ്കൂളുകളും 2 യു. പി. സ്കൂളുകളും 13 എൽ പി. സ്കൂളുകളുമുണ്ട്.

ആരോഗ്യരംഗത്ത് നമ്മുടെ പഞ്ചായത്തിൽ ഒരു ഗവ: ആശുപത്രി മാത്രമേ പണ്ട് കാലത്ത് ഉണ്ടായിരുന്നുള്ള എന്നാൽ ഇതിനു പുറമെ 5 സ്വകാര്യ അലോപ്പതി ആശുപത്രികളും ഒരു സഹകരണ ആശുപത്രിയും ഒരു ആയുർവേദ ആശുപത്രിയും ഹോമിയോ ചികിത്സാ കേന്ദ്രങ്ങളും ഒരു മൃഗചികിത്സാ കേന്ദ്രവും ഉണ്ട്.

സ്വന്തമായിവീടില്ലാത്ത നിരവധി കുടുംബങ്ങൾ മുൻകാലത്ത് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് 80% കുടുംബങ്ങൾക്കും ഏറെക്കുറെ സൗകര്യപ്രദമായ വീടുകളുണ്ട്. ഒരു കോൺക്രീറ് സംസ്കാരം നമ്മുടെ പഞ്ചായത്തിൽ വളർന്നുവന്നു കൊണ്ടിരിക്കുന്നു എന്നു പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഗതാഗത രംഗത്ത് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള വൻ മാറ്റത്തിനനുസൃതമായി നമ്മുടെ പഞ്ചായത്തിലും മാറ്റങ്ങൾവന്നിരിക്കുന്നു. വാഹനങ്ങളുടെ ബാഹുല്യംമൂലം ഈ ഗ്രാമപ്രദേശമിപ്പോൾ വീർപ്പുമുട്ടുകയാണ്.

ആശാസ്യമായ പല പുരോഗതികളും നാം നേടിയിട്ടുണ്ടെങ്കിലും ഇന്നു നമ്മുടെ പഞ്ചായത്തിൽ നല്ലൊരു വിഭാഗം വിവേകരഹിതമായ ഉപഭോഗസംസ്കാരത്തിലമർന്നിരിക്കുന്നു എന്നത് ആപൽസൂചനനൽകുന്നു. തെങ്ങും, നെല്ലും, കവുങ്ങും, കരുമുളകും, സമൃദ്ധമായി വളർന്നിരുന്ന നമ്മുടെ പഞ്ചായത്ത് ഇന്ന് കാർഷിക മേഖലയിൽ മുരടിപ്പിനെ നേരിട്ടുകൊണ്ടിരിക്കുകയാണ്. എംപ്ലോയിമെൻറ് എക്സ് ചേഞ്ചിൽ പേർ റജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന അഭ്യസ്ത വിദ്യരുടെ എണ്ണം പെരുകിവരുന്നു. അവസരമുണ്ടായിട്ടും വനിതകൾ പൊതുരംഗത്ത് പ്രവർത്തിക്കാൻ മടിച്ചുനിൽക്കുന്നു. ഈ നില ഒട്ടും തൃപ്തികരമല്ല. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ജനപങ്കാളിത്തത്തിലൂടെ ആശാവഹമായമാറ്റം കൊണ്ടുവരാൻ കഴിയുമെന്ന് ആശിക്കാം.

ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതിയനുസരിച്ച് നാടാപുരം പഞ്ചായത്തിനെ നാലായി തിരിക്കാം.

1. ഉയർന്ന സമതലങ്ങളും കുന്നുകളും 2. ചരിവു പ്രദേശം 3. താഴ്വരകൾ 4. താഴ്ന്ന സമതലങ്ങൾ

1. ഉയർന്ന സമതലങ്ങളും കുന്നുകളും

കിണന്ത്രം, അത്യോറ, പാലോഞ്ചാല എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നിൻപ്രദേശങ്ങൾ. കിണന്ത്രം കുന്നിന്റെ താഴ്വരയിലൂടെയാണ് വാണിമേൽ പുഴ ഒഴുകുന്നത്. 3 കുന്നുകളുടെ മുകൾഭാഗം കല്ലുനിറഞ്ഞ മൺപാളികളോടുകൂടിയതാണ്. ഇവിടങ്ങളിലെ പ്രധാനകൃഷി കശുമാവാണ്. കശുമാവുകൃഷി വികസനത്തിനുള്ള സാധ്യതകളും ഈ കുന്നിൻപ്രദേശങ്ങളിലുണ്ട്. ജലലഭ്യത കുറവാണ്. അണിയാരികുന്ന്, നായർകണ്ടി കുന്ന്, മഞ്ചാംപാറ, ആനക്കോയ, തയ്യുള്ളതിൽ, കക്കംവെള്ളി, ഈയ്യാക്കുടി, വേട്ടവാൻകോട്ട, കക്കാട്ടുപാറ എന്നിവയാണ് മറ്റ് ഉയർന്ന സമതലങ്ങൾ. ഈ പ്രദേശങ്ങളിൽ പൊതുവേ ചരൽ കലർന്ന ചെമ്മണ്ണ് ആണ് കാണപ്പെടുന്നത്. ഇടയ്ക്കിടയ്ക്ക് പാറക്കെട്ടുകളും ഉണ്ട്. ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളാണെങ്കിലും ഇവിടങ്ങളിൽ തെങ്ങുകൃഷി വ്യാപകമായുണ്ട്.

2. ചരിവു പ്രദേശങ്ങൾ

നമ്മുടെ പഞ്ചായത്തിലെ 40% ഭൂപ്രദേശങ്ങളും ചരിവുകളാണ്. ഈ പ്രദേശങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണ് ആണ് കാണപ്പെടുന്നത്. ഫലഭൂയിഷ്ഠമാണ് ഈ പ്രദേശങ്ങൾ. ഇവിടെ തെങ്ങ്, മാവ്, പിലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും അപൂർവ്വമായി ഇടവിളകളും ഉണ്ട്. വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്. ചെറിയ തോതിലുള്ള മണ്ണൊലിപ്പും ഉണ്ട്.

3. താഴ്വരകൾ

പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ 20%ത്തോളം താഴ്വരകളാണ്. മണൽ കലർന്ന ചെമ്മണ്ണ് ആണ് ഇവിടെ കാണപ്പെടുന്നത്. തെങ്ങ്, കവുങ്ങ് വാഴ എന്നിവ ഈ പ്രദേശങ്ങളിൽ കൃഷിചെയ്യപ്പെട്ടിരിക്കുന്നു. ഫലഭൂയിഷ്ഠമായ മണ്ണാണ്. ഭേദപ്പെട്ട ജലലഭ്യത ഉണ്ട്.

4. താഴ്ന്ന സമതലങ്ങൾ

മൊത്തം ഭൂവിസ്തൃതിയുടെ 15%ത്തോളം ഇത്തരം പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിൽ അധികവും നെൽവയലുകൾ നികത്തി എടുക്കപ്പെട്ടവയാണ്. വയലുകൾ നികത്താൻവേണ്ടി കൊണ്ടിട്ട ചെമ്മണ്ണ് ആവരണമാണ് മേലെയെങ്കിലും അടിഭാഗം ചെളിമണ്ണാണ്. വളരെ കുറച്ചു നെൽവയലുകൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ അവശേഷിക്കപ്പെടുന്നത്. നെല്ലുകൂടാതെ തെങ്ങുകൾ, കവുങ്ങ്, വാഴ എന്നിവയാണ് ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നത്. 5-ാം മേഖലയായ വടക്കൻ മദ്ധ്യദേശ മേഖലയിലാണ് (Northern Middle Land Zone) നാടാപുരം പഞ്ചായത്തിന്റെ സ്ഥാനം.

A. കാലാവസ്ഥ

സംസ്ഥാനത്തെ വർഷപാതത്തിന്റെ തോത് 3063 മി. മീ. ആയിരിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ മഴയുടെ അളവ് 3667 മി.മീ. ആണ്. ഇത് സംസ്ഥാന വർഷപാതത്തിന്റെ അളവിലും മീതെയാണ്. നമുക്ക് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂലൈ മാസത്തിലും കുറഞ്ഞ അളവിൽ മഴ ലഭിക്കുന്നത് ഫിബ്രുവരി മാസത്തിലുമാണ്. ഫിബ്രുവരിയിൽ 7 മി. മീ. മഴ ലഭിക്കുമ്പോൾ ജൂലൈയിൽ 2020 മി മീ. ലഭിക്കുന്നു. തെക്കു പടിഞ്ഞാറൻ മൺസൂൺ (ഇടവപ്പാതി) വടക്കു കിഴക്കൻ മൺസൂൺ (തുലാവർഷം) കാലങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. തുലാവർഷത്തിൽ ലഭിക്കുന്ന മഴയുടെ അളവ് 557 മി.മീ. ആണ്. ചിങ്ങം, കന്നി മാസങ്ങളിലും വൃശ്ചികം, കുംഭം മാസങ്ങളിലും ഇടമഴ ലഭിക്കാറുണ്ട്. കൂടിയ ചൂട് ഏപ്രിൽ മാസത്തിലും കുറഞ്ഞ ചൂട് ജനുവരി മാസത്തിലുമാണ് അനുഭവപ്പെടുന്നത്. കൂടിയ ചൂട് 30.8° സെൽഷ്യസും കുറഞ്ഞ ചൂട് 22.2° സെൽഷ്യസും ആണ്.

B. ജലലഭ്യത

സംസ്ഥാനാടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ താരതമ്യേന കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന വാണിമേൽ പുഴ, പഞ്ചായത്തിൽതന്നെയുള്ള കുളങ്ങരത്ത് മുതൽ വണ്ണാറത്ത്താഴെ വരെയുള്ള തോട്, മാരങ്ങാട്ട്തോട്, ചേറുവട്ടി തോട്, കുമ്മങ്കോട്തോട്, കക്കംവെള്ളിതോട്, വരിക്കോളി തോട് എന്നിവയും. നൂറോളം കുളങ്ങളും ഉൾക്കൊള്ളുന്നതാണ് നാടാപുരം പഞ്ചായത്തിലെ ഉപരിതല ജലശ്രോതസ്സ്. മൊത്തം 15 കി. മീ. ആണ് തോടുകളുടെ ആകെ നീളം. ജലസേചനാവശ്യാർത്ഥം തോടുകളോ കുളങ്ങളോ ഫലപ്ര

ദമായി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല താരതമ്യേന മെച്ചപ്പെട്ട ഭൂഗർഭജല സമ്പത്ത് നമ്മുടെ പഞ്ചായത്തിലുണ്ട്. താഴ്വര പ്രദേശങ്ങളിൽ ഭൂനിരപ്പിൽനിന്നും 3 മീ. ആഴത്തിലേ വെള്ളം ലഭിക്കുന്നുള്ളൂ. പതിനേഴ് ഇരുപത് മീറ്ററിൽ കൂടുതൽ ആഴത്തിൽ മാത്രം ജലം ലഭിക്കുന്ന കിണറുകൾ, പാലോഞ്ചാല, അത്യോറ പ്രദേശങ്ങളിൽ വേനൽ കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാറുണ്ട്: ചില സമതലങ്ങളിലും വളരെ ആഴത്തിൽ കിണർ കുഴിക്കേണ്ടി വരുന്നുണ്ട്.

C. മണ്ണ്

കുന്നിൻ മുകളിൽ കല്ലുനിറഞ്ഞ മൺപാളികളാണുള്ളത്. ഈ പ്രദേശങ്ങളിൽ ഫലഭൂയിഷ്ഠി കുറവാണ്. കുന്നിൻ ചരിവുകളിൽ ചരൽ നിറഞ്ഞ ചെമ്മണ്ണാണ്. താരതമ്യേന ഫലഭൂയിഷ്ടമാണ് ഈ മണ്ണ്. സമതലങ്ങളിൽ വളക്കൂറുള്ള ചെമ്മണ്ണാണ് കാണപ്പെടുന്നത്. താഴ്വരകളിൽ മണൽ കലർന്ന ചെമ്മണ്ണും വയൽ പ്രദേശത്ത് ചെളിമണ്ണുമാണ് ഉള്ളത്. കശുമാവ്, തെങ്ങ്, ഫലവൃക്ഷങ്ങൾ ഇടവിളകൾ എന്നിവയ്ക്കൊക്കെ ഈ പ്രദേശത്തെ മണ്ണ് ഉപയുക്തമാണ്. നീർവാർച്ചയുള്ള പ്രദേശങ്ങളാണ് കൂടുതലും. എന്നാൽ വരിക്കോളി നീർക്കെട്ട് പ്രദേശമാണ്.

D. ഭൂവിനിയോഗം

പഞ്ചായത്തിലെ ആകെ ഭൂവിസ്തൃതി 1566.75 ഹെക്ടറാണ്. ഇതിൽ മൊത്തം 1552 ഹെ. കൃഷിഭൂമിയാണ്. 1530 ഹെ. തെങ്ങുകൃഷിയും മറ്റു ഇടവിളകളുമാണ്. 14 ഹെ. തരിശുഭൂമിയുള്ളതിൽ 7 ഹെ. കൃഷിയോഗ്യമാക്കാവുന്നതാണ്. മുക്കാൽ ഹെ. ഭൂമി പുറമ്പോക്കുമുണ്ട്. നെൽവയലുകളുടെ വിസ്തീർണ്ണം വളരെ കുറഞ്ഞുപോയിരിക്കുന്നു. തെങ്ങാണ് പഞ്ചായത്തിലെ മുഖ്യ കൃഷി. മറ്റു വൃക്ഷവിളകളും കുറഞ്ഞതോതിലേയുള്ളൂ. കശുമാവും നെൽകൃഷിയും നാമമാത്രമായി നിലനിൽക്കുന്നു. വൃക്ഷങ്ങളും വള്ളിച്ചെടികളും നിറഞ്ഞ കാവുകളും മൈതാനങ്ങളും ചുരുങ്ങിയതോതിലാണെങ്കിലും ഇവിടെയുണ്ട്.

E. ജൈവസമ്പത്ത്

തെങ്ങ്, കവുങ്ങ്, ആനപ്പന തുടങ്ങിയ കല്പവൃക്ഷങ്ങളും, പിലാവ്, മാവ്, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും, പാല, ഏഴിലംപാല, ചെമ്പകം തുടങ്ങിയ സുഗന്ധ പുഷ്പങ്ങളും വിരിയുന്ന വൃക്ഷങ്ങളും, മുരിക്ക്, പൂള, ഉപ്പില, കരിമുരിക്ക് തുടങ്ങിയ കാതലില്ലാത്ത വൃക്ഷങ്ങളും, പേര, ചാമ്പ തുടങ്ങിയ ഇഷ്ടഫലങ്ങളും ഉല്പാദിപ്പിക്കുന്ന വൃക്ഷങ്ങളും, കാഞ്ഞിരം, ചേര് തുടങ്ങിയ ഔഷധ വൃക്ഷങ്ങളും, ബ്രഹ്മി, കുറുന്തോട്ടി, കടലാടി, കഞ്ഞണ്ണി, ആടലോടകം, അശ്വഗന്ധ തുടങ്ങിയ ഔഷധ സസ്യങ്ങളും, വിവിധയിനം തുളസിച്ചെടികളും, ചേമ്പ്, ചേന, മരച്ചീനി, കാച്ചിൽ തുടങ്ങിയ ഇടവിള കൃഷികളും, മഞ്ഞൾ, ഇഞ്ചി തുടങ്ങിയ സുഗന്ധവിളകളും, കയ്പ്പ, ചീര, വെണ്ട, വെള്ളരി തുടങ്ങിയ പച്ചക്കറികളും, വൈവിധ്യമുള്ള ജന്തുജാലങ്ങളും, വിവിധ തരം വളർത്തു പക്ഷികളും, കാട്ടുപക്ഷികളും, തുമ്പികളും, പൂമ്പാറ്റകളും എന്നിങ്ങനെ സമൃദ്ധമായ ഒരു ജൈവസമ്പത്താണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

F. മനുഷ്യവിഭവം

ജനസാന്ദ്രതയേറിയ ഒരു പഞ്ചായത്താണ് നമ്മുടേത്. 1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 35245 ആണ്. (17000 പുരുഷന്മാർ, 18245 സ്ത്രീകളും) 1981ലെ സെൻസസ് പ്രകാരം ജനസംഖ്യ 29462 ആയിരുന്നു. (പുരുഷന്മാർ 14153, സ്ത്രീകൾ 15309). 1981 മുതൽ 1991 വരെയുള്ള 10 വർഷം കൊണ്ട് ജനസംഖ്യയിൽ 5783 പേരുടെ വർദ്ധനവുണ്ടായിട്ടുണ്ട്. പുരുഷന്മാരുടെ വർദ്ധനവ് 2847ഉം സ്ത്രീകളുടേത് 2936ഉം ആണ്. പത്ത് വർഷം കൊണ്ട് ജനസംഖ്യയിലുള്ള വർദ്ധനവ് 19.62%, പുരുഷജനസംഖ്യാ വർദ്ധനവ് 20.11%, സ്ത്രീജനസംഖ്യാ വർദ്ധനവ് 19.17% എന്നിങ്ങനെയാണ്. സംസ്ഥാനത്തെ ജനസംഖ്യാ വളർച്ചയുമായി താരതമ്യപ്പെടുത്തിയാൽ നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യാ വർദ്ധനവ് കൂടുതലാണ്. ചെറിയൊരു ശതമാനം ജനങ്ങൾ കുടുംബക്ഷേമപ്രവർത്തനങ്ങളുമായി സഹകരിക്കാത്തതാണ് ഇതിനു കാരണം.

1991ലെ സെൻസസ് കണക്കുകൾ പ്രകാരം നമ്മുടെ ജനസംഖ്യയിൽ 25593 പേർ സാക്ഷരരും 9652 പേർ നിരക്ഷരരുമാണ്. ജനസംഖ്യയുടെ 27.38% പേർ നിരക്ഷരരാണ് എന്നത് വളരെ ഗൗരവപൂർവ്വം കാണേണ്ടതാണ്.

നമ്മുടെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് 20% പേർക്ക് കൃഷി, നിർമ്മാണരംഗം, കച്ചവടം, വ്യവസായം, സേവനമേഖല തുടങ്ങി വിവിധ രംഗങ്ങളിലായി പൂർണ്ണമായി തൊഴിൽ ലഭിക്കുന്നുണ്ട്. ശേഷിച്ച 80%ത്തിൽ ഭാഗികമായി തൊഴിലുള്ളവർ, തൊഴിൽ രഹിതർ, വൃദ്ധന്മാർ, ശിശുക്കൾ, വിദ്യാർത്ഥികൾ എന്നിവരെല്ലാം ഉൾപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ നല്ലൊരു വിഭാഗം

ആളുകളും തൊഴിൽ രഹിതരാണ്. പ്രാഥമിക, സെക്കണ്ടറി വിദ്യാഭ്യാസം നേടിയവർ മുതൽ ബിരുദവും ബിരുദാനന്തര ബിരുദവും പ്രൊഫഷണൽ സാങ്കേതിക യോഗ്യതകളും നേടിയവരും വരെ ഇതിൽ ഉൾപ്പെടുന്നു. ആയിരക്കണക്കിന് വരുന്ന ആളുകളും ഗൾഫ് നാടുകളും ഉൾപ്പെടെ മറുനാടുകളിൽ ജോലിതേടി പോയിട്ടുണ്ട്. ശ്രുക്ഷമായ തൊഴിലില്ലായ്മക്ക് അല്പമൊരു ആശ്വാസം വിദേശ തൊഴിലവസരങ്ങളും വഴി ഉണ്ടായിട്ടുണ്ട്.

കൃഷിക്കാരും കർഷക തൊഴിലാളികളും കച്ചവടക്കാരും ആണ് നമ്മുടെ തൊഴിൽ ശക്തിയുടെ മുഖ്യ ഘടകം. അദ്ധ്യാപകർ, എൻ. ജി. ഒ. മാർ തുടങ്ങി സേവന മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം തരതമ്യേന കുറവാണ്. നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ആളുകളും ജോലി തേടുന്നത് കാർഷികമേഖലയിലാണ്. കൂടാതെ നിർമ്മാണ മേഖലയിലും ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്. ഈയടുത്ത കാലത്തായി നിർമ്മാണ മേഖലയിൽ തൊഴിലവസരങ്ങളും വർദ്ധിച്ചു വരുന്നതായി കാണുന്നു. വർദ്ധിച്ചു വരുന്ന കോൺക്രീറ് സംസ്കാരമാണിതിനുകാരണം

കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയ്ക്കായി മനുഷ്യവിഭവം ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു പുതിയ വികസന സംസ്കാരം നമുക്ക് വളർത്തിയെടുക്കേണ്ടതുണ്ട്.

)(

കൃഷിയും ജലസേചനവും

കാർഷിക വൃത്തിയുമായി അഭേദ്യ ബന്ധമുള്ള ഒരു സംസ്കാരമായിരുന്ന ഈ നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിൽ നാദാപുരം പഞ്ചായത്തിൽ നിലനിന്നിരുന്നത്. കേരളത്തിലെ പേരുകേട്ട നാളീകേര ഉല്പാദന മേഖലയിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ 1552 ഹെക്ടർ കൃഷിഭൂമിയാണ് ഉള്ളത്. ഇതിൽ 1530 ഹെക്ടർ തെങ്ങിൻ തോപ്പും 22 ഹെക്ടർ നെൽവയലുകളുമാണ്. 14 ഹെക്ടർ ഭൂമി തരിശാണ്. ഇതിൽ 7 ഹെക്ടർ കൃഷിയോഗ്യമായ ഭൂമിയാണ്. ഏകദേശം 3 ലക്ഷത്തോളം തെങ്ങുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്.

തെങ്ങിൻതോപ്പുകൾ ഇടകലർന്ന് കവുങ്ങ്, കുരുമുളക്, വാഴ, മരച്ചീനി, ചേമ്പ്, ചേന, കാച്ചിൽ, പയർ, മുത്താറി എന്നിവ കൃഷി ചെയ്തിരുന്ന പാരമ്പര്യമായിരുന്ന നമുക്കുണ്ടായിരുന്നത്. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ കിണന്വ, അത്യോറ, പാലോഞ്ചാല എന്നീ പ്രദേശങ്ങളിൽ കശുമാവ് കൃഷിചെയ്തു വരുന്നു. കൂടാതെ പ്ലാവ്, മാവ്, തുടങ്ങിയ ഫലവൃക്ഷങ്ങളും സുലഭമായിരുന്നു. പഞ്ചായത്തിലെ പ്രധാന വിളയായ തെങ്ങിന്റെ കാര്യത്തിൽ ഉൽപ്പാദനക്ഷമത സംസ്ഥാന ശരാശരിക്കും മീതെയാണ്. ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ അല്ലെങ്കിലും അനുഭവത്തിന്റെ വെളിച്ചത്തിൽ നമ്മുടെ പഞ്ചായത്തിലെ മണ്ണ് നാളീകേര കൃഷിക്ക് ഏറ്റവും അനുയോജ്യമാണെന്നാണ് പരമ്പരാഗത കർഷകരുടെ അഭിപ്രായം. മണ്ണിന്റെ ഈ ഗുണവും കൃത്യമായ ഇടയകലം പാലിച്ചുകൊണ്ടുള്ള കൃഷിരീതിയും നാളീകേരത്തിന്റെ ഉൽപ്പാദനക്ഷമത മെച്ചപ്പെടാൻ കാരണമായിട്ടുണ്ട്. എന്നാൽ ഈ അനുകൂല ഘടകങ്ങൾക്കനുസൃതമായി ഉണ്ടാകേണ്ട ഉല്പാദനവർദ്ധനവ് നമുക്ക് നേടാൻ കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന മേനി നിലനിർത്താൻ കഴിയുന്നുമില്ല എന്നാണ് കർഷകരുടെ അഭിപ്രായം. പഞ്ചായത്തിന്റെ തെക്കുകിഴക്കുഭാഗത്തുള്ള നീർക്കെട്ട് താഴ്ന്ന പ്രദേശങ്ങളിലെ തെങ്ങുകൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ക്രമുപിയൽ, കറവാർച്ച (ചെന്നീരൊലിപ്പ്) തുടങ്ങിയ രോഗങ്ങളും പ്രതികൂല ഘടകങ്ങളാണ്. തെങ്ങ് കൃഷിക്ക് അവലംബിച്ചിരുന്ന പരമ്പരാഗത കൃഷിരീതി സമീപകാലത്ത് ഉപേക്ഷിച്ചതും മേനി കുറവിന് കാരണമായിട്ടുണ്ട്.

ഒരു കാലത്ത് വിസ്തൃതമായ നെൽപാടങ്ങളാൽ അലംകൃതമായിരുന്ന നമ്മുടെ പഞ്ചായത്ത്. നെൽവയലുകൾ നികത്തി പറമ്പുകളാക്കി മാറ്റുന്ന പ്രവണത കഴിഞ്ഞ ഏതാനും ദശകങ്ങളിൽ വ്യാപകമായി വളർന്നു വന്നതോടെ വിസ്തൃതമായ നെൽപ്പാടങ്ങൾ മിക്കതും അപ്രത്യക്ഷമായി തുടങ്ങി. അവശേഷിക്കുന്ന നെൽവയലുകളിലാകട്ടെ കൃഷിചെയ്യുന്നത് കുറഞ്ഞു വരികയും ചെയ്തു. നെൽകൃഷി പ്രായേണ അനാദായകരമായതും കൃഷിചെയ്യുന്നത് കുറയാൻ കാരണമായിട്ടുണ്ട്. ഇടവിളകളും തെങ്ങുകൃഷിയും കൂടുതൽ ആദായകരമായിരുന്നതിനാൽ വയൽ നികത്താനുള്ള പ്രവണത വ്യാപകമായി വളർന്നു വന്നു. നെൽവയലുകളെ അപേക്ഷിച്ച് പറമ്പുകൾക്ക് വൻ വില ലഭിക്കുന്നു എന്നതും വർദ്ധിച്ചു വരുന്ന പാർപ്പിട പ്രശ്നവും നെൽവയലുകൾ നികത്തുന്നതിന് കൂടുതൽ പ്രചോദനമായി. നിലവിലുള്ള നെൽപ്പാടങ്ങളിൽ ആവശ്യാനുസരണം ജലലഭ്യത ഇല്ലാത്തതും വിദഗ്ദ കർഷകതൊഴിലാളികളുടെ ദൗർലഭ്യവും രാസവളങ്ങളുടെ അമിതമായ വിലവർദ്ധനവും ജൈവ വളങ്ങളുടെ അപര്യാപ്തതയും നെൽപ്പാടങ്ങൾ തരിശിടുന്നതിന് കാരണമായിട്ടുണ്ട്.

എഴുപതുകളിൽ വരെ പയർവർഗ്ഗങ്ങൾ, മരച്ചീനി, വാഴ, ചേമ്പ്, ചേന, കാച്ചിൽ, നനക്കിഴങ്ങ്, മുത്താറി, വിവിധതരം പച്ചക്കറികൾ തുടങ്ങിയ ഇടവിളകളാൽ സമൃദ്ധമായ നമ്മുടെ പഞ്ചായത്തിൽനിന്നും ഇടവിളകളും പച്ചക്കറികളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. നെൽവയലുകളിൽ കൊയ്തിനുശേഷം വെള്ളരി, കയ്പ, മത്തൻ, പടവലം, ചീര, പച്ചമുളക് എന്നീ പച്ചക്കറികൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കൂട്ടായ്മയോടെ കൃഷിചെയ്തിരുന്ന മഹത്തായ ഒരു സംസ്കാരം നമുക്ക് ഉണ്ടായിരുന്നു. കൂട്ടുകൃഷിയുടെ ഭാഗമായി വളർന്നുവന്ന സൗഹൃദാന്തരീക്ഷം നാട്ടിൽ നിലനിന്നിരുന്നു. കൂടാതെ കാലാവസ്ഥയ്ക്കനുസൃതമായി പുരയിടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്ന പതിവും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഉപഭോഗസംസ്കാരത്തിന്റെ പിടിയിലമർന്ന പുതിയ തലമുറ മഹനീയമായ നമ്മുടെ പാരമ്പര്യം ഉപേക്ഷിച്ചു. ഏല്ലാറ്റിനും കമ്പോളത്തെ ആശ്രയിക്കുന്ന തെറ്റായ പ്രവണതയ്ക്ക് വഴിപ്പെട്ടിരിക്കുന്നു. ഇത് മൂലം നമുക്ക് ആവശ്യമായ പച്ചക്കറികൾക്കുവേണ്ടി മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. ഇതിനാൽ പഞ്ചായത്തിൽ തന്നെ ഉപയോഗിക്കേണ്ടിയിരുന്ന ഗണ്യമായ വരുമാനം പുറത്തേക്ക് ഒഴുകിപോകുന്ന അവസ്ഥവന്നു.

10 ഹെക്ടർ സ്ഥലത്ത് നമ്മുടെ പഞ്ചായ

ത്തിൽ വാഴകൃഷിനടക്കുന്നുണ്ട്. നാടൻ വാഴകളും നേന്ത്രവാഴകളും ധാരാളമായി കൃഷിചെയ്യുവരുന്നു. നാടൻ വാഴകളുടെ ഇനത്തിൽ മൈസൂർ, കദളി എന്നീ വാഴകളാണ് സർവ്വസാധാരണമായി കാണപ്പെട്ടുന്നത്. പാളയംകോടൻ, പൂവൻ എന്നിവയും കാണപ്പെടുന്നുണ്ട്. കൂട്ടായ്മയോടെ പല സ്ഥലങ്ങളിലും നേന്ത്രവാഴകൃഷി നടന്നുവരുന്നുണ്ട്. നേന്ത്രവാഴക്ക് തിരുളടപ്പ് രോഗം വ്യാപകമായി പിടിപെട്ടതോടെ കർഷകർക്ക് വൻതോതിൽ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. കാലവർഷക്കെടുതിയും വാഴകൃഷിയുടെ നാശത്തിനു കാരണമാകുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യഭക്ഷ്യവസ്തുക്കളിൽ ഒന്നാണ് മരച്ചീനി. 'കർഷകബിരിയാണി' എന്ന ഒരു ഓമനപ്പേരും ഇതിനുണ്ട്. എല്ലാ വീട്ടുവളപ്പുകളിലും പണ്ട് മരച്ചീനി കൃഷി സമൃദ്ധമായിരുന്നു, ഇതിനുപുറമെ കൂട്ടായ്മയോടെ വിസ്തൃതമായ പറമ്പുകളിൽ കൃഷിനടത്തിപോന്ന പതിവും ഉണ്ടായിരുന്നു. ഇപ്പോൾ കേവലം 8 ഹെക്ടർ സ്ഥലത്തുമാത്രമാണ് മരച്ചീനി കൃഷി നടക്കുന്നത്. അതുകൊണ്ട്തന്നെ മരച്ചീനിയുടെ കാര്യത്തിൽ മറ്റുപ്രദേശങ്ങളെ ആശ്രയിക്കേണ്ട ദുസ്ഥിതിയാണ് ഇപ്പോഴുള്ളത്.

കവുങ്ങ്കൃഷി മുൻകാലങ്ങളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ വളരെ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ അത്യുല്പാദനശേഷിയുള്ള കവുങ്ങിൻതൈകളുടെ വ്യാപകമായ ഉപയോഗം ഇനിയും ഉണ്ടായിട്ടില്ല ഒരുകാലത്ത് പഞ്ചായത്തിലെമ്പാടുമുള്ള, വീട്ടുവളപ്പിൽ നിറഞ്ഞുനിന്നിരുന്ന കുരുമുളക്കൃഷി ഇന്ന് നാമമാത്രമായിരിക്കുന്നു. വിവിധയിനം കുരുമുളകുകൾ നിറഞ്ഞുനിൽക്കുന്ന ഐശ്വര്യപൂർണ്ണമായ കാഴ്ച എവിടെയും കാണാമായിരുന്നു. ദ്രുതവാട്ടം എന്ന രോഗം കുരുമുളക്കൃഷിയെ പാടേ നശിപ്പിച്ചിരിക്കുന്നു. പ്രസ്തുത രോഗനിവാരണത്തിനു ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല എന്ന് കർഷകർ പരാതിപ്പെട്ടുകൊണ്ടിരിക്കുന്നു.

പട്ടിക 2

വിള വിസ്തീർണ്ണവും ഉൽപ്പാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	22 ഹെ.	17600 കി. ഗ്രാം	800 കി. ഗ്രാം.
നെല്ല് (രണ്ടാം വിള)	—	—	—
നെല്ല് (മൂന്നാം വിള)	—	—	—
പയർ	12 ഹെ.	3600 കി. ഗ്രാം.	300 കി. ഗ്രാം
പച്ചക്കറികൾ	5 ഹെ.	—	—
തെങ്ങ്	1530 ഹെ.	38 ലക്ഷം	6000 തേങ്ങ
വാഴ	10 ഹെ.	175 ടൺ	6 കി. ഗ്രാം
മരച്ചീനി	8 ഹെ.	6.4 ടൺ	—
കുരുമുളക്	34 ഹെ.	12 ടൺ	—
കുരുമുളക്	70 ഹെ.	14 ടൺ	2 കി. ഗ്രാം (1 വള്ളി)
കവുങ്ങ്	320 ഹെ.	13 ടൺ	—

പട്ടിക 3

പണി പൂർത്തിയായ ജലസേചനപദ്ധതിയുടെ വിവരണം

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം (ഹെ)	മറ്റു വിവരങ്ങൾ
1	2	3	4	5	6	7
1	നാടാപുരം ഫീൽഡ് ബോത്തി	—	—	—	52 ഹെ.	—
2	കുറ്റിപ്പുറം ഫീൽഡ് ബോത്തി	—	—	—	44 ഹെ.	—
3	കുമ്മങ്കോട് ഫീൽഡ് ബോത്തി	—	—	—	39.94 ഹെ.	—
4	തുണേരി ബ്രാഞ്ച് കനാലിന്റെ ഒരുഭാഗം	—	—	—	—	—
5	കുറ്റിപ്പുറം FB IInd റീച്ച്	—	—	—	30 ഹെ.	—
6	കരുവശ്ശേരി ബണ്ടിന്റെ താഴെ ഭാഗം പാർശ്വഭിത്തി സംരക്ഷണം	1994	1994	2 ലക്ഷം	—	—

പട്ടിക 4

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികളും

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം (ഹെ)	എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക	ലക്ഷ്യം
1	2	3	4	5
1	പാറയിൽ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം		2 ലക്ഷം	കൃഷിയിടം സംരക്ഷിക്കൽ
2	കുറുമ്പത്ത് താഴ മുതൽ വണ്ണാറത്ത് താഴ വരെയുള്ള തോടിന്റെ ജലനിർഗ്ഗമന ശേഷി വർദ്ധിപ്പിക്കൽ	20	4 ലക്ഷം	കൃഷിയിടം സംരക്ഷിക്കൽ
3	കുമ്മങ്കോട് മുതൽ കക്കംവെള്ളി പാലം വരെയുള്ള പുളിക്കൽ തോടിന്റെ ജലനിർഗ്ഗമനശേഷി വർദ്ധിപ്പിക്കൽ	20	4 ലക്ഷം	കൃഷിയിടങ്ങൾ സംരക്ഷിക്കൽ

കാലവർഷത്തെ ആശ്രയിച്ചുള്ള കൃഷിയാണ് നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്നത്. ജലസേചന സമ്പ്രദായം ഉപയോഗപ്പെടുത്തിയുള്ള കൃഷി നാമമാത്രമാണ്. വിണിയൂർ തോടിൽ നിർമ്മിച്ചിട്ടുള്ള പാറയിൽ–കുമ്മങ്കോട് ചീർപ്പുകളും, കക്കംവെള്ളി ചീർപ്പും, ഇയ്യങ്കോട് സാമൂഹ്യ ജലസേചന പദ്ധതിയുമല്ലാതെ ഫലപ്രദമായ മറ്റു ജലസേചന പദ്ധതികളൊന്നും നിലവിലില്ല. ഉള്ളവ തന്നെ വേണ്ടത്ര പര്യാപ്തമല്ല. കുറ്റ്യാടി പദ്ധതിയുടെ ഭാഗമായ കൈകൊനാൽ നമ്മുടെ പഞ്ചായത്തിൽ 3, 4, 5, 6, 7, 10, 12, 13 എന്നീ വാർഡുകളെ സ്പർശിച്ചുകൊണ്ട് കടന്നുപോകുന്നുണ്ടെങ്കിലും കൃഷിയാവശ്യത്തിനു വേണ്ടത്ര ഉപയുക്തമല്ല. കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ഒരളവുവരെ സഹായമാകുന്നുണ്ടെന്നു പറയാം. ചേലക്കാട് പാത്തോത്ത് താഴമുതൽ കക്കംവെള്ളി വണ്ണാറത്ത് താഴ വരെ ഏകദേശം 5 കി. മീ. നീളത്തിൽ കിഴക്കുനിന്നു പടിഞ്ഞാറോട്ട് ഒഴുകുന്ന ഒരു തോട്ടം വിലാതപുരം മുതൽ പഞ്ചായത്തിന്റെ പടിഞ്ഞാറു വശത്തുകൂടി ഒഴുകി വണ്ണാറത്ത് താഴവെച്ച് ഇതുമായി കൂടിച്ചേരുന്ന മറ്റൊരു തോട്ടം ഉണ്ട്. ഇവയ്ക്ക് പാർശ്വഭിത്തി ഇല്ലാത്തതിനാലും ചെക്ക് ഡാമുകളും ഇല്ലാത്തതിനാലും വ്യാപകമായി മണ്ണൊലിച്ചു പോവുകയും മണ്ണൊലിപ്പിന്റെ ഫലമായി കൃഷിയിടങ്ങളിലെ വളക്കൂറുള്ള മണ്ണ് നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്നുണ്ട്. കൂടാതെ തോട്ടകളുടെ ആഴം കുറഞ്ഞ് ജലസംഭരണ ശേഷി നഷ്ടമാകുന്നു. പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള മാരങ്ങാട് തോടിനും ആവശ്യത്തിനു ചെക്ക്ഡാമുകളും ഇല്ലാത്ത അവസ്ഥയുണ്ട്. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറ് ഭാഗത്തുള്ള പുതുശ്ശേരിതാഴ ചേറുവെട്ടിതോട് അനുദിനം നപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനാൽ മഴക്കാലത്ത് വെള്ളം കയറുകയും കൃഷിനാശം സംഭവിക്കുകയും പതിവായിട്ടുണ്ട്. പഞ്ചായത്തിന്റെ വടക്കു വശത്ത് വാണിമേൽ പാലം മുതൽ മഞ്ചേരിക്കടവ് വരെയുള്ള വാണിമേൽ പുഴയ്ക്ക് വശങ്ങളിൽ ഭിത്തികെട്ടാത്തതുമൂലമുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നു. പഞ്ചായത്തിൽ വിവിധ വാർഡുകളിലായി സ്വകാര്യ ഉടമസ്ഥതയിലുള്ള 100ഓളം കുളങ്ങളും ഉള്ളതായി കണക്കാക്കപ്പെട്ടുന്നു ഈ ജലസമ്പത്ത് ഫലപ്രദമായി കൃഷിക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കാർഷിക പ്രാധാന്യമുള്ള ഈ പഞ്ചായത്തിലെ ഒരു വാർഡുപോലും നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടില്ല.

കാർഷിക മേഖലയിലെ ഇന്നത്തെ പ്രതിസന്ധികളെക്കുറിച്ച് പരിശോധിക്കുമ്പോൾ താഴെപറയുന്ന ഘടകങ്ങളും പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്.

കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം കാർഷികരംഗത്തെ പ്രതിസന്ധിക്ക് പ്രധാനപ്പെട്ട ഒരു കാരണമാണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കൃഷിക്കാരും ഒരു ഹെക്കറിനു താഴെമാത്രം ഭൂമി കൈവശമുള്ളവരാണ് (നാമമാത്ര കർഷകർ) (ഉദ്ദേശം 3106) ഒരു ഹെക്ടറിനും 2 ഹെക്ടറിനും താഴെ ഭൂമി കൈവശമുള്ളവരുടെ എണ്ണം 1142 ആണ് (ചെറുകിട കർഷകർ). 2 ഹെക്ടറിനു മുകളിൽ ഭൂമി കൈവശമുള്ളവർ വെറും 3 പേർ മാത്രമാണ് (വൻകിട കർഷകർ). ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർതന്നെ അധികവും 10 സെന്റ് മുതൽ 30 സെന്റ് വരെ കൈവശമുള്ളവരാണ്. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം കാർഷികവൃത്തിയെ പ്രതികൂലമായി ബാധിക്കുന്നു. കൃഷിഭൂമി കൈവശമുള്ളവർ തന്നെ ഇതര ജോലികളിൽനിന്നുള്ള വരുമാനത്തെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഇത്തരക്കാർക്ക് കൃഷിയിൽ ശ്രദ്ധിക്കാൻ സമയമോ താൽപ്പര്യമോ ഇല്ലാത്തത് കാർഷിക രംഗത്തെ മുരടിപ്പിനു ഒരു പ്രധാന കാരണമാകുന്നു.

ഈ പഞ്ചായത്തിലെ ഏകദേശം 8000ത്തോളം പേർ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. 2000ത്തോളം പേർ ഉപജീവനാർത്ഥം മറ്റു സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നു. ഇവർ നാട്ടിലേക്ക് അയക്കുന്ന പണത്തിന്റെ സിംഹഭാഗവും കെട്ടിടനിർമ്മാണ മേഖലയിലാണ് ചെലവാക്കുന്നത്. അതുകൊണ്ട് ഒരു കോൺക്രീറ്റ് കെട്ടിട സംസ്കാരംതന്നെ നമ്മുടെ നാട്ടിൽ വളർന്നുവരുന്നു. ഇതിനാൽ നിർമ്മാണമേഖലയിൽ താരതമ്യേന ഉയർന്ന ജോലിസാധ്യതയും വേതന നിരക്കും ഉണ്ട്. തൊഴിൽശക്തി പ്രസ്തുത മേഖലയിൽ കേന്ദ്രീകരിക്കപ്പെടുന്നതിനാൽ കാർഷിക വൃത്തിക്ക് തൊഴിലാളികളെ കിട്ടാത്ത അവസ്ഥ സംജാതമായിരിക്കുന്നു. ഇതോടൊപ്പം വിദേശ പണം ലഭിക്കുന്ന ഭൂഉടമകളും കാർഷിക മേഖലയെ അവഗണിക്കുന്ന അവസ്ഥയും ഉണ്ട്.

കാർഷിക മേഖലയിലെ പ്രധാന കണ്ണികളാണ് കർഷകരും കർഷക തൊഴിലാളികളും. അതുകൊണ്ട് അവർ ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്. കർഷക തൊഴിലാളികൾക്ക് നമ്മുടെ പഞ്ചായത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കൂലി നിരക്ക് പട്ടിക 5ൽ ചേർത്തിരിക്കുന്നു.

പട്ടിക 5

ഇനം	പുരുഷൻ	സ്ത്രീ
ഉഴുത്ത കൂലി	120 രൂ+ചായ	—
കിളപ്പണി	55 രൂ+ചായ	—
നാട്ടിപ്പണി	—	55 രൂപ+ചെലവ്
കൃഷിപ്പണി	—	45 രൂപ+ചായ
ഓലമടച്ചൽ	—	25 രൂപ (25 മടലിന്)
തെങ്ങുകയറ്റം	10 തെങ്ങിന് 6 തേങ്ങ	—
തേങ്ങ ഉരി	80 രൂപ (1000 തേങ്ങ)	—

പരമ്പരാഗത കൃഷിസമ്പ്രദായമാണ് നമ്മുടെ നാട്ടിൽ പൊതുവേ കണ്ടുവരുന്നത്. എന്നാൽ കൃഷിയിടങ്ങളം കിളക്കുന്നതിലും പച്ചിലവളങ്ങളം, ചാണകം, പിണ്ണാക്ക് എന്നിവ ഉപയോഗിക്കുന്നതിലും കുറവു വന്നിട്ടുണ്ട്. ആധുനിക കൃഷിസമ്പ്രദായങ്ങളം യഥാവിധി നടക്കുന്നില്ല, കൃഷിഭവൻ തുടങ്ങിയ സർക്കാർ ഏജൻസികളുടെ സേവനത്തെക്കുറിച്ച് കർഷകർ വേണ്ടത്ര ബോധവാന്മാരല്ല. അതിനാൽ പ്രസ്തുത ഏജൻസികളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. നടീൽ വസ്തുക്കളുടെയും മറ്റും അനവസരത്തിലുള്ള വിതരണവും ഉദ്യോഗസ്ഥന്മാരുടെ ഇടയ്ക്കിടെയുള്ള സ്ഥലംമാറ്റവും കാർഷിക ഏജൻസികളുടെ മെച്ചപ്പെട്ട സേവനത്തിനു തടസ്സമാകുന്നുണ്ട്. കർഷകരുമായി നിരന്തരം ബന്ധപ്പെടുന്ന സ്ഥാപനങ്ങളായി കൃഷിഭവനെ മാറ്റേണ്ടതാണ്.

പഞ്ചായത്തിൽ സർവ്വീസ് ബേങ്കിന്റെ കീഴിൽ ഒന്ന്, FACT ഏജൻസി ഒന്ന്, സഹകാര്യമേഖയിൽ ഒന്ന് എന്നിങ്ങിനെയാണ് രാസവള വിതരണത്തിന്റെ സ്ഥിതി. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും ആവശ്യത്തിനു വളംനൽകാൻ കഴിയുന്ന രീതിയിൽ മെച്ചപ്പെടുത്തേണ്ടതുമാണ്.

വിസ്തൃതമായ ഈ പഞ്ചായത്തിൽ ഒരു കാർഷിക നേഴ്സറിപോലും ഇല്ലാത്തതിനാൽ മെച്ചപ്പെട്ട നടീൽ വസ്തുക്കൾ തെരഞ്ഞെടുക്കാൻ കർഷകർക്ക് കഴിയുന്നില്ല.

കൃഷിയുടെ അനുബന്ധമായ കന്നുകാലി വളർത്തൽ കുറഞ്ഞുവന്നതോടെ ജൈവ വളത്തിനു ദൗർലഭ്യം നേരിടുന്നു.

ശാസ്ത്രീയമായി മണ്ണുപരിശോധിക്കുന്ന സമ്പ്രദായം പഞ്ചായത്തിൽ ഇല്ലാത്തതിനാൽ മണ്ണിന്റെ സ്വഭാവത്തിനനുസരിച്ചുള്ള വളപ്രയോഗം നടക്കുന്നില്ല.

വിദഗ്ദ്ധ കർഷകത്തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയിൽപോലും കാർഷിക മേഖലയിൽ ആധുനിക കൃഷിഉപകരണങ്ങളം ഉപയോഗപ്പെടുത്തുന്നില്ല. പഞ്ചായത്തിൽ 50 കലപ്പ 3 റോക്കർസ്പ്രേയർ 2 തെങ്ങുകയറ്റ യന്ത്രം 48 പമ്പ്സെറ്റ് എന്നിവ കൃഷിയാവശ്യത്തിനു ഉണ്ടെങ്കിലും വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

കാർഷിക മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളം താഴെപറയുന്നവയാണ്.

1. സമഗ്ര നാളീകേര വികസന പദ്ധതി:– ജലസേചന സൗകര്യത്തിനുവേണ്ടി കിണർ കുഴിക്കാനും പമ്പുസെറ്റ് സ്ഥാപിക്കാനും സബ്സിഡിയോടുകൂടി സാമ്പത്തിക സഹായം നൽകുന്നു. 85% സബ്സിഡിയോടുകൂടി കമ്മ്യൂണിറ്റി ഇറിഗേഷൻ, 50% സബ്സിഡിയോടുകൂടി ഗ്രൂപ്പ് ഇറിഗേഷൻ, റോക്കർ സ്പ്രെയർ വിതരണം, തെങ്ങുകയറ്റയന്ത്ര വിതരണം, പച്ചിലവളച്ചെടിയുടെ വിത്തുവിതരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

2. കശുമാവ് വികസന പദ്ധതി:–കശുമാവ് കൃഷിയുടെ വിസ്തൃതി വർദ്ധപ്പിക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് തൈകളം വിതരണംചെയ്യുന്നു.

3. പ്രത്യേക ഘടക പദ്ധതി:– (പട്ടികജാതി-പട്ടികവർഗ്ഗത്തിനുവേണ്ടി) സ്വന്തമായി ഭൂമിയില്ലാത്ത

ദാരിദ്ര്യരേഖക്ക് താഴെയുള്ള പാവപ്പെട്ട കുടുംബങ്ങൾക്ക് 10 സെൻറ് ഭൂമി വാങ്ങിക്കൊടുക്കുന്നു.

4. യൂത്ത് പ്രോഗ്രാം:- ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാനപദ്ധതി, ഇളനീർ പാർലർ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ എന്നിവയും ഇതിൽപ്പെടുന്നു.

5. സമഗ്ര സുഗന്ധവിള വികസന പദ്ധതി:- കരുമുളകിനെ ദ്രുതവാട്ട രോഗത്തിനെതിരെ നടത്തുന്ന പ്രതിരോധ മരുന്നുതളി.

6. പ്രകൃതിക്ഷോഭ ദുരിതാശ്വാസം:- പ്രകൃതിക്ഷോഭം മൂലം നഷ്ടം സംഭവിക്കുന്ന വിളകൾക്ക് നൽകുന്നത്.

7. വിള ഇൻഷ്വറൻസ്:- പ്രകൃതിക്ഷോഭംമൂലം വലിയ നഷ്ടം സംഭവിക്കുന്നേ സ്ഥലത്തെ കർഷകർക്ക് ഏറെ ഉപയോഗപ്രദമായ സ്കീം.

8. മഞ്ഞൾ വികസന പദ്ധതി. മഞ്ഞൾ പ്രദർശന തോട്ടം, ഇഞ്ചി പ്രദർശന തോട്ടം, ഗ്രാമ്പൂ പ്രദർശന തോട്ടം

9. കമ്പോസ്റ്റ് കുഴി നിർമ്മാണം

10. ഡ്രിപ്പ് ഇറിഗേഷൻ:- കണികജലസേചനം

11. പ്രത്യേക ഘടക പദ്ധതി:- വാഴകൃഷി നടത്തുന്നതിന് വേണ്ടിയുള്ള സ്കീം.

പ്രശ്നങ്ങൾ :

— ഭൂമിയുടെ തുണ്ടവൽക്കരണം ഫലപ്രദമായ കൃഷിക്ക് പ്രതികൂലമായി നിൽക്കുന്നു.

— നെൽകൃഷി, നഷ്ടമാണ് എന്ന ധാരണ, ആവശ്യമായ ജലം ലഭിക്കുന്നില്ല, കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവ്.

— ജൈവവളങ്ങളും രാസവളങ്ങളും ആവശ്യത്തിന് ലഭിക്കുന്നില്ല.

— ജലസേചന സൗകര്യങ്ങൾ അപര്യാപ്തമാണ്.

— കൃഷിഭവനെ സേവനം പരിമിതമാണ്.

— വിദഗ്ദ കർഷകതൊഴിലാളികളെ ലഭിക്കുന്നില്ല

— കാർഷികവിളകൾക്ക് രോഗങ്ങൾ പിടിപെടുന്നു

— കാർഷിക യന്ത്രോപകരണങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല. ഉള്ളവ തൃപ്തികരമായി ഉപയോഗിക്കുന്നില്ല.

— കർഷക-കർഷക തൊഴിലാളി ബന്ധം മെച്ചമല്ല

— കൃഷിയോഗ്യമായ ഭൂമി തരിശിട്ടിരിക്കുന്നു.

— നെൽപ്പാടങ്ങൾ നികത്തപ്പെടുന്നു.

— കാർഷികാവശ്യങ്ങൾക്കുള്ള പമ്പ് സെറ്റിന്റെ വായ്പകളുള്ള ഭൂപരിധി കർഷകർക്ക് പ്രയാസമുണ്ടാക്കുന്നു.

— കാർഷികാവശ്യങ്ങൾക്ക് വായ്പ കൊടുക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾക്കുള്ള വിമുഖത.

— കാർഷിക വായ്പകൾ കർഷകർ വകമാറി ചെലവ് ചെയ്യുന്നു.

— താരതമ്യേന മെച്ചപ്പെട്ട കൂലിനിരക്ക് ഉണ്ടായിട്ടും പ്രവൃത്തിയുടെ കാര്യത്തിൽ കർഷക തൊഴിലാളികൾ വേണ്ടത്ര കാര്യക്ഷമത കാണിക്കുന്നില്ല

സാധ്യതകൾ :

— തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനു കർഷകർക്ക് ബോധവൽക്കരണവും കൂട്ടുകൃഷി സമ്പ്രദായങ്ങളുടെ ആവിഷ്ക്കരണവും.

— ഭൂപരിധിയില്ലാത്ത കാർഷികാവശ്യങ്ങൾക്കുള്ള പമ്പ്സെറ്റിന് വായ്പ അനുവദിക്കുക.

— ചേലക്കാട്-വണ്ണാറത്തറ, വിലാതപുരം-വണ്ണാറത്തറ എന്നീ തോട്ടങ്ങൾക്ക് ആവശ്യമായ ചീർപ്പുകൾ നിർമ്മിക്കുക, പാർശ്വ ഭിത്തികൾ കെട്ടുക. വാണിമേൽ പുഴയ്ക്ക് മഞ്ചേരിക്കടവ് ഭാഗം വരെ ഭിത്തികെട്ടുക.

— പാടങ്ങൾ നികത്തുന്നതിനെതിരെ ബോധവൽക്കരണവും സാമൂഹ്യസമ്മർദ്ധവും ഉയർത്തിക്കൊണ്ടുവരിക.

— കാർഷിക നേഴ്സറി ആരംഭിക്കുക.

— മണ്ണ് ഗവേഷണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

— യന്ത്രോപകരണങ്ങൾ വായ്പ അടിസ്ഥാനത്തിൽ ലഭ്യമാക്കുക.

— പഞ്ചായത്ത് തലത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന-സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

— പഞ്ചായത്തിനെ നീർത്തട വികസന പദ്ധതിയിൽ ഉൾപ്പെടുത്തുക.

— പച്ചിലവളകൃഷി പ്രോത്സാഹിപ്പിക്കുക.

— ജൈവവള ലഭ്യതയ്ക്കുവേണ്ടി കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

— കുരുമുളക് കൃഷി മെച്ചപ്പെടുത്തുന്നിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക.

— കാർഷിക രോഗനിവാരണത്തിനുതകുന്നപദ്ധതി ആവിഷ്ക്കരിക്കുക.

— കാർഷിക വായ്പകളുള്ള ഭൂപരിധി എടുത്തുകളയുക.

— വിട്ടുതരാൻ തയ്യാറായ സ്വകാര്യ കുളങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കുകയും ജലസേചനത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുക.

— കേരകർഷക സമിതി ഉൾപ്പെടെയുള്ള ജനകീയ കമ്മിറ്റികളുടെ പ്രവർത്തനം ശക്തമാക്കുക.

— പുരയിടങ്ങളിൽ പച്ചക്കറി തോട്ടം നടത്താനുള്ള പദ്ധതി.

— പറമ്പുകളിൽ നെൽകൃഷി ഏർപ്പെടുത്തുക.

— പുതുശ്ശേരി മുക്ക്-ചേറ്റവെട്ടി തോട് വീതികൂട്ടുക

— സർക്കാർ പുറമ്പോക്ക് സ്ഥലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുക.

മൽസ്യമേഖല

കടലോരത്തുനിന്നും ഏകദേശം 12 കി. മീറ്റർ അകലെയാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. മൽസ്യബന്ധനത്തിനായി കടലിൽ പോകുന്ന തൊഴിലാളികളും ആരുംതന്നെ നമ്മുടെ പഞ്ചായത്തിലില്ല. വടകര, തലശേരി ഭാഗങ്ങളിൽനിന്നും ദിനംപ്രതി ധാരാളം കടൽ മൽസ്യങ്ങളും നമ്മുടെ പഞ്ചായത്തിൽ വിൽപ്പനക്കായി എത്തുന്നു. (ഒരു ദിവസം ഏകദേശം 3500 കി. ഗ്രാം മൽസ്യം നമ്മുടെ പഞ്ചായത്തിൽ വിൽപ്പന നടക്കുന്നതായാണ് കണക്കാക്കപ്പെട്ടന്നത്. നാദാപുരം, കല്ലാച്ചി ടൗണുകളിൽ പഞ്ചായത്ത് വകയുള്ള മൽസ്യ മാർക്കറ്റുകളിൽ 50 ഓളം മൽസ്യ വിൽപ്പന തൊഴിലാളികളും പ്രവൃത്തിയെടുക്കുന്നു. തലച്ചുമടായും സൈക്കിളിലും വഴിയും പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ മൽസ്യവിതരണം നടത്തുന്ന ധാരാളം തൊഴിലാളികളും ഉണ്ട്.

പഞ്ചായത്തിൽ പരമ്പരാഗതമായി പുഴമത്സ്യം പിടിക്കുന്ന പതിവുണ്ടായിരുന്നു. കൂട്ടായ്മയോടെ ഈ രംഗത്ത് പ്രവർത്തിച്ച് വീതംവെച്ച് എടുക്കുകയും അയൽവാസികൾക്ക് സമ്മാനിക്കുകയും ചെയ്യുന്ന പതിവ് നിലനിന്നിരുന്നു. കൈവല, ചവിട്ടുവല, ചൂണ്ട എന്നിവ ഉപയോഗിച്ച് കുളങ്ങളിൽനിന്നും തോടുകളിൽനിന്നും, ഒറ്റൽ ഉപയോഗിച്ച് നെൽവയലുകളിൽനിന്നും മൽസ്യം പിടിക്കാറുണ്ട്,

പഞ്ചായത്തിലെ നൂറിലധികം വരുന്ന കുളങ്ങളും, ചെറുതും വലുതുമായ 4 തോടുകളും, പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന വാണിമേൽ പുഴ എന്നിവയിലൊക്കെ സമൃദ്ധമായ മൽസ്യസമ്പത്ത് ഉണ്ടായിരുന്നു. ഇതിൽനിന്നും കയിച്ചിൽ (ബ്രാൽ), വാള, മുഴ, കട്ടങ്ങാലി, ആരൽ, വെള്ളക്കൊഞ്ച് തുടങ്ങി പലതരം മൽസ്യങ്ങളും ലഭിച്ചിരുന്നു. ഉപജീവനത്തിനുവേണ്ടി മൽസ്യബന്ധനം നടത്തുന്ന പതിവ് ഉണ്ടായിരുന്നില്ല എന്നുതന്നെ പറയാം.

അടുത്ത കാലത്തായി മൽസ്യങ്ങളെ ബാധിച്ച ഒരജ്ഞാത രോഗം നിമിത്തം മൽസ്യങ്ങളും ചത്തൊടുങ്ങിയ അവസ്ഥ ഉണ്ടായിരുന്നു. കയിച്ചിൽ എന്ന ഇനം മൽസ്യങ്ങൾക്ക് ഏകദേശം പൂർണ്ണമായും വംശനാശം സംഭവിച്ചു. നെൽപ്പാടങ്ങളും നികത്തി പറമ്പുകളാക്കുന്ന പ്രവണത വർദ്ധിച്ചതും പുഴമൽസ്യങ്ങളുടെ ലഭ്യത കുറയാൻ കാരണമായിട്ടുണ്ട്. ഉള്ള നെൽപ്പാടങ്ങളിൽതന്നെ കീടനാശിനികളും പ്രയോഗിക്കുന്നതും മൽസ്യങ്ങളുടെ നാശത്തിന് കാരണമായിട്ടുണ്ട്.

പ്രശ്നങ്ങൾ :

— മൽസ്യങ്ങൾക്ക് അജ്ഞാത രോഗം ബാധിച്ചിട്ടുണ്ട്.
— നെൽവയലുകളും കുറഞ്ഞുവരുന്നു.
— ആധുനിക മൽസ്യവളർത്തൽ ആരംഭിച്ചിട്ടില്ല.

സാധ്യതകൾ :

— രോഗത്തിന് പ്രതിവിധി വേണം.
— ചെമ്മീൻ വളർത്തു കേന്ദ്രം ആരംഭിക്കണം.
— മൽസ്യ വളർത്തലിനു ബോധവൽക്കരണവും സാമ്പത്തിക സഹായവും വേണം.
— മൽസ്യ വിത്തുകളും ലഭ്യമാക്കുക.

മൃഗ പരിപാലനം

മുൻകാലത്ത് നമ്മുടെ പഞ്ചായത്ത് വളർത്തുമൃഗങ്ങളുടെ കാര്യത്തിൽ വളരെ മുൻപന്തിയിലായിരുന്നു. നാടൻ പശുക്കളേയും ആടുകളേയും ധാരാളമായി വളർത്തിയിരുന്നു. ഇടത്തരം വീടുകളിൽ പശുവളർത്തലും താഴ്ന്ന വരുമാനക്കാരുടെ വീടുകളിൽ ആടുവളർത്തലുമാണ് പൊതുവേ ഉണ്ടായിരുന്നത്. 75% വീടുകളിലും നാടൻ കോഴികളെ വളർത്തിയിരുന്നുവെന്നാണ് കണക്കാക്കപ്പെട്ടന്നത്. ചെറിയ തോതിൽ എരുമ വളർത്തലും. വിത്തുകാള സംരക്ഷണവും നിലനിന്നിരുന്നു. ഉഴത്താവശ്യത്തിന് ധാരാളം കാളകളെ കൃഷിക്കാരും കർഷകത്തൊഴിലാളികളും വളർത്തിയിരുന്നു.

പഴയകാലത്ത് മൃഗസംരക്ഷണവും കൃഷിയും പരസ്പരം ബന്ധപ്പെട്ടാണ് നിലനിന്നിരുന്നത്. കൃഷിക്കാവശ്യമായ ജൈവവളം കന്നുകാലി സംരക്ഷണത്തിലൂടെ ലഭിച്ചിരുന്നു നെൽകൃഷിയിലൂടെ ലഭിച്ചിരുന്ന വൈക്കോൽ കാലി വളർത്തലിനും ഉപയോഗിക്കപ്പെട്ടു. [കന്നുകാലി കൊള്ളക്കൊടുക്കലുകൾക്ക് പ്രസിദ്ധരായ ഓർക്കാട്ടേരി, കീഴ്പ്പറ കന്നുകാലി ചന്തയിൽ നമ്മുടെ പഞ്ചായത്തിൽനിന്നും ധാരാ

ളം കന്നുകാലികളെ കൊണ്ടുപോകാറുണ്ടായിരുന്നു.] വൈക്കോൽ, പറമ്പുകളിലെ പുൽപ്പടർപ്പുകൾ, പച്ചിലക്കാടുകൾ, ഇഷ്ടംപോലെ ലഭിച്ചിരുന്ന പ്ലാവില എന്നിവ കന്നുകാലി വളർത്തലിനും ആട് വളർത്തലിനും സഹായകരമായിരുന്നു. ഒരു കാലഘട്ടത്തിൽ വലിയൊരു വിഭാഗം ജനതയുടെ ഉപജീവനമാർഗ്ഗമായി മൃഗസംരക്ഷണം നിലക്കൊണ്ടിരുന്നു.

നെൽകൃഷി നാശോന്മുഖമായതോടെ വൈക്കോലിന്റെ ലഭ്യത വളരെക്കുറഞ്ഞു. അതുകൊണ്ട് വൈക്കോൽ വലിയ വിലകൊടുത്ത് വാങ്ങേണ്ടിവരുന്നു. വൈക്കോൽ കൂടുതലും മറ്റ് ജില്ലകളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽനിന്നുമാണ് ഇപ്പോൾ കൊണ്ടുവരുന്നത്. ഇത് പരമ്പരാഗത കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പണ്ട് വീടുകളുമായി ബന്ധപ്പെട്ട് പാൽ വിൽപ്പന നടത്തുന്ന സമ്പ്രദായം നിലനിൽക്കുകയും ഇത് പാലുൽപ്പാദനത്തിന് പ്രചോദനമാവുകയും ചെയ്തിരുന്നു. പാൽപ്പൊടികൾ വ്യാപകമായി മാർക്കറ്റിൽ ലഭ്യമാകാൻ തുടങ്ങിയത് ക്ഷീരോൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പുതിയ തലമുറയിൽ മൃഗപരിപാലനത്തിൽ വിമുഖത വളർന്നുവന്നതും ഒരു പ്രതികൂല ഘടകമാണ്. നമ്മുടെ പഞ്ചായത്തിൽ നരിക്കാട്ടേരി സഹകരണ മേഖലയിൽ ഒരു ക്ഷീരോൽപ്പാദന വിതരണ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. 50 ലിറ്റർ പാൽശേഖരിക്കുന്ന സംഘം 40ലിറ്റർ പാൽ മിൽമയ്ക്ക് നൽകുകയും 10 ലിറ്റർ പഞ്ചായത്തിൽ വിപണനം നടത്തുകയും ചെയ്യുന്നു.

അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും തുടർന്ന് ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വർദ്ധനവുണ്ടായെങ്കിലും ഇക്കാര്യത്തിൽ ആനുപാതിക വർദ്ധനവ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല, നാടൻ ഇനങ്ങളും നാമമാത്രമാവുകയും അതേസമയം സങ്കരഇനങ്ങളും ആനുപാതികമായി വർദ്ധിക്കാതിരിക്കയും ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഏകദേശം എല്ലാ വീടുകളിലും കോഴികളെ വളർത്തുക എന്നത് ഒരു പതിവായിരുന്നു. അതിൽ വലിയൊരു വിഭാഗം കോഴി വളർത്തൽ ഒരു വരുമാന മാർഗ്ഗമായി സ്വീകരിച്ചിരുന്നു പൂർണ്ണമായും നാടൻ ഇനങ്ങളായിരുന്നു വളർത്തിയിരുന്നത്. എന്നാൽ ഇറച്ചിക്കോഴികളുടെ വ്യാപനം പെറിയ തോതിൽ ഉണ്ടായിട്ടുണ്ട്. കോഴിവസന്ത തുടങ്ങിയ രോഗങ്ങളും വ്യാപകമായതിന്റെ ഫലമായി വളർത്തുകോഴികളും കൂട്ടമായി ചത്തൊടുങ്ങുകയും ഭൂരിഭാഗം വീടുകളും കോഴിവളർത്തലിൽനിന്നും പിറകോട്ട് പോവുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഇറച്ചി ആവശ്യത്തിനു മറ്റ് പ്രദേശങ്ങളിൽനിന്നു ഇറക്കുമതി ചെയ്യുന്ന കോഴികളെയാണ് ആശ്രയിക്കുന്നത്. മുട്ടയുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. നമ്മുടെ പഞ്ചായത്തിൽ ഒരു കോഴി വളർത്തുകേന്ദ്രവും, 5 ഇറച്ചി കോഴി വിൽപ്പന കേന്ദ്രവും പ്രവൃത്തിക്കുന്നു.

പഴയകാലത്ത് ഏതൊരു സാധാരണക്കാരന്റെ വീട്ടിലും ഒന്നോ അതിലധികമോ ആടുകളെ വളർത്തുന്നതിനുള്ള സംവിധാനം കാണാൻ കഴിയുമായിരുന്നു ഒരു കാലത്ത് താഴ്ന്ന വരുമാനക്കാരുടെ പ്രധാന വരുമാന മാർഗങ്ങളിലൊന്നായിരുന്ന ആടുവളർത്തൽ ഇന്നു നാമമാത്രമായിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ മൃഗസമ്പത്ത് സംബന്ധിച്ച് നിലവിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

വളർത്തു മൃഗങ്ങളും പക്ഷികളും

പട്ടിക 7

ഇനം	നാടൻ	സങ്കരം	ആകെ
കാള	68		68
പശു	763	2991	3754
എരുമ	7		7
ആട്	1847		1847
കോഴി (പിട)			5381
കോഴി (പൂവൻ)			984
താറാവ്			101

മേൽപ്പറഞ്ഞ മൃഗസമ്പത്തിൽ 1071 എണ്ണത്തിനു് വിവിധ രോഗങ്ങളം പിടിപെട്ടതായാണു് ബന്ധപ്പെട്ട ഓഫീസുകളിലെ രേഖകളം കാണിക്കുന്നതു്. പശുക്കളിൽ 131 എണ്ണം ബീജസങ്കലനം നടത്തിയവയാണു്. മൃഗപരിപാലന രംഗത്തു് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളം ചുവടെ ചേർത്തിരിക്കുന്നു.

1. മൃഗചികിത്സയും മൃഗാരോഗ്യവും:— ഈ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ എല്ലാ കന്നുകാലികൾക്കും വരാൻ സാധ്യതയുള്ള രോഗങ്ങൾക്കു് മരുന്നുകളും, അവ നിയന്ത്രിക്കാനുള്ള പ്രതിരോധ കുത്തിവെപ്പുകളും സൗജന്യമായി നൽകിവരുന്നു. കന്നുകാലികൾക്കു് വിരശല്യത്തിനെതിരായി കൊടുക്കേണ്ട മരുന്നുകളും സൗജന്യമായി വിതരണംചെയ്യുന്നു. കോഴിവസന്ത, കോഴി വസൂരി എന്നിവയ്ക്കെതിരായി പ്രതിരോധ കുത്തിവെപ്പും നടത്തുന്നു. രോഗരക്ഷാക്യാമ്പുകളം സംഘടിപ്പിക്കുന്നു.

2. കാലിരോഗ വിമുക്ത മേഖലാ പദ്ധതി:— കുളമ്പുരോഗത്തിനെതിരായ കുത്തിവെപ്പു് നടത്തുന്ന മരുന്നിന്റെ പകുതി വിലമാത്രമേ കർഷകരിൽനിന്നു് ഈടാക്കുന്നുള്ളൂ.

3. ബീജസങ്കലന സൗകര്യങ്ങളം വർധിപ്പിക്കൽ സങ്കരവർഗത്തിൽപ്പെടുന്ന നല്ലയിനം കുട്ടികളെ ലഭിക്കുന്നതിനായി കൃത്രിമ ബീജസങ്കലന സൗകര്യം ഇന്നു് ആശുപത്രിയിലുണ്ടു്. ഈ കുത്തിവെപ്പിനു് 18.50 രൂപയാണു് ഈടാക്കുന്നതു്.

4. പേവിഷ നിർമ്മാർജ്ജന പദ്ധതി:— പേവിഷബാധ പ്രതിരോധ കുത്തിവെപ്പു് 50% സബ്സിഡിയോടെ നടത്തിവരുന്നു

5. കമേർഷ്യൽഡയറി യൂനിറ്റ്.

6, മാതൃകാ കാലിത്തൊഴുത്തുനിർമ്മാണം.

7 മിനറൽ മിക്ചർ— 50% സബ്സിഡി നിരക്കിൽ വിതരണംചെയ്യുന്നു.

8. വിറ്റാമിൻ സപ്ലിമെന്റ് — 50% സബ്സിഡിനിരക്കിൽ വിതരണംചെയ്യുന്നു.

9. ക്ഷീരമിൽക്കു് പ്രൊഡക്ഷൻ കിറ്റ്സ്— പശു ആല എന്നിവ ശുചിയാക്കുന്നതിനുള്ള ഉപകരണങ്ങളം.

10. ക്ഷീരോല്പാദന നിർമ്മാണ യൂനിറ്റ്—വിനതകൾക്കു് 22,000 രൂപ സബ്സിഡി.

11. പുൽകൃഷി വികസന പദ്ധതി.

12. കമേർഷ്യൽഫീഡർ കംട്ടിവേഷൻ — പുൽകൃഷിക്കു് 15000 രൂപ ധനസഹായം.

13. വൈക്കോൽ യൂറിയ സംപുഷ്ടീകരണം— 5000 രൂപ സഹായംനൽകുന്നു.

14. കർഷക സമ്പർക്ക പരിപാടി — 200 രൂപ ധനസഹായം നൽകുന്നു.

15. നാടൻക്ഷീരോല്പന്ന നിർമ്മാണ പരിചയ ക്ലാസ്.

16. ബ്ലോക്കുതല കന്നുകാലി പ്രദർശനം.

17. പ്രത്യേക ഘടക പദ്ധതി—മിനി ഡയറി യൂനിറ്റ് സ്ഥാപിക്കാൻ ധനസഹായം.

18. പ്രത്യേക ഗിരിവർഗപദ്ധതി—പട്ടികവർഗ്ഗക്കാർക്കു്.

പ്രശ്നങ്ങൾ

— പഞ്ചായത്തിൽ നിലവിൽ മൃഗാശുപത്രിയില്ല. ഒരു വെറ്റിനറി ഡിസ്പെൻസറിയുണ്ടെങ്കിലും ഡോക്ടറുടെ സേവനമില്ല.

— സങ്കരയിനം പശുക്കളുടെ വ്യാപനം തൃപ്തികരമല്ല

— ആടു്, കോഴി, കന്നുകാലിവളർത്തൽ എന്നിവയ്ക്കുള്ള ധനസഹായം പരിമിതമാണു്.

— പുല്ലുല്പാദനം നടക്കുന്നില്ല. വിത്തുകളം ലഭ്യമല്ല.

— മുയൽ, പന്നിവളർത്തൽ, തേനീച്ച വളത്തൻ, എന്നിവ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

— കാലിത്തൊഴുത്തിനുള്ള സാമ്പത്തിക സഹായം പര്യാപ്തമല്ല.

സാധ്യതകൾ

— പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥാപിക്കണം.

— വെറ്റിനറി സർജന്റെ സേവനം പൂർണ്ണമായും ലഭ്യമാക്കണം.

— നിലവിലുള്ള വെറ്റിനറി ഡിസ്പെൻസറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

— പ്രധാന കേന്ദ്രങ്ങളിൽ ക്ഷീരവികസന സഹകരണസംഘങ്ങളം സ്ഥാപിക്കണം.

— സങ്കരയിനം കന്നുകുട്ടികളെ വിതരണംചെയ്യണം.

— കന്നുകുട്ടി പരിപാലന പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്തണം.

— തീറ്റപ്പുൽവളർത്തൽ പദ്ധതി ആരംഭിക്കണം.

— കാലിതൊഴുത്തിനുള്ള സാമ്പത്തിക സഹായം വർധിപ്പിക്കണം.

— കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ചെറുകിട-വൻകിട കോഴിവളർത്തൽ യൂനിറ്റുകളം ആരംഭിക്കണം.

— കന്നുകാലി വളർത്തലിനുള്ള സാമ്പത്തിക സഹായനടപടികളം ഉദാരമാക്കുക.

— കാലിതീറ്റ, കോഴിതീറ്റ ഉല്പാദന കേന്ദ്രം സഹകരണ മേഖലയിൽ സ്ഥാപിക്കണം.

— കോഴികുഞ്ഞുങ്ങളെയും മുയലിനെയും സ്ത്രീകുട്ടികൾക്കു് സൗജന്യമായി വിതരണംചെയ്യുക.

— കാലിതൊഴുത്തിനു് സാമ്പത്തികസഹായ വരുമാന പരിധി വർധിപ്പിക്കണം.

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നോക്കം നിന്നിരുന്ന നാദാപുരം പഞ്ചായത്ത് കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിൽ ഈ രംഗത്ത് ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ സാമൂഹ്യ പരിഷ്കരണ യത്നങ്ങളും വളരെ സാവകാശമാണെങ്കിലും ഇതിനു പശ്ചാത്തലമൊരുക്കിയിരുന്നു. നാദാപുരം പഞ്ചായത്ത് വായനശാല, ഇയ്യങ്കോട് ദേശപോഷിണി വായനശാല. കല്ലാച്ചി കേന്ദ്രമായുള്ള ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ഗ്രന്ഥാലയം. ചേലക്കാട് പൗർണ്ണമി സാംസ്കാരിക നിലയം തുടങ്ങിയ സാംസ്കാരിക കേന്ദ്രങ്ങളും അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ചെറുതല്ലാത്ത സംഭാവനകളും നൽകിയിട്ടുണ്ട്. മലബാർ അധ്യാപക പ്രസ്ഥാനത്തിന്റെ അലയൊലികളും നാദാപുരത്തെ സ്വാധീനിച്ചിരുന്നു. പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ഇവിടത്തെ അധ്യാപകരും സാമൂഹ്യ പ്രവർത്തകരും ഗണ്യമായ സംഭാവനകളും നൽകിയിട്ടുണ്ട്. എങ്കിലും വിദ്യാഭ്യാസരംഗത്ത് മറ്റുപല പ്രദേശങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ നേടിയതിനേക്കാൾ നേടാനുള്ളതാണേറെ എന്നുകാണാം.

1913ൽ നാദാപുരത്ത് സ്ഥാപിച്ച ബോർഡ് മാപ്പിള എൽ. പി. സ്കൂൾ (ഇപ്പോൾ നാദാപുരം ഗവ: യു. പി. സ്കൂൾ) ആണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഇതേ കാലത്തുതന്നെ 4-ാം വാർഡിൽ നിലവിൽവന്ന കക്കാട്ട്പാറ എൽ. പി സ്കൂൾ കുടികളുടെ എണ്ണം കുറവുമൂലം 1987-88ൽ നിർത്തൽ ചെയ്യുകയാണുണ്ടായത്. വിദ്യാഭ്യാസരംഗത്ത് വളരെ പിന്നോക്കംനിന്നിരുന്ന നാദാപുരത്ത് ബോർഡ് മാപ്പിള എൽ പി. സ്കൂളിന്റെ ആരംഭത്തോടെ കാതലായ മാറ്റമുണ്ടായി. പിന്നീട് ഈ സ്കൂൾ ഗവൺമെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാവുകയും യു. പി. സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തതോടെ മുസ്ലിം ന്യൂനപക്ഷ വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ഈ പഞ്ചായത്തിൽ വാതിൽതുറന്നുകിട്ടുകതന്നെചെയ്തു. ഇതിൽനിന്നും ആവേശം ഉൾക്കൊണ്ട് ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഗവൺമെൻറ് സഹായത്തോടെ പല എൻ. പി. സ്കൂളുകളും ഉയർന്നുവന്നു. അതേ കാലഘട്ടത്തിൽതന്നെ പയന്തോങ്ങിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ്നടത്തിയിരുന്ന എലിമെൻററിസ്കൂളാണ് പിന്നീട് കല്ലാച്ചി ഗവൺമെൻറ് യു. പി സ്കൂളായത്.

13 എൽ.പി.സ്കൂളുകളും 2 യു.പി.സ്കൂളും 2ഹൈസ്കൂളും ഉൾപ്പെടെ 17 ഔപചാരികവിദ്യാഭ്യാസസ്ഥാപനങ്ങളാണ് ഈരംഗത്ത് ഇപ്പോൾ നാദാപുരത്തിന്റെ മുതൽക്കൂട്ട്. ഇവയിൽ മൂന്ന് സർക്കാർ സ്കൂളുകളൊഴികെ 14 എണ്ണവും ഗവൺമെൻറ് സഹായം ലഭിക്കുന്ന സ്വകാര്യ മാനേജ്മെൻറ് സ്കൂളുകളാണ്, കഴിഞ്ഞ 16 വർഷങ്ങൾക്കിടയിൽ പുതിയ വിദ്യാലയങ്ങളൊന്നും സ്വകാര്യമേഖലയിലോ സർക്കാർ മേഖലയിലോ ഉണ്ടായിട്ടില്ല. 13 എൽ. പി. സ്കൂളുകളിലേയും വിദ്യാർത്ഥികൾ ഉപരിപഠനം നേടുന്നത് 2 യു. പി. സ്കൂളുകളിൽനിന്നാണ്. കല്ലാച്ചി ഗവ: യു. പി. സ്കൂൾ, നാദാപുരം ഗവ: യു. പി. സ്കൂൾ മാണവ. എൽ. പി. സ്കൂൾ കുട്ടികളുടെ എണ്ണം കുറയുകയും ചില സ്കൂളുകളിൽ ഡിവിഷൻ കുറയുമെന്ന സ്ഥിതിവരെ എത്തുമ്പോഴും കല്ലാച്ചി ഗവ. യു. പി. സ്കൂൾ സെഷനൽ സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വൈരുദ്ധ്യം നിലനിൽക്കുന്നു. നാദാപുരം ഗവ: യു. പി. സ്കൂൾ സ്ഥലപരിമിതിമൂലം അടുത്ത കാലംവരെ സെഷനൽ സമ്പ്രദായത്തിലാണ് പ്രവർത്തിച്ചിരുന്നത്. ആരംഭകാലത്ത് 100ൽ താഴെ വിദ്യാർത്ഥികളുണ്ടായിരുന്ന ഈ സ്കൂളിൽ ഇപ്പോൾ 1500ൽ അധികം വിദ്യാർത്ഥികളുണ്ട്. കോഴിക്കോട് റവന്യൂജില്ലയിൽ ഏറ്റവും വലിയ സ്കൂളുകളിൽ ഒന്നാണിത്. പി. ടി. എ. കമ്മിറ്റിയുടെ തീവ്രശ്രമഫലമായി ഗവൺമെൻറിന്റെ സഹായത്തോടെ പുതിയ മൂന്ന് കെട്ടിടങ്ങൾ പണിതതോടെ ഇവിടെ സെഷനൽ സമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞു എന്നത് ആശ്വാസകരമാണ്. എന്നാൽ കല്ലാച്ചി ഗവ: യു. പി. സ്കൂളിനു പുതിയ കെട്ടിടങ്ങൾ പണിയാനുള്ള സ്ഥലമില്ല. ഉള്ളവയെ ഇരുനിലയാക്കിമാറ്റുക എന്നതുമാത്രമേ പരിഹാരമായുള്ളൂ. വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന മുഖ്യഘടകങ്ങളിലൊന്നാണ് സെഷനൽ സമ്പ്രദായം. ഇന്നും ഈ സമ്പ്രദായം തുടരുന്ന കല്ലാച്ചി ഗവ: യു. പി. സ്കൂളിൽ അത് ഒഴിവാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചേ മതിയാവൂ. കല്ലാച്ചി ഗവ: ഹൈസ്കൂളിലും കുറച്ചുകാലം സെഷനൽ സമ്പ്രദായം നിലനിന്നിരുന്നു. എന്നാൽ കുട്ടികളുടെ എണ്ണക്കുറവിന്റെ ഫലമായി ഈ സമ്പ്രദായം ഒഴിവായിരിക്കുകയാണ്. ഇവിടെ 23 ലക്ഷത്തോളം രൂപ ചെലവിൽ പുതിയ കെട്ടിട നിർമ്മാണ ജോലികൾ ആരംഭിക്കാൻ പോവുകയാണ്.

മുസ്ലിം പെൺകുട്ടികളുടെ സെക്കൻററി തല വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ 1977ൽ നാദാപുരത്ത് സ്ഥാപിച്ച ടി. ഐ.

എം. ഗേൾസ് ഹൈസ്കൂൾ ലക്ഷ്യത്തിലേക്ക് പ്രയാണം തുടരുകയാണ്. നാദാപുരം പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം ഒരു വലിയ പ്രശ്നമാണ്. കല്ലാച്ചി ഗവ: കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടാണ് ആകെയുള്ള ഒരു സാങ്കേതിക സ്ഥാപനം. തൊഴിൽ സാദ്ധ്യതകൾക്ക് സഹായകമായ കോഴ്സുകൾ ഈ സ്ഥാപനത്തിൽ ഇല്ല എന്നു തന്നെ പറയാം. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ നാല് പാരലൽ കോളേജുകൾ. മൂന്ന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം എന്നിവയും സ്വകാര്യ മേഖലയിൽ നാദാപുരത്ത് പ്രവർത്തിക്കുന്നു. ഐ. ടി. ഐ., ഐ. ടി. സി., പോളിടെക്നിക് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലോ സമീപ പ്രദേശങ്ങളിലോ ഇല്ല. സാങ്കേതിക വിദ്യാഭ്യാസത്തിനായി കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ട ദുഃസ്ഥിതി ഇന്നും നിലവിലുണ്ട്.

ഇടത്തരവും ഉയർന്നതുമായ സാമ്പത്തിക സ്ഥിതിയുള്ള വിഭാഗങ്ങളിലെ രക്ഷിതാക്കളിൽ പലരും തങ്ങളുടെ കുട്ടികളെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർത്തു പഠിപ്പിക്കാൻ താൽപ്പര്യം കാട്ടുന്നില്ല. ഇത് പുതിയൊരു പ്രവണതയാണ്. വടകരയിലും തലശേരിയിലും കോഴിക്കോട്ടുമുള്ള അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളാണ് ഇവരുടെ ലക്ഷ്യം. നാദാപുരംപഞ്ചായത്തിൽ തന്നെ അടുത്ത കാലത്ത് ആരംഭിച്ച അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ജനന നിരക്കിൽ വന്ന കുറവ് ഇംഗ്ലീഷ് മീഡിയം ഭ്രമം, കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഔദ്യോഗിക വിദ്യാലയങ്ങളിലെ അക്കാദമികവും ഭൗതികവുമായ അപര്യാപ്തതകൾ എന്നീ ഘടകങ്ങൾ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്രമാനുഗതമായി കൂട്ടികൾ കുറയുന്നതിന് കാരണങ്ങളാവുന്നു. കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽനിന്നും ഈ കാര്യം വ്യക്തമാകുന്നുണ്ട്. നാദാപുരം പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ചവിവരം പട്ടിക 8ൽ ചേർത്തിരിക്കുന്നു.

വടകരയിൽ പ്രവർത്തിക്കുന്ന DIET, പ്രൈമറി അദ്ധ്യാപകരുടെ പരിശീലനത്തിനുവേണ്ടി ചിലതൊക്കെ ചെയ്യുന്നുണ്ടെങ്കിലും അവയൊന്നും വളരെ ഫലപ്രദം എന്നു പറഞ്ഞുകൂടാ. വേണ്ടത്ര ഇൻസർവ്വീസ് കോഴ്സ് ലഭിക്കാത്തവരാണ് പഞ്ചായത്തിലെ അധിക അദ്ധ്യാപകരും. ഈ അടുത്ത കാലത്ത് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടത്തിവരുന്ന അദ്ധ്യാപകപുനഃപരിശീലന പരിപാടി നാദാപുരം പഞ്ചായത്തിലും നടപ്പാക്കിക്കൊണ്ടിരിക്കയാണ്. ഈ രംഗത്തെ ന്യൂനത അങ്ങനെ ഏറെക്കുറെ പരിഹരിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. എൽ. പി. സ്കൂൾ പോലുമില്ലാത്ത രണ്ട് വാർഡുകൾ ഈ പഞ്ചായത്തിലുണ്ട്. എട്ടാം വാർഡിലെ പുളിയാങ്കണ്ടി എൽ. പി. സ്കൂൾ, കുട്ടികൾ കുറവായതിനാൽ നിർത്തൽ ചെയ്യുകയാണുണ്ടായത്. ഇവിടെയുള്ള കുട്ടികൾ അടുത്ത വാർഡുകളിലെ വിദ്യാലയങ്ങളിൽ പോയാണ് പഠിക്കുന്നത് പഞ്ചായത്തിലെ നാലാം വാർഡിലും വിദ്യാലയങ്ങളൊന്നുമില്ല.

നിലവിലുള്ള 13 എൽ. പി. സ്കൂളുകളിലെയും ഭൗതിക സാഹചര്യം വേണ്ടത്ര തൃപ്തികരമാണെന്നു പറഞ്ഞുകൂടാ, മൂത്രപ്പുരയും കളിസ്ഥലവും ഇല്ലാത്തതും പ്രത്യേകമായി ഓഫീസ്, സ്റ്റാഫ് റൂം, സൗകര്യമില്ലാത്തതുമായ വിദ്യാലയങ്ങളും ഇവിടെയുണ്ട്

അദ്ധ്യാപക- രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം ഈഅടുത്ത കാലംവരെ പഞ്ചായത്തിൽ അത്ര സജീവമായിരുന്നില്ല എന്നു പറയാം. കല്ലാച്ചി ഗവ: ഹൈസ്കൂൾ, കല്ലാച്ചി ഗവ: യു. പി. സ്കൂൾ. നാദാപുരം ടി. ഐ. എം. ഗേൾസ് ഹൈസ്കൂൾ, നാദാപുരം ഗവ: യു. പി. സ്കൂൾ എന്നിവയ്ക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ അവിടങ്ങളിലെ പി. ടി. എ. കമ്മിറ്റികൾ കുറെയൊക്കെ സഹായിച്ചിട്ടുണ്ട്. ഇതിൽ നാദാപുരം ഗവ: യു. പി. സ്കൂൾ പി. ടി. എ. കമ്മിറ്റിയുടെ ഈ അടുത്ത കാലത്തെ സജീവ പ്രവർത്തനം പ്രത്യേകം പരാമർശം അർഹിക്കുന്നു. എൽ. പി. സ്കൂൾ പി ടി. എ. കൾ പൊതുവേ സജീവമല്ല. അദ്ധ്യാപക-രക്ഷാകർതൃ സമിതിയുടെ ജനറൽബോഡി യോഗങ്ങൾ വിളിച്ചാൽ രക്ഷിതാക്കൾ അധികമൊന്നും പങ്കെടുക്കാറില്ല എന്നതാണ് കൂടുതൽ സ്കൂളുകളിലേയും സ്ഥിതി. പി. ടി. എ. യോഗങ്ങളിൽ സ്കൂളിലെ പഠനനിലവാരം സംബന്ധിച്ച സജീവ ചർച്ചകളും ഉയർന്നുവരാറില്ല. എന്നാൽ ഈ അടുത്തകാലത്തായി വിവിധ സ്കൂളുകളിൽ വിളിച്ചുചേർക്കപ്പെട്ട അമ്മമാരുടെ യോഗങ്ങൾ വളരെ സജീവങ്ങളായിരുന്നു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഇവിടെ രൂപീകൃതമായ പഞ്ചായത്തുതലവിദ്യാഭ്യാസസമിതിയുടെ പ്രവർത്തനംവിദ്യാഭ്യാസ രംഗത്ത് ജനകീയ ഇടപെടലിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. സ്കൂൾ, വാർഡ്തല വിദ്യാഭ്യാസ സമിതികളും, എസ്. എസ്. എൽ. സി. റിസൾട്ട് മെച്ചപ്പെടുത്താൻ സഹായിക്കുന്ന സമ്പർക്ക

പട്ടിക 8 – കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമനമ്പർ	സ്കൂളിന്റെ പേര്	സ്റ്റാന്റേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർ	വിദ്യാഭ്യാസം പൂർത്തിയാക്കിയവർ
									SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ				
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
1	ഗവ: ഹൈസ്കൂൾ കല്ലാച്ചി	8-10	612	404	1016	19	17	36	—	—	—	50	43	93	—	—	—	41	19	60	50	
2	TIM ഗേൾസ് HS നാദാപുരം	8-10	—	1063	1063	—	12	12	—	—	—	—	47	47	—	—	—	—	19	19	19	
3	ഗവ: യു. പി. നാദാപുരം	1-7	662	710	1372	6	6	12	—	—	—	87	43	130	—	—	—	25	30	55	55	
4	ഗവ: യു. പി. കല്ലാച്ചി	1-7	469	439	908	8	11	19	—	—	—	62	47	109	—	—	—	21	16	37	37	
5	നാദാപുരം സൗത്ത് L P	1-4	122	108	230	7	2	9	—	—	—	12	8	20	—	—	—	—	...	...	...	
6	നാദാപുരം നോർത്ത് L P	1-4	67	60	127	1	—	1	—	—	—	4	3	7	—	—	—	—	..	...	...	
7	ചേലക്കാട് L P	1-5	157	137	294	6	5	11	1	—	1	11	4	15	—	—	—	..	..	...	...	
8	ചേലക്കാട് M L P	1-5	123	98	221	1	3	4	—	—	—	9	7	16	—	—	—	...	..	...	...	
9	ചീയ്യൂർ L P	1-4	132	135	267	5	—	5	—	—	—	11	7	18	—	—	—	...	...	..	...	
10	വിഷ്ണമംഗലം L P	1-5	148	124	272	5	1	6	—	—	—	11	7	18	—	—	—	...	...	...	...	
11	കല്ലാച്ചിമ്മൽ M L P	1-4	130	111	241	—	1	1	—	—	—	11	8	19	—	—	—	..	..	...	...	
12	കുമ്മങ്കോട് ഈസ്റ്റ് L P	1-4	120	115	235	4	3	7	—	—	—	10	9	19	—	—	—	—	...	...	...	
13	കുമ്മങ്കോട് സൗത്ത് M L P	1-4	100	96	196	—	—	—	—	—	—	5	5	10	—	—	—	...	..	...	...	
14	കക്കംവെള്ളി L P	1-4	100	78	178	1	—	1	—	—	—	—	—	—	—	—	—	...	...	...	...	
15	കുറിപ്പുറം A L P	1-4	121	100	221	1	—	1	—	—	—	6	2	8	—	—	—	...	..	...	...	
16	വരിക്കോളി L P	1-5	109	75	184	—	—	—	—	—	—	9	4	13	—	—	—	...	...	...	...	
17	നരിക്കാട്ടേരി M L P	1-5	117	127	244	1	1	2	—	—	—	8	6	14	—	—	—	...	..	...	...	
	ആകെ		3289	3980	7269	65	62	127	1	—	1	306	250	556	—	—	—	87	84	171	161	

സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളുടെ പ്രവർത്തനം ചലനാത്മകമാക്കേണ്ടതാണ്.

വിദ്യാലയങ്ങളിലെ പഠന നിലവാരം അത്ര മെച്ചപ്പെട്ടതല്ല എന്നാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. 30% വിദ്യാർത്ഥികളും പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണ്. കല്ലാച്ചി ഗവ: ഹൈസ്കൂളിലേയും, ടി. ഐ. എം. ഗേൾസ് ഹൈസ്കൂളിലേയും കഴിഞ്ഞ നാല് വർഷങ്ങളിലെ വിജയശതമാനം പട്ടിക 9ൽ ചേർത്തിരിക്കുന്നു.

പട്ടിക 9

സ്കൂളിന്റെ പേര്	S. S. L. C. വിജയ ശതമാനം			
	1992–93	1993–94	1994–95	1995–96
ഗവ: ഹൈസ്കൂൾ കല്ലാച്ചി	17.5%	15%	14%	20%
ടി. ഐ. എം. ഗേൾസ് ഹൈസ്കൂൾ നാദാപുരം	40%	42%	36%	38%

സംസ്ഥാനത്തെ വിജയശതമാനത്തിന്റെ തോതിലെങ്കിലും ഉയരാൻ ഈ സ്കൂളുകൾക്ക് കഴിയുന്നില്ല. എൽ. പി., യു. പി. സ്കൂളുകളുടെ പഠന നിലവാരവും ശോചനീയമാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ജനകീയ ഇടപെടലുകളിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മുൻകാലങ്ങളിൽ വിദ്യാഭ്യാസ രംഗം നേരിടുന്ന ഒരു വലിയ വെല്ലുവിളിയായിരുന്നു. പഞ്ചായത്തിലെ സ്കൂളുകളിൽ നടത്തിയ സർവ്വെ വെളിപ്പെടുത്തുന്ന വിവരം കൗതുകകരമാണ്. എൽ. പി. സ്കൂളുകളിൽ ഇപ്പോൾ കൊഴിഞ്ഞുപോക്ക് തീരെ ഇല്ലെന്നുതന്നെ പറയാം. എന്നാൽ യു. പി. ഹൈസ്കൂൾ തലങ്ങളിൽ കൊഴിഞ്ഞുപോക്ക് ഇപ്പോഴും തുടരുന്നു. പട്ടിക 10 നോക്കുക.

പട്ടിക 10

സ്കൂളുകളിലെ കൊഴിഞ്ഞുപോക്കിന്റെ വിവരം

സ്കൂളിന്റെ പേര്	പഠനം ഇടയ്ക്ക് വെച്ച് നിർത്തിയവർ (1995–96)					
	V	VI	VII	VIII	IX	X
ഗവ: യു. പി സ്കൂൾ കല്ലാച്ചി	5	13	19	—	—	—
ഗവ: യു. പി. സ്കൂൾ നാദാപുരം	5	16	27	—	—	—
ഗവ: ഹൈസ്കൂൾ കല്ലാച്ചി	—	—	—	17	29	4
ടി. ഐ. എം. ഗേൾസ് ഹൈസ്കൂൾ നാദാപുരം	—	—	—	5	11	3
ആകെ	10	29	46	22	40	7

നാദാപുരം ഗ്രാമപഞ്ചായത്ത്

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ കെട്ടിടങ്ങളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം		ഓഫീസ് മുറിയുണ്ടോ	കമ്പ്യൂട്ടർ ലാബുണ്ടോ	ടോയ്ലറ്റ് സൗകര്യമുണ്ടോ	ഓഫീസ് ടോയ്ലറ്റുകളുടെ എണ്ണം	ഓഫീസ് ഇതര ടോയ്ലറ്റുകളുടെ എണ്ണം	ഓഫീസ് ടോയ്ലറ്റുകൾ ഉപയോഗയോഗ്യമാണോ	ഓഫീസ് ഇതര ടോയ്ലറ്റുകൾ ഉപയോഗയോഗ്യമാണോ	കുടിവെള്ള സൗകര്യമുണ്ടോ	കുടിവെള്ളം ലഭ്യമാകുന്ന സ്രോതസ്സുകൾ	കുടിവെള്ളം ലഭ്യമാകുന്ന സ്രോതസ്സുകൾ ഉപയോഗയോഗ്യമാണോ	ചുറ്റുമതിലുണ്ടോ	ചുറ്റുമതിൽ ഉപയോഗയോഗ്യമാണോ	ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം	ഇതര ആശയവിനിമയ സൗകര്യങ്ങളുടെ എണ്ണം				
			ഓടിട്ടത്	കോൺക്രീറ്റ് ചെയ്തത്	ഓടുമേഞ്ഞതും കോൺക്രീറ്റ് ചെയ്തതും അല്ലാത്തത്	ആകെ	ഓഫീസ് മുറികൾ	ഓഫീസ് മുറികൾ അല്ലാത്തത്													ടെലിഫോൺ	ഫാക്സ്	ഇ-മെയിൽ	വെബ്സൈറ്റ്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1.	നാദാപുരം ഗവ.യു.പി.സ്കൂൾ	32	6	1	-	31	3	-	-	ഉണ്ട്	2	14	2	2		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	50	50	10	10	-
2.	നാദാപുരം സൗത്ത് എൽ.പി.സ്കൂൾ	8	1	2	-	5	4	-	2	ഇല്ല	2	5	-	-		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	-	-	2	2	-
3.	വിഷ്ണുമംഗലം എൽ.പി.സ്കൂൾ	9	1	4	-	5	9	-	1	ഇല്ല	-	-	1	-		ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15	15	2	2	-
4.	കുറ്റിപ്പുറം എൽ.പി.സ്കൂൾ	8	1	2	-	4	4	-	2	ഉണ്ട്	1	4	1	1		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	15	15	2	2	-
5.	ചേലക്കാട് എൽ.പി.സ്കൂൾ	10	1	6	-	1	10	-	1	ഉണ്ട്	1	2	1	-		ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	30	40	5	5	-
6.	കല്ലാച്ചി ഗവ.യു.പി.സ്കൂൾ	23	1		-	10	8	-	10	ഉണ്ട്	2	15	2	2	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	അതെ	-	-	-	-	-
7.	നാദാപുരം നോർത്ത് എൽ.പി.സ്കൂൾ	5	1	-	-	8	-	-	-	ഇല്ല	-	-	2	-	-	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	അതെ	-	-	-	-	-
8.	നാദാപുരം ടി.ഐ.എം.യു.പി.സ്കൂൾ	24	5	-	-	24	-	-	-	ഉണ്ട്	1	10	1	3		ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	അതെ	-	-	-	-	-
9.	കക്കംവള്ളി എൽ.പി. സ്കൂൾ	6	2	-	-	6	-	-	-	ഉണ്ട്	2	10	-	-		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	30	10	2	3	1 ഷെൽഫ്
10.	കുമ്മങ്കോട് സൗത്ത് എൽ.പി.സ്കൂൾ	6	2	-	-	8	-	-			-	-	-	-		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	20	20	4	4	1 ഷെൽഫ്
11.	പേരോട് എൽ.പി.സ്കൂൾ	6	4	-	-	9	-	-	2	ഉണ്ട്	-	-	1	-		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	25	6	8	1 ഷെൽഫ്
12.	കല്ലാച്ചി ഗവ.ഹൈസ്കൂൾ	23	5	-	-	23	-	-	10	ഉണ്ട്	4	10	2	1	1	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	50	50	20	20	3 ഷെൽഫ്
13.	വളയോളി എൽ.പി.സ്കൂൾ	5		1	-	-	5	-	2	ഇല്ല			1	-		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	20	25	2	4	-
14.	നരിക്കാട്ടേരി എം.എൽ.പി.സ്കൂൾ	7	1	2	-	2	5	-	2	ഉണ്ട്	1	2	-			ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15	20	3	4	-
15.	ചേലക്കാട് എം.എൽ.പി.സ്കൂൾ	7	1	1	-	3	4	-	2	ഉണ്ട്			1			ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	20	25	4	4	-
16.	കല്ലാച്ചിമേൽ എം.എൽ.പി.സ്കൂൾ	8	2	2	-	5	3	-	-		-	-	1			ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	അതെ	-	-	-	-	-
17.	കുമ്മങ്കോട് ഈസ്റ്റ് എൽ.പി.സ്കൂൾ	8	2	1	-	5	3	-	-		1	4	1	1	-	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	15	20	2	5	-

മുൻപ് പാഠ്യാനുബന്ധ പ്രവർത്തനങ്ങളായി സ്കൂളുകളിൽ സാഹിത്യസമാജങ്ങളും സർവസാധാരണങ്ങളായിരുന്നു. പൊതു പ്രവണതയുടെ ഭാഗം എന്ന പോലെ ഈ പഞ്ചായത്തിലെ സ്കൂളുകളിലും ബാലസമാജങ്ങളോ സാഹിത്യസമാജങ്ങളോ ഗൗരവപൂർവ്വം സംഘടിപ്പിക്കപ്പെടുന്നില്ല. ചില സ്കൂളുകളിൽ മോശമില്ലാത്ത ലൈബ്രറികളും ഉണ്ടെങ്കിലും പുസ്തകവിതരണത്തിന്റെ കാര്യത്തിൽ അലംഭാവമുണ്ട്. സ്കൂൾ സബ്ജില്ലാതല കലാമേളകളും തൃപ്തികരമായി നടക്കാറുണ്ട്. സ്കൗട്ട് ആൻറ് ഗൈഡ്, എൻ. സി. സി. പ്രവർത്തനങ്ങളും സജീവമല്ല.

5 വയസ്സിനുതാഴെ പ്രായമുള്ള 6000ത്തോളം കുട്ടികളുള്ള വിസ്തൃതമായ ഈ പഞ്ചായത്തിൽ ഒറ്റ ബാലവാടി മാത്രമാണുള്ളത്. വലിയ ഒരു പോരായ്മതന്നെയാണിത്, ഉള്ള ബാലവാടിയുടെ പ്രവർത്തനം തന്നെ തൃപ്തികരമെന്നും പറഞ്ഞുകൂടാ. സമ്പന്നരുടെയും കഷ്ടിച്ച് ഇടത്തരക്കാരുടെയും കുട്ടികൾക്കു മാത്രം പ്രാപ്യമായ 3 ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളുകളും പഞ്ചായത്തിലുണ്ട്. അഭിമാനപൂർവ്വം ചൂണ്ടിക്കാട്ടാവുന്ന പ്രവണതയല്ല ഇത്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ കാര്യമായ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

ചുരുക്കംചില ഗ്രന്ഥാലയങ്ങളും മാത്രമാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. കല്ലാച്ചിയിൽ പ്രവർത്തിക്കുന്ന ലോക്കൽ ലൈബ്രറി, ദേശപോഷിണി വായനശാല, പൗർണ്ണമി വായനശാല, നാദാപുരം സാംസ്കാരിക നിലയം എന്നിവ പഴക്കവും പാരമ്പര്യവുമുള്ളതാണ്. 1993ൽ സ്ഥാപിതമായ ആരതി ലൈബ്രറി, ജ്വാല ലൈബ്രറി, ഫ്രൻസ്കലാവേദി ലൈബ്രറി, ഐഡിയൽ ഇസ്ലാമിക് സൊസൈറ്റി ലൈബ്രറിഎന്നിവയാണ്മറ്റുചില ലൈബ്രറികളും. വളരെ മെച്ചപ്പെട്ട നിലയിലാണ് ഇവയുടെ പ്രവർത്തനം എന്നുപറഞ്ഞുകൂടാ. കൂടുതൽ ശ്രദ്ധ പതിപ്പിക്കപ്പെടേണ്ട മേഖലയാണിത്. സാക്ഷരതാപ്രവർത്തനം സാമാന്യം നല്ലനിലയിൽ ഈ പഞ്ചായത്തിൽ നടന്നിരുന്നു. തുടർപ്രവർത്തനങ്ങളും ഇല്ലാതെപോയതിനാൽ ഈ രംഗത്ത് നേട്ടം നിലനിർത്താനായില്ല. ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിന്റെ നേട്ടം എന്ന നിലയിൽ രണ്ട് ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ മേഖയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും:-

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി പഞ്ചായത്തിലെ നാദാപുരം ഗവ: യു. പി. സ്കൂൾ, നാദാപുരം സൗത്ത് എൽ.പി. സ്കൂൾ, പേലക്കാട് എം. എൽ. പി സ്കൂൾ എന്നീ വിദ്യാലയങ്ങളിൽ "എം. എൽ. എൽ" (M. L. L.) പരിപാടി നടപ്പിലാക്കിവരുന്നു.

ജില്ലാ പഞ്ചായത്തിന്റെ ജനകീയ വിദ്യാഭ്യാസ പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങളും പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും നടന്നുവരുന്നു.

പ്രശ്നങ്ങൾ

— വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

— മിക്ക വിദ്യാലയങ്ങളിലും ഭൗതിക സൗകര്യങ്ങളും വേണ്ടത്രയില്ല.

— അൺ-എയിഡഡ് വിദ്യാലയങ്ങളുടെ വർധന പൊതുവിദ്യാലയങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്നു.

— സമീപസ്ഥ നഗരങ്ങളിലെ സൗകര്യപ്രദമായ വിദ്യാലയങ്ങളിലേക്ക് പഞ്ചായത്തിലെ കുട്ടികളും പ്രവഹിക്കുന്നു.

— ചില വിദ്യാലയങ്ങളിൽ പി. ടി എ. ഫലപ്രദമല്ല.

— സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത.

— ഹയർസെക്കണ്ടറി വിദ്യാലയങ്ങളും ഇല്ല.

— ഉപരിപഠനത്തിനു കോളേജുകളും ഇല്ല.

— പ്രീ–പ്രൈമറി സ്കൂളുകളുടെ അഭാവം.

— വായനശാലകളുടെ എണ്ണക്കുറവ്.

— പഠനനിലവാരത്തിന്റെ പോരായ്മ.

— എസ്. എസ്. എൽ സി. വിജയശതമാനക്കുറവ്.

— അനധികൃത സ്കൂളുകളുടെ വർധനവ്.

— സാക്ഷരതാ തുടർപ്രവർത്തനം നടക്കുന്നില്ല.

— ലൈബ്രറികളും മെച്ചപ്പെട്ടതല്ല.

സാധ്യതകൾ

— സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ.

— സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ.

— ഗവ: സ്കൂളുകളിലെ സർക്കാർ ഗ്രാൻറുകൾ വർധിപ്പിക്കുക.

— പി. ടി. എ. പ്രവർത്തനം ഫലപ്രദമാക്കുക.

— അനധികൃത സ്കൂളുകളെ നിയന്ത്രിക്കുക.

— എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുക.

— ലൈബ്രറികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

— സാക്ഷരതാ–തുടർപ്രവർത്തനം ആരംഭിക്കുക.

— സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിക്കുക.

— ഹൈസ്കൂളുകളിൽ പ്ലസ്ടു, വി. എച്ച്. എസ്. എന്നീ കോഴ്സുകൾ ആരംഭിക്കുക.

— പഞ്ചായത്തിൽ ഒരു കോളേജ് അനുവദിക്കുക.

— സ്കൂൾ പി. ടി. എ., മാതൃസംഗമം എന്നിവ സജീവമാക്കുക.

— പ്രീ–പ്രൈമറി സ്കൂളുകളും ബാലവാടികളും ആരംഭിക്കുക.

— കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുക.

— റഫറൽ ലൈബ്രറി ആരംഭിക്കുക.

പട്ടിക 12

നാദാപുരം പഞ്ചായത്തിലെ സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

എണ്ണം	വിദ്യാഭ്യാസം				ആരോഗ്യം				മറ്റു സേവന മേഖലകൾ			
	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
സ്ഥാപനങ്ങൾ	4		14	18	1	1	2	4	25	3	1	29
ജീവനക്കാർ	125		129	254	53	7	9	69	271	20	5	296

പൊതുജനാരോഗ്യം

നാദാപുരം പഞ്ചായത്തിൽ ഈ നൂറാണ്ടിന്റെ ആരംഭഘട്ടത്തിൽ നാട്ടുചികിത്സാ സമ്പ്രദായമാണ് നിലനിന്നിരുന്നത്. അലോപ്പതി ചികിത്സാരംഗത്ത് വളരെ പഴക്കംചെന്ന നാദാപുരം ഗവ: ആശുപത്രി മാത്രമേ ഉണ്ടായിരുന്നുള്ളൂ. പല പരിമിതികളും നിലവിലുണ്ടെങ്കിലും സാധാരണക്കാരന്റെ അഭയസങ്കേതം ഇപ്പോഴും നാദാപുരം ഗവ: ആശുപത്രി തന്നെയാണ്. 65 ജീവനക്കാർ ആവശ്യമുള്ള ഈ ആശുപത്രിയിൽ ഇപ്പോഴുള്ളത് 42 പേർ മാത്രമാണ് ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാത്തത് കാരണം രാത്രികാലത്ത് ഡോക്ടർമാരുടെ സേവനം പരിമിതമാണ്. ആശുപത്രിയുടെ നിലവിലുള്ള സൗകര്യങ്ങളും അപര്യാപ്തമാണ്. പഴക്കംചെന്ന കെട്ടിടങ്ങളും അറുകുറപ്പണികളും പോലും നടത്താത്ത സ്ഥിതിയുണ്ട്. ആശുപത്രി വിപുലീകരണ പ്രവർത്തനങ്ങളും നടത്തേണ്ടിയിരിക്കുന്നു. ആശുപത്രിയിൽ ധാരാളം രോഗികളും ചികിത്സക്കെത്തുന്നുണ്ട്. 1992–93 വർഷത്തിൽ വിവിധ പഞ്ചായത്തുകളിൽനിന്നായി 57116 രോഗികളാണ് ചികിൽസക്കെത്തിയിരുന്നതെങ്കിൽ 1995–96 വർഷത്തിൽ 62607 രോഗികളാണ് ചികിൽസക്കെത്തിയിട്ടുള്ളത്.

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 7 അലോപ്പതി ആശുപത്രികളും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു അലോപ്പതി ആശുപത്രിയും നമ്മുടെ പഞ്ചായത്തിലുണ്ട്. വളരെ പണച്ചെലവുകളുണ്ടെങ്കിൽപോലും സൗകര്യങ്ങളോടെത്ത് സ്വകാര്യ ആശുപത്രികളെ സമീപിക്കുന്ന ഒരു പ്രവണത അടുത്തകാലത്ത് വ്യാപകമായി കണ്ടുവരുന്നുണ്ട്. നാദാപുരത്ത് രണ്ട് ആയുർവ്വേദ ആശുപത്രിയും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ബിരുദധാരികളായ ഡോക്ടർമാരും റജിസ്റ്റേഡ് പ്രാക്ടീഷണർമാരുമുൾപ്പെടെ ഒരു ഡസനിലധികംപേർ ആയുർവ്വേദ രംഗത്ത് ചികിത്സ നടത്തുന്നുണ്ട്. ഏകദേശം അത്രത്തോളം പേർ ഹോമിയോ ചികിൽസയും നടത്തുന്നുണ്ട്. കൂടാതെ യുനാനി ചികിൽസ, മർമ്മചികിൽസ എന്നിവയും നമ്മുടെ പഞ്ചായത്തിലുണ്ട്.

പട്ടിക 13

സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരെ സംബന്ധിച്ച വിവരം

സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
അൽഷിഫാ നാഷനൽ ആശുപത്രി നാദാപുരം	11
നാദാപുരം നേഴ്സിംഗ് ഹോം	16
നളിനാ ക്ലിനിക്ക് നാദാപുരം	3
വെട്ടുകാട്ടിൽ ആശുപത്രി കല്ലാച്ചി	4
ഡോ: ദയാനന്ദൻ ക്ലിനിക്ക്	4
മോഡേൺ ആശുപത്രി കല്ലാച്ചി	3
ഡോ: രാമചന്ദ്രന്റെ ആശുപത്രി	—
ശാന്തിനികേതൻ ആയുർവ്വേദ നേഴ്സിംഗ്ഹോം	6
ശാഫി ആയുർവ്വേദ ക്ലിനിക്ക് നാദാപുരം	3

കുറ്റ്യാടി പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ കുമ്മങ്കോട്, ചേലക്കാട്, തെരുവമ്പറമ്പ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന 3 സബ് സെന്ററുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ചേലക്കാട്, തെരുവമ്പറമ്പ് എന്നീ സബ് സെന്ററുകൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്. ചേലക്കാട് സബ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടം ജീർണ്ണാവസ്ഥയിലാണെങ്കിലും തെരുവമ്പറമ്പ് സബ് സെന്ററിന് സൗകര്യപ്രദമായ കെട്ടിടമുണ്ട്. പക്ഷെ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. കുമ്മങ്കോട് സബ് സെന്റർ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചേലക്കാട്, കുമ്മങ്കോട് എന്നീ സബ് സെന്ററുകളിൽ പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാത്തതുകാരണം ജീവനക്കാർക്ക് താമസിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈയൊരു പരിതസ്ഥിതി കാരണം ആരോഗ്യ പ്രവർത്തകരുടെ സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഇതൊക്കെയാണെങ്കിലും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് സാമാന്യമായി വൈദ്യപരിശോധന ലഭിക്കാനുള്ള സൗകര്യങ്ങളുണ്ട്.

കേരളത്തിലെ വാർഷിക പൊതുമരണനിരക്ക് 1000ത്തിന് 5.9 ആണ്. നമ്മുടെ പഞ്ചായത്തിൽ ഇത് 4.8 ആണ്. ശിശു മരണനിരക്കിന്റെ കാര്യത്തിലും ഏതാണ്ട് സംസ്ഥാന നിരക്കിനോടൊപ്പമാണ്. കേരളത്തിലെ ശിശുമരണനിരക്ക് 1000ത്തിന് 1.6ഉം നമ്മുടെ പഞ്ചായത്തിന്റേത് 2.15ഉം ആണ്. സംസ്ഥാന മാതൃ മരണനിരക്ക് 1000ത്തിന് ഒന്നിന് താഴെയും, പഞ്ചായത്തിലേതും ഒന്നിന് താഴെയാണ്. പഞ്ചായത്തിലെ ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണെന്നാണ് കണക്കാക്കപ്പെട്ടുന്നത്. സംസ്ഥാന ജനനനിരക്ക് 17ഉം പഞ്ചായത്തിലേത് 18ഉം ആണ് എന്നും കണക്കാക്കപ്പെട്ടുന്നു.

കുടുംബാസൂത്രണം പ്രതിരോധം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

1 കുട്ടി	—	118
2 കുട്ടികൾ	—	464
3 കുട്ടികൾ	—	1331

നമ്മുടെ പഞ്ചായത്തിൽ 101 വികലാംഗരുണ്ട് എന്നാണ് കണക്കുകൾ കാണിക്കുന്നത്. പോളിയോ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പണ്ടുകാലങ്ങളിൽ ഫലപ്രദമല്ലാതായതിനാലാകാം ഇതിൽ നല്ലൊരു ശതമാനം വികലാംഗരായത്. പ്രൈമറി കോംപ്ലക്സ് (ബാല ടി. ബി.) ധാരാളം കുട്ടികളിൽ കണ്ടുവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രധാനമായി കണ്ടുവരുന്ന രോഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

സ്ഥായിയായ രോഗബാധിതർ		
1.	രക്തസമ്മർദ്ദം	3
2.	പ്രമേഹം	35
3.	കാൻസർ	3
4.	കുഷ്ഠം	—
5.	ക്ഷയം	—
6.	ഹൃദ്രോഗം	40

7000ത്തോളം കുടുംബങ്ങൾ താമസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് ഇല്ല. 5558 വീടുകൾക്ക് മാത്രമേ സ്വന്തമായി കക്കൂസ് സൗകര്യങ്ങളുള്ളൂ. 18%ത്തോളം വീടുകൾക്ക്

സ്വന്തമായി കക്കൂസ് ഇല്ല. ഇതിൽ ഭൂരിപക്ഷം വീട്ടുകാർക്കും സാമ്പത്തിക പരാധീനത കാരണം കക്കൂസ് നിർമ്മിക്കാൻ കഴിയാത്തവരാണ്. ഇവർക്ക് സാമ്പത്തിക സഹായം അനുവദിച്ചാൽ മാത്രമേ എല്ലാ വീടുകൾക്കും കക്കൂസ് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ. നാദാപുരം കല്ലാച്ചി ടൗണുകളിൽ പൊതു കക്കൂസ് ഇല്ലാത്തതു കാരണം ജനങ്ങൾ വളരെയധികം പ്രയാസങ്ങൾ നേരിടാറുണ്ട്. ഇതും പരിഹരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന ടൗണുകളായ കല്ലാച്ചി, നാദാപുരം എന്നിവിടങ്ങളിലെ മാലിന്യ പ്രശ്നവും രൂക്ഷമാണ്. പ്രസ്തുത ടൗണുകൾ പഞ്ചായത്തിലെ ബന്ധപ്പെട്ട ജീവനക്കാർ തുത്തുവാരാറുണ്ടെങ്കിലും മാലിന്യങ്ങൾ ടൗണുകളിലെവിടെയെങ്കിലും നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇത് നിക്ഷേപിക്കാനുള്ള സൗകര്യം പഞ്ചായത്തിനില്ലാത്തതാണ് കാരണം. അതിനാൽ ഈ പ്രശ്നം പരിഹരിക്കാൻ വേണ്ട സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാതാണ്. പുനർ സമർപ്പണ ദിനത്തിന്റെ ഭാഗമായി നടന്ന ടൗൺ ശുചീകരണ പ്രവർത്തന ഫലമായി തല്ലാലത്തേക്കാണെങ്കിലും മാലിന്യ പ്രശ്നത്തിന് അല്പമൊരു പരിഹാരമുണ്ടായിട്ടുണ്ട്. കച്ചവട സ്ഥാപനങ്ങളിൽനിന്നും മാർക്കറ്റുകളിൽനിന്നുമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്. കച്ചവട സ്ഥാപനങ്ങളും മറ്റും ആരംഭിക്കുമ്പോൾ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ടോ എന്നു് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ ടൗണുകളിലും പരിസരങ്ങളിലും കൊതുകുശല്യം രൂക്ഷമായിട്ടുണ്ട്. ഗ്രാമങ്ങളിലും ഭാഗികമായി കൊതുകുശല്യം അനുഭവപ്പെടുന്നുണ്ട്. ടൗണുകളിലെ അഴുക്കുചാലുകൾ യഥാസമയം അറുകുറപണികൾ നടത്താത്തുകാരണം വെള്ളം കെട്ടിനിൽക്കുന്നതാണ് കൊതുകുകൾ പെരുകാനുള്ള പ്രധാന കാരണം.

ആരോഗ്യ രംഗത്തെ നടപ്പുപദ്ധതികൾ

നാദാപുരം ഗവ: ആശുപത്രിയിൽനിന്നും താഴെപറയുന്ന പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

നാഷനൽ ഫാമിലി പ്ലാനിങ്ങ് പ്രോഗ്രാം
നാഷണൽ ഇമ്മ്യൂണൈസേഷൻ
ക്ഷയരോഗ നിർമ്മാജ്ജനം
മലേറിയ നിർമ്മാജ്ജനം
കുഷ്ഠരോഗ നിർമ്മാജ്ജനം

പി. എച്ച്. സി. മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

ഗർഭിണികൾക്ക് **T. T.** കുത്തിവെപ്പ്
കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ്
പകർച്ചവ്യാധികൾക്കെതിരെയുള്ള ബോധവൽക്കരണം.
O. R. S. മുതലായവയുടെ വിതരണം

പ്രശ്നങ്ങൾ

— നാദാപുരം ഗവ: ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളുടെ അപര്യാപ്തത.
— നാദാപുരം ഗവ: ആശുപത്രിയിൽ ആവശ്യത്തിന് കെട്ടിട സൗകര്യങ്ങളില്ല. ജീവനക്കാരുടെ എണ്ണം കുറവ്.
— സബ്-സെൻറുകളുടെ ശോചനീയാവസ്ഥ.
— സബ്-സെൻററിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.
— ആരോഗ്യ പ്രവർത്തകരുടെ വീടുകയറിയുള്ള പ്രവർത്തനം ഫലപ്രദമല്ല
— ടൗണുകളിലെ മാലിന്യം നീക്കം ചെയ്യാൻ സംവിധാനമില്ല.
— കൊതുകനിവാരണ മാർഗങ്ങൾ അവലംബിക്കുന്നില്ല.
— സ്വകാര്യ ആശുപത്രികളിലെ അമിതമായ ചാർജ്ജ്.

സാധ്യതകൾ

— നാദാപുരം ഗവ: ആശുപത്രിക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക, ജീവനക്കാരെ നിയമിക്കുക.
— പഞ്ചായത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള വാഹനവും നിക്ഷേപിക്കാനുള്ള സ്ഥലസൗകര്യവും ഏർപ്പെടുത്തുക.
— സബ് സെൻറുകൾക്ക് ആവശ്യമായ കെട്ടിട സൗകര്യം ഏർപ്പെടുത്തുക.
— സബ്സെൻറുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.
— ആരോഗ്യപ്രവർത്തകരുടെ വീടുകയറിയുള്ള പ്രവർത്തനം കാര്യക്ഷമമാക്കുക.
— കൊതുക നിവാരണ പ്രവർത്തനം നടത്തുക.
— ടൗണുകളിലെ അഴുക്കുചാലുകളുടെ അറുകുറപണികൾ നടത്തുക.
— ആവശ്യമായ പ്രദേശങ്ങളിൽ സബ് സെൻറുകൾ ആരംഭിക്കുക.
— പി. എച്ച്. സി. സബ് സെൻറുകൾ സജീവമാക്കാൻ പ്രാദേശിക ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.

കുടിവെള്ളം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ജനങ്ങളും മുഖ്യമായും കിണറുകളെയാണ് കുടിവെള്ളത്തിനു് ആശ്രയിക്കുന്നത്. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ മൊത്തം 5770 വീടുകളും 4771 കിണറുകളുമാണുള്ളത്. ഇതിൽ 2746 സാനിറ്ററി വെൽ, 2025 സാധാരണ കിണർ എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. പൊതു കുടിനീർ സ്രോതസ്സുകളെയെടുത്താൽ 15 പൊതു കിണറുകളും, 6 കഴൽ കിണറുകളും, 34 പൊതു ടേപ്പുകളും എന്നിവ മാത്രമാണ് ഇപ്പോളും നമുക്കുള്ളത്. കൂടാതെ 97 വീടുകൾക്ക് പൊതു വാട്ടർ ടാപ്പ് കണക്ഷനും ഉണ്ട്.

സെൻസസ്സിനുശേഷം വീടുകളുടെയും കിണറുകളുടേയും എണ്ണത്തിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ എല്ലാ വിഭാഗവും ഉൾപ്പെടെ 9000-ത്തിലധികം കെട്ടിടങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ വർദ്ധനവിനനുസരിച്ച് കുടിവെള്ളത്തിന്റെ ഉപയോഗവും വർദ്ധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 20% കുടുംബങ്ങളും ശുദ്ധജലക്ഷാമമനുഭവിക്കുന്നുണ്ട്. വേനൽക്കാലങ്ങളിൽ ഏകദേശം 20% കിണറുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. പ്രസ്തുത കാലത്ത് പൊതുടാപ്പുകളിലും 12-ാം വാർഡിലെ പനയുള്ളപറമ്പ്, ചരളിൽ എന്നീ ലക്ഷംവീടുകളിൽ, കക്കാട്ടപാറ, തോട്ടത്തിൽപാറ, വേട്ടോൻകോട്ട, ചുണ്ടകുന്ന്, തെങ്ങുവമ്പറമ്പ്, പാറകുന്നത്ത്, വലിയപറമ്പത്ത്, മുക്കിട്ടേമ്മൽ, അഞ്ചാം വാർഡിലെ മുള്ളൻകാട്ടിൽ, 4-ാം വാർഡിലെ തയ്യുള്ളതിൽമുക്ക്, 1-ാം വാർഡിലെ ചെറുപീടികക്കണ്ടി, 3-ാം വാർഡിലെ മഞ്ചാംപാറ, 2-ാം വാർഡിലെ അണിയാരികുന്ന്, 13-ാം വാർഡിലെ നായര്കണ്ടി മുക്ക്, 7-ാം വാർഡിലെ തട്ടാൻകുന്ന്, 6-ാം വാർഡിലെ ആനകോയേമ്മൽ, 9-ാം വാർഡിലെ പെരുവങ്കര, 10-ാം വാർഡിലെ ഒന്തംപറമ്പ്, അത്തിയോറ, പാലോള്ളതിൽമുക്ക്, ഇയ്യങ്കോട് തുടങ്ങിയ ഒട്ടേറെ സ്ഥലങ്ങളിൽ വേനൽകാലത്ത് ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിലെ നിരവധി കുടുംബങ്ങൾക്ക് സ്വന്തമായി കിണറില്ല. പ്രസ്തുത കുടുംബങ്ങൾ അന്യ കുടുംബങ്ങളുടെ കിണറുകളാണ് ശുദ്ധജലത്തിനായി ആശ്രയിക്കുന്നത്. നാദാപുരം ഗ്രാമപഞ്ചായത്ത് 50,000 രൂപ സംഭാവന നൽകി സ്ഥലമെടുപ്പിനു് സഹായിക്കുകയും, 22,500 രൂപ ചെലവാക്കി പഞ്ചായത്തിൽ പ്രത്യേക ജലസംഭരണി നിർമ്മിക്കാൻ 15 സെന്റ് സ്ഥലം വാട്ടർ അതോറിറ്റി വകുപ്പിനു് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതും കോടിക്കണക്കിനു് രൂപ ചിലവഴിക്കപ്പെട്ടതുമായ ഒഞ്ചിയം ചോറോട് പദ്ധതി കമ്മീഷൻ ചെയ്താൽ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം 90%വും പരിഹരിക്കപ്പെടുന്നതാണ്. ഇയ്യങ്കോട് ഗ്രാമീണ ജലസേചന പദ്ധതി വിപുലപ്പെടുത്തിയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴൽകിണർ കുഴിച്ച് ഭൂഗർഭ ജലം ഉപയോഗപ്പെടുത്തിയും ശുദ്ധജലക്ഷാമത്തെ നേരിടാൻ കഴിയും. പഞ്ചായത്തിലെ 4, 6 വാർഡുകളിൽ പുളിക്കൽ തോടിനുസമീപം കിണർ കുഴിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി ശുദ്ധ ജലം വിതരണം ചെയ്യാവുന്നതാണ്. 12-ാം വാർഡിലും ഇതേ സാധ്യതയുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ കിണറുകളിൽ നിന്നും ശുദ്ധമായ ജലം ലഭിക്കുന്നുണ്ടെങ്കിലും കിണറുകളിലെ ജലവിതാനം വർഷംപ്രതി താഴ്ന്നു പോകുന്നതായി കാണുന്നു. ഇതു് തടയുന്നതിനായി നമ്മുടെ മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ജനകീയ പ്രവർത്തനങ്ങളും നടത്തേണ്ടിയിരിക്കുന്നു.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള കനാലുകളിൽകൂടി വേനൽകാലത്ത് വെള്ളം തുറന്നുവിടുമ്പോൾ കനാൽ പ്രദേശത്തുള്ള കുടിവെള്ള പ്രശ്നത്തെ ഒട്ടൊക്കെ പരിഹരിക്കാൻ കഴിയുന്നുണ്ട്.

11-ാം വാർഡിലെ മലയിൽ ലക്ഷംവീട് കോളനിയെന്നറിയപ്പെടുന്ന പ്രദേശത്തെ രൂക്ഷമായ ജലക്ഷാമം നേരിടുന്നതിനായി ആരംഭിച്ചിട്ടുള്ള ശുദ്ധ ജല വിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കി എത്രയും പെട്ടെന്നു ജലവിതരണം നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ 1, 2, 3, 4, 7, 11, 12 എന്നീ വാർഡുകളിലെ താഴ്ന്ന പ്രദേശത്ത് കിണർ കുഴിച്ചു ഉയർന്ന പ്രദേശത്ത് ജലം വിതരണം ചെയ്യുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും ആരംഭിക്കേണ്ടതുണ്ട്. ഇനി നമുക്ക് പഞ്ചായത്തിലെ പ്രധാനപ്പെട്ട കുടിവെള്ള പ്രശ്നങ്ങളും സാധ്യതകളും പരിശോധിക്കാം.

പ്രശ്നങ്ങൾ

— സ്ഥിരമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മലയിൽ, ചരളിൽ, പനയുള്ളപറമ്പത്ത് എന്നീ ലക്ഷം വീട് പ്രദേശം

— വേനൽക്കാലത്ത് എല്ലാ വാർഡുകളിലും ഭാഗികമായ ശുദ്ധജല ക്ഷാമം.

— ചില പ്രദേശങ്ങളിൽ മണ്ണിനടിയിൽ പാറ ഉള്ളതുകാരണം കിണർ കുഴിക്കാൻ പ്രയാസമനുഭവപ്പെടുന്നു.

— നാദാപുരം കല്ലാച്ചി എന്നീ മത്സ്യമാർക്കറ്റുകളിലെ മലിനീകരണം കാരണം സമീപ പ്രദേശങ്ങളിലെ കിണർ ജലം ഉപയോഗശൂന്യമാകുന്നു.

— കുടിവെള്ള ക്ഷാമമനുഭവിക്കുന്ന വേനൽകാലത്ത് പൈപ്പ് ജല വിതരണവും തകരാറിലാകുന്നു.

— കുടിവെള്ള വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസം.

— ടാപ്പിലെ വെള്ളം ദുരുപയോഗപ്പെടുത്തുന്നു, പുതിയ ടാപ്പുകൾ ലഭിക്കുന്നില്ല.

സാധ്യതകൾ

— നിലവിലുള്ള പൊതുടാപ്പുകളിൽ വേനൽക്കാലത്ത് ആവശ്യാനുസരണം ജലം ലഭ്യമാക്കുക.

— പൊതു ടാപ്പുകളുടെ അറ്റകുറ്റപ്പണി നടത്തുക, പുതിയ കണക്ഷനുകൾ നൽകുക.

— നിലവിൽ പണി നടക്കുന്ന പദ്ധതികൾ ഉടനെ പ്രവർത്തനമാരംഭിക്കുക

— മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാൻ സാമൂഹ്യ ഇടപെടൽ നടത്തുക.

— ജലമലിനീകരണ നിവാരണം നടപ്പിലാക്കുക.

— ജലസമ്പത്തിന്റെ അമിത ഉപയോഗം തടയുക.

— ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കിണർ കുഴിക്കുക.

— ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക.

-★-

വ്യവസായം

വ്യവസായ രംഗത്ത് നാദാപുരം പഞ്ചായത്തിന് പറയത്തക്ക നേട്ടങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നാളിതുവരെ ഈ പഞ്ചായത്ത് വ്യാപാര കേന്ദ്രമെന്ന നിലയിലാണ് ശ്രദ്ധിക്കപ്പെട്ടിട്ടുള്ളത്. കാർഷിക മേഖലയിലെ സമൃദ്ധമായ വിഭവങ്ങളും വ്യവസായ വല്ക്കരണത്തിനായി ഉപയോഗപ്പെടുത്താൻ ആദ്യകാലം മുതൽ തന്നെ വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കാതിരുന്നതിന്റെ പ്രശ്നങ്ങളും നിലനിൽക്കുന്നു.

ദുർബലവിഭാഗങ്ങളും കൈത്തൊഴിലായി മുറം, പായ, കൂട്ട, തലക്കൂട, കാൽക്കൂട, പിരിയോല എന്നിവ ഉണ്ടാക്കുകയും, വീടുകളിൽ വിറ്റ് ഉപജീവനം കഴിക്കുകയും ചെയ്തിരുന്ന സമ്പ്രദായം രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് വരെ നിലനിന്നിരുന്നു. ഇന്നു മേൽപറഞ്ഞ ഉൽപന്നങ്ങളിൽ പായ, മുറം, കൂട്ട എന്നിവയ്ക്ക് വേണ്ടി പൂർണ്ണമായും കമ്പോളത്തെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. പ്രസ്തുതകുടിൽവ്യവസായം നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് പൂർണ്ണമായി തകച്ചയിലേക്ക് നീങ്ങുകയാണ് പഞ്ചായത്തിന്റെ വടക്ക്-പടിഞ്ഞാറ് അതുത്തി പ്രദേശത്ത് ഏതാണ്ട് 20 വർഷങ്ങൾക്കുമുമ്പുവരെ നെയ്ത്തു വ്യവസായം നല്ല രീതിയിൽ നടന്നുവന്നിരുന്നു വീടുകളും കേന്ദ്രീകരിച്ചാണ് ഈ വ്യവസായം നിലനിന്നിരുന്നത് ഇന്നു ഈ വ്യവസായം നാദാപുരം പഞ്ചായത്തിൽ ഒരിടത്തും ഇല്ല. ചില ചെറുകിട ബീഡി കമ്പനികളും മുപ്പത് വർഷങ്ങൾക്കുമുമ്പ് ഭേദപ്പെട്ട രീതിയിൽ ഈ പഞ്ചായത്തിൽ നടന്നുപോന്നിരുന്ന പ്രസ്തുത ബീഡി കമ്പനികളുടെ തകർച്ചയോടെ നമ്മുടെ പഞ്ചായത്തിൽ ബീഡി ഉല്പാദനം പാടെ നിലച്ചു. നാദാപുരത്ത് പ്രചാരം ലഭിച്ച ഒരു ചെരിപ്പ് നിർമ്മാണകേന്ദ്രം മുമ്പുണ്ടായിരുന്നു. ഏതാനും ആളുകൾ ചേർന്ന് കൂരകച്ചവടം എന്ന നിലയിൽ തേങ്ങ വാങ്ങി ഉണക്കി വിപണനം ചെയ്തിരുന്ന ചെറുകിട വ്യവസായ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി വർഷങ്ങൾക്കുമുമ്പ് നിലനിന്നിരുന്നു. ഇത്തരം അനുപചാരിക വ്യവസായ യൂണിറ്റുകളും ഇന്ന് നാമമാത്രമാണ്. മരച്ചക്ക ഉപയോഗിച്ചുള്ള കൊപ്രയാട്ടൽ, കയർ പിരിക്കൽ, പപ്പട നിർമ്മാണം, കുമ്മായനിർമ്മാണം, അവിൽനിർമ്മാണം, തവിൽ നിർമ്മാണം എന്നീ കുടിൽ വ്യവസായങ്ങളും ഈ പഞ്ചായത്തിൽ സാമാന്യം നല്ലനിലയിൽ നടന്നിരുന്നു. മേൽപ്പറഞ്ഞ പരമ്പരാഗത വ്യവസായ സംരംഭങ്ങളും നാശോന്മുഖമായപ്പോൾ യന്ത്രവൽകൃത വ്യവസായ യൂണിറ്റുകളും ഉടലെടുക്കാൻ തുടങ്ങി. അമ്പതോളം ആളുകൾ വീതം പണിയെടുത്തിരുന്ന പെരുവൻകരയിലെ ചകിരി കമ്പനി, കൊക്കൊ ഫൈബർ എന്നിവ ഇങ്ങനെ ഉയർന്നുവന്ന സ്ഥാപനങ്ങളായിരുന്നു. എന്നാൽ ഇവയും ഏതാനും വർഷങ്ങളിലെ പ്രവർത്തനത്തിനുശേഷം പൂട്ടിപ്പോവുകയാണുണ്ടായത്. ഏതാനും ചെറുകിട വ്യവസായ സംരംഭങ്ങളും മാത്രമാണ് ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലുള്ളത്. പൊതു മേഖലയിൽ വ്യവസായ യൂണിറ്റുകളും ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. സഹകരണ മേഖലയിൽ രണ്ടു യൂണിറ്റുകളും മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. പുതിയ വ്യവസായ യൂണിറ്റുകൾ പുതുതായി തുടങ്ങുന്നുണ്ടെങ്കിലും അവയൊന്നും ഫലപ്രദമായി നിലനിന്നു പോരുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ റോളിങ്ങ് ഷട്ടറുകളും, ഗ്രിൽസ് തുടങ്ങിയവയുടെ നിർമ്മാണം, മോട്ടോർ വാഹനങ്ങളുടെ റിപ്പയറിങ്ങ് എന്നീ ചെറുകിട എഞ്ചിനീയറിങ്ങ് വ്യവസായങ്ങളും കല്ലാച്ചി, നാദാപുരം ടൗണുകളും കേന്ദ്രീകരിച്ച് അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. വാഹനങ്ങളുടെ വർദ്ധനവും, കെട്ടിട നിർമ്മാണത്തിന്റെ വളച്ചയുമാണ് ഇതിനു പ്രധാന കാരണം. കാർഷിക മേഖലയിലെ മുരടിപ്പു പരമ്പരാഗത വ്യവസായങ്ങളുടെ തകച്ചയ്ക്കും ഒരു കാരണമാണ്.

പഞ്ചായത്തിലെ തൊഴിൽ മേഖല പരിശോധിക്കുമ്പോൾ കെട്ടിട നിർമ്മാണ-കാർഷിക രംഗങ്ങളിലെ തൊഴിലാളികളുടെ എണ്ണത്തേക്കാൾ, വ്യാവസായിക രംഗത്തെ തൊഴിലാളികളുടെ എണ്ണം വളരെ കുറവാണെന്നു കാണാം. ഈ രംഗത്ത് വിദഗ്ദ തൊഴിലാളികളും വളരെ കുറവാണ്. അവിദഗ്ദ തൊഴിലാളികളെ വർഷങ്ങളോളം അപ്രൻറീസുകളായി നിലനിർത്തിക്കൊണ്ട് കുറഞ്ഞ കൂലിക്ക് പണിയെടുപ്പിക്കുന്ന പ്രവണതാണ് എഞ്ചിനീയറിങ്ങ് രംഗത്ത് പൊതുവേയുള്ളത്.

പഞ്ചായത്തിലെ ഒരേ ഒരു ഗാർമെൻറ് മേക്കിങ്ങ് യൂണിറ്റ് വനിതകളുടെ സഹകരണ സംരംഭമാണ്. പഞ്ചായത്തിൽ വ്യവസായ മേഖലയിലെ വനിതാ പങ്കാളിത്തം ഈ ഒരു യൂണിറ്റിൽ മാത്രമായി ഒതുങ്ങുന്നു. സ്വകാര്യ മേഖലയിൽ ബേക്കറി സാധനങ്ങളുടെ ഉല്പാദനം യൂണിറ്റുകളും സജീവമാണ്. സ്വകാര്യ ഉടമസ്ഥതയിൽ നാല് മരം ഈർച്ച മില്ലുകളും, രണ്ട് ചെറുകിട സിമൻറ് കട്ട നിർമ്മാണ യൂണിറ്റുകളും ഒരു ഹോളോബ്രിക്സ് യൂണിറ്റ്, അഞ്ച് ഫ്ളോർ മില്ലുകളും, ഒരു എണ്ണയാട്ട വ്യവസായം എന്നിവ പഞ്ചായത്തിൽ നന്നായി പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിൽ നിന്നു ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു വ്യവസായ സ്ഥാപനവും ഇവിടെ ഇല്ല. കൈതയോല, വാഴനാര്, ചിരട്ട എന്നിവ സുലഭമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളാണ്. പരമ്പരാഗത കുടിൽ വ്യവസായമായി പായ നിർമ്മാണം, അവിൽ നിർമ്മാണം എന്നിവ എളുപ്പത്തിൽ വളർത്തിയെടുക്കാവുന്നതാണ്. പരിശീലനം നല്കാനുള്ള സംവിധാനം ഉണ്ടായാൽ വാഴനാര്, ചിരട്ട, ചകിരി എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം പുഷ്ടിപ്പെടുത്താൻ കഴിയും. മേൽപറഞ്ഞ ഉല്പന്നങ്ങൾക്ക് വിപണന സാദ്ധ്യത വളരെ കൂടുതലാണ്.

സഹകരണ മേഖലയിൽ രണ്ട് വ്യവസായ യൂണിറ്റുകളും മാത്രമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

ക്കാട്ടേരിയിലുള്ള ക്ഷീരവികസന യൂണിറ്റും, ചീയ്യൂ
വനിതാ ഗാർമെന്റ് മേക്കിങ്ങ് യൂണിറ്റും, എട്ട്
ഷങ്ങൾക്കുമുമ്പ് നൂറിലധികം മെമ്പർമാരും 1830 രൂപ
രിമൂലധനവുമായി ആരംഭിച്ച ഈ യൂണിറ്റിന് ഇക്കാ
ളവിൽ വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല.
ലക്ഷത്തി ഇരുപതിനായിരം രൂപ ഇൻഡസ്ട്രിയൽ
ൺ മൂലധനവുമായി പത്ത് വനിതകളെ സഹകരണാ
ഥാനത്തിൽ ഈയ്യടുത്തകാലത്ത് ആരംഭിച്ച യൂണിറ്റ്
ശവാവസ്ഥ പിന്നിട്ടിട്ടില്ല. ഈ പഞ്ചായത്തിലും
ട്ടുത്ത പഞ്ചായത്തുകളിലുമായി മാർക്കറ്റ് കണ്ടെ
ൻ ഇതിനോടകം ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്
രോത്സാഹവും കഠിനാദ്ധ്വാനവും കൊണ്ട് വനിതാ
പസായ സംരംഭങ്ങളെ പുഷ്ടിപ്പെടുത്താൻ കഴിയുമെന്ന
ൻറെ ഉദാഹരണവുമായി ഈ സ്ഥാപനത്തെ ചൂണ്ടി
നിക്കാൻ കഴിയും.

ചെറുകിടവ്യവസായ സംരംഭകർ നേരിടുന്ന ഏറ്റവും
ിയ പ്രശ്നമാണ ഊർജ്ജ പ്രതിസന്ധി. വൈദ്യുതി
കഷൻ ലഭിക്കുന്നതിലെ കാലതാമസവും, ഇടയ്ക്കിടെ
ാവുന്ന വൈദ്യുതി സ്തംഭനവും ഈ മേഖലയിലെ പുരോ
ിയെ സാരമായി ബാധിക്കുന്നു ചെറുകിട വ്യവസായ
ംക്ക് പായ്പ ലഭ്യമാക്കാൻ നിരവധി ഏജൻസികളു
. ലളിതമല്ലാത്തതും, അപ്രയോഗികവുമായ നിബന്ധ
ളും, സ്ഥാപന മേധാവികളുടെ താല്പര്യക്കുറവും ഈ
ത്തെ മറ്റു പ്രതിസന്ധികളാണ്. മരമില്ലുകളും,
ളാർമില്ലുകളും, എണ്ണയാട്ട് തുടങ്ങി അഞ്ച് H. P.യിൽ
നിൽ ഊർജ്ജം വേണ്ടിവരുന്ന ചെറുകിട യൂണിറ്റുകൾക്ക്
വിധ ആഫീസുകളിൽനിന്ന് ക്ലിയറൻസ് ലഭിക്കാനുള്ള
ലതാമസം പുതിയ സംരംഭകർ നേരിടുന്ന മറ്റൊരു
ല്ലുവിളിയാണ്.

കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ''കൊപ്രഡ്രയർ''
ുനിക സംവിധാനങ്ങളോടു കൂടിയ പ്രിൻറിംഗ് പ്രസ്
ിൽഡിംഗ്, ഫ്ളോർമിൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാ
, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം,
സംസ്കരണം. അച്ചാർ ഉല്പാദനം, സ്റ്റീം നോട്ടബുക്കുകളു
ും ബാഗുകളുടെയും നിർമ്മാണം, ക്ഷീരോൽപന്ന
ം കൊണ്ടുള്ള മിഠായി നിർമ്മാണം, സിമെൻറ് കട്ട–
ാളോബ്രിക്സ് നിർമ്മാണം, മുട്ടക്കോഴി വളർത്തൽ,
ിക്കോഴി വളർത്തൽ തുടങ്ങിയ ചെറുകിടവ്യവസായ
രംഭങ്ങളിൽ താല്പര്യമുള്ള ധാരാളം ആളുകളും നമ്മുടെ
ഞ്ചായത്തിലുണ്ടെന്ന് ഗ്രാമസഭകളിലെ സജീവ ചർച്ച
ു തെളിയിക്കുന്നു. ഇവർക്കാവശ്യമായ സാങ്കേതിക
രിശീലനം സത്വരം ശ്രദ്ധപ്പെടേണ്ടിയിരിക്കുന്നു.

ശ്നങ്ങൾ :

ഇടക്കിടെയുണ്ടാവുന്ന വൈദ്യുതി സ്തംഭനവും, കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസവും

പഞ്ചായത്ത്– വ്യാവസായിക വകുപ്പുകളും ഒഴികെയുള്ള സ്ഥാപനങ്ങളിൽനിന്നും ക്ലിയറൻസ് ലഭിക്കാനുള്ള കാലതാമസം.

3 വ്യവസായസഞ്ചസിഡി യഥാസമയം ലഭിക്കുന്നില്ല

4 വിദഗ്ദ തൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല.

5 മലിനീകരണ പ്രശ്നങ്ങളും പരിഹരിക്കുന്നതിനു് ചെലവുകുറഞ്ഞ സാങ്കേതിക വിദ്യകളും ലഭ്യമല്ല.

6 പരമ്പരാഗത മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.

7 പരമ്പരാഗത വ്യവസായങ്ങളും ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല.

8 തൊഴിൽ സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം നേടാനുള്ള സംവിധാനമില്ല.

9 മൂലധന ലഭ്യതയുടെ പ്രശ്നങ്ങളും.

10 പ്രാദേശിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള പ്രയാസം.

പരിഹാരങ്ങൾ :

1 വൈദ്യുതി, മൂലധനം, സാങ്കേതിക വിജ്ഞാനം എന്നീ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.

2 അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കായി തോട്ടകളുടെ ഇരു കരകളിലും കൈതകളും വെച്ചു പിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

3 വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നായി പഞ്ചായത്ത് തലത്തിൽ വിദഗ്ദ സമിതിക്ക് രൂപം കൊടുക്കുക.

4 ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുക.

5 വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുക.

6 സഹകരണാടിസ്ഥാനത്തിൽ ''കൊപ്ര ഡ്രയർ'', അവിൽ നിർമ്മാണ യൂണിറ്റ് മുതലായ തൊഴിൽ സംരംഭങ്ങളും ആരംഭിക്കുക.

7 ഗഫ് കുടിയേറ്റക്കാരെ വ്യവസായ മേഖലയിൽ മൂലധനം ഇറക്കാൻ പ്രേരിപ്പിക്കുക.

8 ചിരട്ട, ചകിരി, വാഴനാര് തുടങ്ങിയ അസംസ്കൃത വസ്തുക്കളും ഉപയോഗിച്ച് കരകൗശല വസ്തുക്കളെ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

ഗതാഗതം

നാദാപുരം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന ചെറുതും വലുതുമായ നിരവധി റോഡുകളുടെ ഒരു ശൃംഖല ഇപ്പോൾ തന്നെയുണ്ട്. എന്നാൽ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന സഞ്ചാരയോഗ്യത ഇവയിൽ ഏറിയ പങ്കിനില്ല. റോഡുകളുടെ ശോച്യാവസ്ഥ മൂലം ഉംനാട്ടുകാരും വഴികാണാതെ ഒറ്റപ്പെട്ട പോകുന്ന സ്ഥിതി വിശേഷമാണുള്ളത്. ജലാശയങ്ങളുടെ പരിമിതിമൂലം ഉംനാടൻ ജല ഗതാഗത സാധ്യത ഈ പഞ്ചായത്തിനില്ല എന്നതാണ് പറയാം. 18 കിലോമീറ്റർ അകലെ വടകരയിൽ ആണ് റെയിൽഗതാഗത സൗകര്യമുള്ളത്.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 86.363 കിലോമീറ്റർ ആണ്. ഇതിൽ 28.70 കിലോമീറ്റർ മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെവീതിയുടെ ആകെ വ്യാപ്തി 71.363 K M ആണ്. ഇതിൽ ടാർ ചെയ്തത് 8.65 കിലോമീറ്റർ മാത്രമാണ്. മെറ്റൽ ചെയ്ത റോഡ് 38.08 കിലോമീറ്ററാണ്. 24 കിലോമീറ്റർ മൺറോഡുകളുമാണ്. ഉംനാട്ടുകളെ പ്രധാനറോഡുമായി ബന്ധിപ്പിക്കുന്ന വഴികൾ പരസ്പരം ബന്ധിപ്പിക്കുന്നവയുമായ നിരവധി റോഡുകൾ ഈ അടുത്ത കാലത്തായി പഞ്ചായത്തിന്റെ ശ്രമഫലമായി നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻ കാലങ്ങളിൽ വല്ലപ്പോഴും ഇടുങ്ങിയ ഇടവഴികളായിരുന്ന ഉണ്ടായിരുന്നത് കാൽനട യാത്രയ്ക്കുമാത്രം ഉപയോഗിക്കപ്പെട്ടിരുന്ന പല ഇടവഴികളും ഇപ്പോൾ ജീപ്പ്, കാർ, ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾ കൂടി എത്തിച്ചേരാവുന്ന തരത്തിൽ വീതി കൂട്ടി വികസിപ്പിക്കപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ ഗ്രാമങ്ങളിൽ പലതും നഗരങ്ങളുടെ മാതൃകയിലുള്ള വികസന സംവിധാനങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ് പല ഗ്രാമപ്രദേശങ്ങളും മിനി നഗരങ്ങളായിക്കൊണ്ടിരിക്കുന്നു. നാദാപുരം പഞ്ചായത്തും അതിനപവാദമല്ല. റോഡുകളുടെ വികസനത്തിന്റെ രംഗത്തും ഈ ഒരു സമീപനം നിലനിൽക്കുന്നതിനാൽ എല്ലാ വീട്ടുമുറ്റങ്ങളും വരെയും എല്ലാ സൗകര്യങ്ങളുമുള്ള റോഡുകൾ എന്ന ചിന്ത ഗ്രാമീണ മനസ്സുകളിൽ വ്യാപകമായി ഉണ്ടാവുന്നു. ആവശ്യത്തിൽ ഉന്നിയ നിർദ്ദോഷകരമായ ചിന്തയാണിതെങ്കിലും, മറ്റു പല പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയെയും മറന്ന് റോഡിനു പ്രാധാന്യം കൊടുക്കുന്ന തരത്തിൽ ആകുന്നുവെന്നതാണ് എന്നു കൂടി ചിന്തിക്കുന്നത് നല്ലതാണ്. വിവിധ ഗ്രാമസഭകളിൽ നിന്ന് റോഡ് റിപ്പയറിങ്ങ് പുതിയ റോഡുകളുടെ നിർമ്മാണം എന്നിവ സംബന്ധിച്ച് ഉയർന്നുവന്ന നിർദ്ദേശങ്ങളും ഇതിനു അനുബന്ധമായി പട്ടികപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ റോഡുകളുടെ നീളം കഴിഞ്ഞ 5 വർഷങ്ങൾക്കിടയിൽ 10 കിലോമീറ്ററായി വർദ്ധിച്ചിട്ടുണ്ട്. ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ..... തുക ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ റോഡുകളുടെ നീളം സംസ്ഥാന ശരാശരിക്കടുത്തെത്തുന്നുണ്ടെങ്കിലും അവയുടെ പൊതുനിലവാരം മോശമാണ്. ഇവിടെ P W D റോഡുകൾക്ക് നടപ്പാതയില്ല. പഞ്ചായത്ത് റോഡുകളിൽ മിക്കവയ്ക്കും ഓവുചാലുകളും കൾവർട്ടുകളും ഇല്ല. സാമ്പത്തിക പരാധീനത മൂലം പഞ്ചായത്തിന് റോഡുകൾ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണി നടത്താൻ കഴിയുന്നില്ല.

വടകര കുറ്റ്യാടി റൂട്ടിലും, തലശ്ശേരി കുറ്റ്യാടി റൂട്ടിലുമായി സർവ്വീസ് നടത്തുന്ന 115 ബസ്സുകൾക്ക് താൽക്കാലിക പാർക്കിങ്ങിനുള്ള സൗകര്യം നാദാപുരം ബസ് സ്റ്റാൻറിന്റെ ശേഷിക്കുമപ്പുറമാണ് നാദാപുരം പോലെ തന്നെ വളരെ പ്രാധാന്യമുള്ള ടൗണാണ് കല്ലാച്ചി. ഇവിടെ ഒരു ബസ്സ്റ്റാൻറില്ല എന്നത് വലിയപ്രശ്നമായി അവശേഷിക്കുന്നു. അടിയന്തിരമായി പരിഹാരം കാണേണ്ട ഒരു വിഷയമാണിത്.

നാദാപുരം ബസ്സ്റ്റാൻറിനു പിറകിലായി പഞ്ചായത്തിന് ഉടമസ്ഥതയിൽ ഏതാണ്ട് 7 സെൻറ് സ്ഥലം വരുന്ന ഒരു ടാക്സി ജീപ്പ് സ്റ്റാൻറുണ്ട്. കൂടാതെ നാദാപുരം ടൗണിൽ റജിസ്ട്രാഫീസിനു മുന്നിലായി മറ്റൊരു ടാക്സിസ്റ്റാൻറുമുണ്ട് എങ്കിലും ടാക്സി വാഹനങ്ങളുടെ എണ്ണം കണക്കാക്കിയാൽ പാർക്കിങ്ങ് സൗകര്യങ്ങളും അപര്യാപ്തമാണെന്നു കാണാം ഇവിടെ ഓട്ടോറിക്ഷകൾക്ക് പാർക്കുചെയ്യാൻ പ്രത്യേക സ്റ്റാൻറ് ഇല്ലാത്തതിനാൽ റോഡ്സൈഡിലാണവ പാർക്കു ചെയ്യുന്നത്. ഇത് ഗതാഗത പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്. കല്ലാച്ചി ടൗൺ ഭാഗത്ത് റോഡുകൾ താരതമ്യേന വീതി കുറഞ്ഞവയാണ്. ഗതാഗതക്കുരുക്ക് ഇവിടെ സാധാരണ സംഭവമാണ്, ഓട്ടോറിക്ഷാ ടാക്സി ജീപ്പ് കാറുകൾക്ക് ഇവിടെ പാർക്കു ചെയ്യാൻ പ്രത്യേക സൗകര്യങ്ങളൊന്നുമില്ല. തിരക്കേറിയ മാർക്കറ്റ് റോഡിന്റെ ഇരുവശങ്ങളിലുമായി ഇവ പാർക്കു ചെയ്യുന്നതു മൂലം ഉണ്ടാവുന്നതാണ് ഗതാഗത തടസ്സം ഗുരുതരമാണ്.

പ്രശ്നങ്ങൾ

- കുറ്റ്യാടി വടകര മെയിൻറോഡുമായി ചില വാർഡുകളെ ബന്ധിപ്പിക്കുന്ന റോഡ് സംവിധാനത്തിന്റെ അപര്യാപ്തത
- നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്
- പല റോഡുകൾക്കും ഓടകളില്ല.
- ബസ് സ്റ്റോപ്പുകളിൽ പലയിടത്തും ഷെൽട്ടർ ഇല്ല.
- റോഡുകളിൽ പലതിനും വീതി വളരെ കുറവാണ്.
- റോഡുകൾ വഷ്ത്തിലൊരിക്കൽ പോലും അറ്റകുറ്റപ്പണി നടത്താത്തവയാണ്.
- നാദാപുരം ബസ്സ്റ്റേഷനു വേണ്ടത്ര സൗകര്യങ്ങളും ഇല്ല.
- കല്ലാച്ചി ടൗണിൽ ബസ് സ്റ്റേഷൻ ഇല്ല.
- കല്ലാച്ചി ടൗണിൽ ഓട്ടോറിക്ഷ, ജീപ്പ്, കാർ, ടാക്സി സ്റ്റാൻറ് ഇല്ല.

സാദ്ധ്യതകൾ

- എല്ലാ റോഡുകൾക്കും ഓടകളും നിർമ്മിക്കാനുള്ള സന്നദ്ധ പ്രവർത്തനം
- ബഹുജന സഹകരണത്തോടെ റോഡുകളുടെ അറ്റ കുറ്റപ്പണി നടത്താൻ പരിപാടി.
- പ്രധാന റോഡുകളും ടാർ ചെയ്യാൻ പരിപാടി.
- മുൻഗണനാ ക്രമത്തിൽ പുതിയ റോഡുകൾ ഉണ്ടാക്കാൻ പദ്ധതി.
- റോഡ് സംരക്ഷണത്തിനു പ്രാദേശിക ജനകീയ സമിതികളും
- ആവശ്യമായ സ്ഥലങ്ങളിലെല്ലാം കൾവർട്ടുകളും നിർമ്മിക്കുക.
- നാദാപുരം ബസ് സ്റ്റേഷന്റെ സൗകര്യം വർദ്ധിപ്പിക്കാനുള്ള നടപടികളും
- കല്ലാച്ചി ടൗണിൽ പുതിയ ബസ്സ്റ്റേഷൻ പണിയുക.
- കല്ലാച്ചിടൗണിൽ ടാക്സിസ്റ്റാൻറ് ഉണ്ടാക്കുക.

ഗ്രാമസഭകളിൽ നിന്ന് ഗതാഗതം സംബന്ധിച്ച് ഉയർന്നു വന്ന നിർദ്ദേശങ്ങൾ:

1. പയന്തോങ്ങ് – ചിയ്യൂർ നരിപ്പറ റോഡ് (ഓവുചാലുകൾ, കലുങ്കുകൾ എന്നിവ പണിയണം)
2. ചിയ്യൂർ എൽ. പി. സ്കൂൾ നരിപ്പറ റോഡ് (അവശേഷിക്കുന്ന ഭാഗം ടാർ ചെയ്യണം)
3. കവുങ്ങും തോട്ടത്തിൽ – തെരുവമ്പറമ്പ് റോഡ് (അറ്റകുറ്റപ്പണികൾ നടത്തണം)
4. ബാലവാടി വട്ടക്കണ്ടി റോഡ്
5. ചെറുപീടികക്കണ്ടി – കിഴക്കയിൽ മുക്ക് റോഡ്
6. ചേലക്കാട് കല്ലുവെട്ടുകുഴി റോഡ് (4 മുതൽ 6 വരെയുള്ള റോഡുകളുടെ പണി ത്വരിതപ്പെടുത്തണം
7. കുളങ്ങരത്ത് നരിക്കാട്ടേരി എം. എൽ. പി. സ്കൂൾ റോഡ് (ടാർ ചെയ്യണം)
8. ചേലക്കാട് നരിക്കാട്ടേരി റോഡ്. (ടാർ ചെയ്യണം)
9. മാണിക്കോത്ത് താഴ പാലം റോഡ് (പുതുക്കി പണിയണം)
10. കുറാരത്ത് താഴ–കാരയിൽ കനാൽ റോഡ് (അറ്റകുറ്റപ്പണി)
11. വളപ്പിൽ താഴ–കുറിപ്രംവീട്ടിൽ റോഡ് (അറ്റകുറ്റപ്പണിയും ഓവുചാൽ നിർമ്മാണവും)
12. പുത്തൻ പീടിക – തച്ചകുന്ന് റോഡ് (ഓവുചാൽ നിർമ്മാണവും അറ്റകുറ്റപ്പണിയും)
13. പാറപൊയിൽ–ഒറ്റപിലാക്കൂൽറോഡ് (”)
14. മഠത്തിൽതാഴ പുളിയച്ചേരിറോഡ് (”)
15. നരിക്കാട്ടേരി എം. എൽ. പി. സ്കൂൾ–കുന്നുമ്മൽ റോഡ്
16. കുമ്മങ്കോട് വരിക്കോളി റോഡ് (ടാർ ചെയ്യൽ, സൈഡ് കെട്ടൽ)
17. ഹെൽത്ത് സെൻറർ–എടക്കണ്ടിതാഴറോഡ് (വീതി കൂട്ടൽ, ഓവുനിർമ്മാണം, ടാറിങ്ങ്)
18. കടുങ്ങാം കണ്ടി താഴ കല്ലാച്ചി റോഡ് (നടപ്പാത നിർമ്മാണം)
19. വാണിയൂർതാഴ PWD റോഡ്(വാണിയൂർതാഴ പാലം പുതുക്കി പണിയണം)
20. പുളിക്കൂൽ–കുമ്മങ്കോട് പള്ളംകനി റോഡ് (ടാറിങ്ങ്)
21. പുളിക്കൂൽ പാലം പുതുക്കി പണിയണം
22. പരവൻറവിട മുക്ക്–തയ്യിൽ താഴറോഡ് (വീതികൂട്ടണം, ടാർചെയ്യണം)
23. ഇല്ലത്ത്മുക്ക് അരയാക്കൂൽ റോഡ് (ടാർചെയ്യണം)
24. കളമുള്ളതിൽ മുക്ക് N. I. മദ്രസ്സാ കുമ്മങ്കോട് സൗത്ത് എം. എൽ. പി. സ്കൂൾ റോഡ് (ടാർ ചെയ്യണം)
25. സലാഹിയത്ത് മദ്രസ്സ–കോമത്ത് താഴ റോഡ് (പരിഷ്കരണം)
26. നീർച്ചിലോത്ത്മുക്ക്–കോമത്ത്താഴ റോഡ് (പരിഷ്കരണം)
27. കോമത്ത്കണ്ടിമുക്ക്–കോമത്ത്താഴറോഡ് (ടാർചെയ്യണം)
28. സലാഹിയ മസ്ജിദ്–രയരോത്ത് താഴറോഡ് പരിഷ്കരണം
29. ഏരത്ത് മുക്ക്–വേട്ടുവാൻ കോട്ട നടപ്പാത നിർമ്മാണം
30. കേളോത്ത്മുക്ക്-തോട്ടത്തിൽപാറ (”)
31. ചിറക്കടവ്–ചിറക്കനി (നടപ്പാത നിർമ്മാണം)
32. കോട്ടാലതാഴ–തെക്കയിൽതാഴ നടപ്പാത നിർമ്മാണം
33. കുരുന്നംവീട്–പിലാക്കാട്ട്താഴ നടപ്പാത നിർമ്മാണം
34. കുമ്മങ്കോട് റേഷൻകട–പുളിക്കൂൽ പാലം (”)
35. നമ്പോടൻകണ്ടി ചേനച്ചംകണ്ടിമുക്ക് റോഡ്(വീതികൂട്ടൽ)
36. പള്ളംകനി തയ്യിൽ റോഡ് വീതി കൂട്ടണം
37. ചെറുവാംകണ്ടിമുക്ക് പോളൻറവിടമുക്ക് റോഡ് ഓവുചാൽ നിർമ്മിക്കുക
38. വട്ടക്കണ്ടി–നൂച്ചിക്കാട് റോഡ് (വീതി കൂട്ടണം)
39. വലിയ പറമ്പത്ത്മുക്ക്–കക്കട്ട്പാറ റോഡ് പരിഷ്കരണം
40. കക്കം വെള്ളി–മലോചാലിൽ റോഡ് (ടാർചെയ്യണം)
41. കുന്നത്ത്മുക്ക്–പുറമേരി പഞ്ചായത്ത് അതിർത്തി റോഡ് (ടാർചെയ്യണം)
42. കുമ്മങ്കോട് S M L P സ്കൂൾ N I മദ്രസ്സാറോഡ് (ടാർ ചെയ്യണം)
43. കക്കംവെള്ളിസ്കൂൾ–ഇയ്യാകുടി റോഡ്(പരിഷ്കരണം)
44. പടിഞ്ഞാറയിൽ കാരയിൽ റോഡ് (”)
45. പുളിക്കൂൽ പാലം–കക്കംവെള്ളി(നടപ്പാത നിർമ്മാണം)
46. പുത്തൻപള്ളി–പുളിക്കൂൽ പാലം റോഡ്ടാർചെയ്യണം
47. ഗവ: യു. പി. സ്കൂൾ T. I. M. H. S റോഡ്(”)
48. ഗവ: യു പി. സ്കൂൾ–പാത്തുക്കൽറോഡ്പരിഷ്കരണം
49. പുലത്ത് കാരേക്കുന്ന് (ടാർചെയ്യണം)
50. ഒതേനപറമ്പ്മുക്ക് കരീച്ചേരി റോഡ് പരിഷ്കരണം
51. കസ്തൂരികുളം–പുത്തൻപുരയിൽ റോഡ് (ടാർചെയ്യണം)
52. കൊയിലോത്തുമുക്ക്–അനന്തോത്തുമുക്ക് റോഡ് (”)
53. കൊയിലോത്തുമുക്ക്–മാടക്കുതാഴ വയൽ റോഡ് (പരിഷ്കരണം)
54. പിലാട്യത്ത്–സിനിമാടാക്കീസ് റോഡ് (”)
55. ചോറുവട്ടി–നടുത്തോട്ടത്തിൽ ചക്കരപ്പുറത്ത് മുക്ക്–പുതുശ്ശേരി – മുക്ക് റോഡ് പരിഷ്കരണം
56. പുത്തൻപള്ളി മാടാലമുക്ക് റോഡ് (”)
57. ചക്കരപ്പുറത്ത്–പുതുശ്ശേരിമുക്ക് റോഡ് (” (
58. കളത്തിൽമുക്ക്–ചുടലമുക്ക് റോഡ് (”)
59. നാദാപുരം P H E D റോഡ് (ടാർ ചെയ്യുക)
60. കല്ലാച്ചി P H E D (ടാറിങ്ങ്
61. കായ്മ്പാട്മുക്ക്–തട്ടാൻകുന്ന് റോഡ് (പരിഷ്കരണം)
62. കാരേക്കുന്നത്ത്–തോട്ടുമുഖത്ത് റോഡ് (നിർമ്മാണം)
63. ഈരായിൻറവിട–ഗവ: ആശുപത്രി റോഡ്(”)
64. ചക്കണാത്തു താഴ റോഡ് (”)
65. നാദാപുരം നോർത്ത് എൽ പി സ്കൂൾ–മൊളേരി താഴ (നടപ്പാത നിർമ്മാണം)
66. പുതിയോട്ടിൽ മുക്ക്–പൂച്ചാക്കൂൽ റോഡ് നിർമ്മാണം
67. വെള്ളോട്ടം കണ്ടി–ആവോലം റോഡ് (ടാറിങ്ങ്)
68. ചീറോത്ത്മുക്ക്–ഇടവത്തുകണ്ടിറോഡ് (പരിഷ്കരണം)
69. പേരോട്–മാരങ്ങാട്ട് റോഡ് (”)
70. ആവോലം–മഞ്ചേരിക്കടവ് റോഡ് (”)
71. ഓത്തിയിൽമുക്ക്–അമ്പലത്തറക്കൽ റോഡ് (”)
72. കാപ്പാരോട്ടമുക്ക്–എളം പിലാച്ചേരി റോഡ് (”)
73. ഈത്താംകണ്ടി–പാലോളിതാഴ തെക്കുംപാട് റോഡ് ”
74. പേരോട് M I H S റോഡ് (”)
75. ചാത്തമംഗലൻറവിട–പാറക്കുന്നത്ത് (”)
76. പെരുവങ്കര–വിഷ്ണുമംഗലം റോഡ് (ടാർ ചെയ്യണം)
77. വിഷ്ണുമംഗലം–പെഞ്ചാത്തോളി (പരിഷ്കരണം)
78. വളയംറോഡ്–സി. പി. മുക്ക് റോഡ് (”)

79. പെരുവങ്കര–ചിയ്യൂർ റോഡ് (പരിഷ്കരണം)
80. വിഷ്ണുമംഗലം–ക്ഷേത്രം റോഡ് (")
81. കളമുള്ളതിൽ–മാത്തോട്ടത്തിൽമുക്ക് റോഡ് (")
82. കണ്ണോത്തുമ്മൽ–തുണ്ടിയിൽറോഡ് (")
83. പടിഞ്ഞാറയിൽമുക്ക്–ഓത്തിയിൽമുക്ക് (നടപ്പാത നിർമ്മാണം)
84. മാരങ്ങാട്ട് താഴ തേനംകണ്ടി (നടപ്പാത നിർമ്മാണം)
85. വിഷ്ണുമംഗലംക്ഷേത്രം ജാതിയേരി ലക്ഷംവീട് (കമ്പിപ്പാലം നിർമ്മാണം
86. പെരുവങ്കര ജാതിയേരി (കമ്പിപ്പാലം നിർമ്മാണം)
87. ചേലക്കാട് ചിയ്യൂർ റോഡ് (പരിഷ്കരണം)
88. കുറിപ്പുറം വലിയപറമ്പത്ത് റോഡ് (")
89. കല്ലാച്ചി അക്കരോൽറോഡ് (")
90. പുതിയോട്ടിൽതാഴ പൂലാറോത്ത് റോഡ് (")
91. ഹൈസ്കൂൾ ഹെൽത്ത് സെൻറർ റോഡ് (")
92. ചാന്യാലം വീട്ടിൽറോഡ് ["]
93. എടക്കണ്ടിതാഴറോഡ് (")
94. കല്ലാച്ചി ടഷറി റോഡ് (")
95. തെരുവമ്പറമ്പ് മൃഗാശുപത്രി റോഡ് (")
96. പുറയനാട്ട് റോഡ് (പരിഷ്കരണം)
97. കല്ലാച്ചി കോർട്ട് റോഡ്–ടിപ്പുസുൽത്താൻറോഡ്
98. കണ്ണോത്ത് താഴ– മുച്ചാഞ്ചേരി–നാദാപുരം റോഡ് (പരിഷ്കരണം)
99. മലയിൽ ലക്ഷംവീട് റോഡ് (പരിഷ്കരണം)
100. കമ്മ്യണിറ്റി ഹാൾ–പാലോഞ്ചാലറോഡ് (")
101. പാറക്കന്നത്ത് റോഡ് (")
102. ഈച്ചറോത്ത് റോഡ് (")
103. പൂജാരിമുക്ക്–ചീയൂർ റോഡ് (")
104. പനയുള്ളപറമ്പത്ത് കോളനി–കിഴക്കെപറമ്പത്ത് "
105. ചേലക്കാട്–ചീയൂർ റോഡ് (")
106. ചരലിൽ–ലക്ഷംവീട് റോഡ് (പരിഷ്കരണം)
107. കിണർമുക്ക്–വള്ള്യാട് അമ്പലം റോഡ് "
108 ചേലക്കാട്–ചള്ള്യാലിൽ റോഡ് "
109. ചേലക്കാട്–കളങ്ങരത്ത് റോഡ് "
110. ചേലക്കാട്–P C മുക്ക് റോഡ് പരിഷ്കരണം
111. പയന്തോങ്ങ്–ചിയ്യൂർ റോഡ് "
112. ചേലക്കാട്–ചിയ്യൂർ പുത്തൻപുരയിൽ റോഡ് "
113. ചേലക്കാട്–നരിക്കാട്ടേരി റോഡ് (" ഒന്നര K
114. വയലിൽപീടിക–ചേലക്കാട് അങ്ങാടി "
115. അമ്പലക്കണ്ടി–പറമ്പ് റോഡ് "
116. പാറയിൽതാഴ തൈവച്ചപറമ്പ്റോഡ് "
117. കുറിപ്പുംകോവിലകം റോഡ് "
118. പുത്തലത്ത്താഴ കുമ്മംകോട് റോഡ് "
119. നരിക്കാട്ടേരി–കാരയിൽ കനാൽ റോഡ് "
120. വരിക്കോളി–പാറേമ്മൽ പീടികറോഡ് "
121. തയ്യുള്ളതിൽമുക്ക്–ചാലിൽസ്രാമ്പിറോഡ് "
122. പാറേമ്മൽ പീടിക–ചേലക്കാട് റോഡ് "
123. പാറേമ്മൽ പീടിക–കനാൽ റോഡ് "

പുതുക്കി നിർമ്മിക്കേണ്ടത്

124. ഒന്തംപറമ്പ്–തെരുവൻപറമ്പ് [ഇടവഴി]
125. കുറുങ്ങോട്ട്കണ്ടിത്താഴ അത്യോറമ്മൽ ["]
126. അത്യോറമ്മൽ–ചേലക്കാട്–ചിയ്യൂർ റോഡ് വഴി കല്ലാച്ചി H S ലേക്ക്
127. വലിയപറമ്പത്ത്–ചാലിൽമീത്തൽ റോഡ്
128. വിഷ്ണുമംഗലം–ഒന്തംപറമ്പ്റോഡ്പാലംനിർമ്മാണം
129. കണ്ണോത്ത്–വരിക്കോളി [നടപ്പാതനിർമ്മാണം]
130. കണ്ണംവെള്ളിത്താഴ ["]
131. കല്ലാച്ചി സ്രാമ്പി–നാദാപുരം G U P S റോഡ് ഇത് T I M H S മായി ബന്ധിക്കണം.

ഊർജ്ജം

നാദാപുരം പഞ്ചായത്തിൽ വിവിധ മേഖലകളിലെ ഊർജ്ജോപയോഗത്തിൽ പ്രധാന പങ്ക് വൈദ്യുതിയാണ്. വീടുകളും വാണിജ്യസ്ഥാപനങ്ങളും വെളിച്ചത്തിനായി ഏറിയ കൂറും വൈദ്യുതിയെ ആശ്രയിക്കുന്നു. വ്യവസായ സ്ഥാപനങ്ങളിലെയും കാർഷിക മേഖലയിലെയും യന്ത്രങ്ങളും പ്രവർത്തിക്കാനും വൈദ്യുതിയാണ് ഉപയോഗപ്പെടുത്തുന്നത്. ഈ പഞ്ചായത്തിലെ ഏഴായിരത്തോളം വരുന്ന വീടുകളിൽ ഏതാണ്ട് 60%ത്തോളം വീടുകളിൽ മാത്രമേ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുള്ളൂ. സൗരോർജ്ജം, ബയോഗ്യാസ് എന്നിവ വഴിയായി വെളിച്ചം ലഭ്യമാക്കിയ വീടുകളും ഇരുപതിൽ താഴെ മാത്രമാണ്. അവശേഷിക്കുന്ന വീടുകളിൽ വെളിച്ചത്തിനായി ഇപ്പോഴും ആശ്രയിക്കുന്നത് മണ്ണെണ്ണ ഉപയോഗിച്ചുള്ള വിളക്കുകളും തന്നെയാണ്. 1950കളുടെ അവസാനത്തോടെ നാദാപുരം പഞ്ചായത്തിൽ വൈദ്യുതി ഉപയോഗം തുടങ്ങിയെങ്കിലും ഇത് വ്യാപകമാവുന്നത് 1980കളുടെ ആദ്യം മുതലാണ്. പാചക ആവശ്യത്തിന് വീടുകളിൽ പ്രധാനമായി ഉപയോഗിക്കുന്നത് വിറകും തെങ്ങുല്പന്നങ്ങളുമാണ്. കടകളിൽ കരിയും ഗ്യാസും ഉപയോഗിക്കുന്നു. ഏതാണ്ട് പത്തിരുപത് വർഷങ്ങൾക്ക് മുമ്പ് എല്ലാ വീടുകളിലും പാചക ഇന്ധനം വിറകും തെങ്ങുല്പന്നങ്ങളും മാത്രമായിരുന്നു. യൂണിറ്റ് കുടുംബങ്ങളുടെ ആവിർഭാഗത്തോടെ യഥേഷ്ടം വിറക് ലഭ്യമാകുന്ന അവസ്ഥ ഇല്ലാതായി. ഒരു പറമ്പിൽ ഒരു വീട് എന്ന സ്ഥിതി മാറി അനേകം വീടുകളും വന്നതോടെ വിറക് യഥേഷ്ടം ലഭ്യമാവുന്ന അവസ്ഥ ഇല്ലാതായി. കിഴക്കൻ പ്രദേശത്തുള്ള മലകളിൽ ആൾവാസം വ്യാപകമായതോടെ അവിടങ്ങളിൽ നിന്നും വിറകെത്തിക്കാനുള്ള സാദ്ധ്യതകൾ മങ്ങലേറ്റു. ഇതോടെയാണ് പാചക ഇന്ധനത്തിനായി മണ്ണെണ്ണയും, ഗ്യാസും ഉപയോഗിക്കാൻ തുടങ്ങിയത്. സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങളിൽ മാത്രമാണ് ഗ്യാസും മണ്ണെണ്ണയും ഉപയോഗിക്കുന്നത്. ഇടത്തരക്കാരിൽ താഴെ വരുന്നവരുടെ വീടുകളിലൊക്കെ പാചകത്തിനായി വിറകും ഈർച്ചപ്പൊടിയുമാണ് ഉപയോഗിക്കുന്നത്. ഗ്യാസ് ഏജൻസികൾ ഇന്ന് പഞ്ചായത്തിൽ സജീവമായി വരുന്നുണ്ട്. കൂടുതൽ പേർ ഗ്യാസ് ഉപയോഗിക്കാൻ തയ്യാറാണെങ്കിലും വിതരണ രംഗത്തെ അപര്യാപ്തത കാരണം അതിനു കഴിയാതെ വരുന്നു.

നാദാപുരംപഞ്ചായത്തിലെ വിവിധ മേഖലകളിൽ മൂന്ന് ഫീഡർ ലൈനുകൾ വഴിയാണ് വൈദ്യുതി എത്തിച്ചേരുന്നത് 12 കി. മീ. അകലത്തുള്ള കുറ്റ്യാടി സബ് സ്റ്റേഷനിൽ നിന്ന് ഒരു ലൈനും 20 കി. മീ. ദൂരെയുള്ള വടകര സബ് സ്റ്റേഷനിൽ നിന്ന് രണ്ട് ലൈനുകളും ഒന്നിലധികം സെക്ഷൻ ഓഫീസുകളുടെ നിയന്ത്രണത്തിലാണ് ഈ ലൈനുകൾ എന്നതുകൊണ്ടുതന്നെ മുടക്കമില്ലാതെ വൈദ്യുതി ലഭിക്കുക എന്നത് ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് വിദൂര സ്വപ്നമാണ്. ഫീഡർ ലൈനുകളുടെ തുടക്കം നാദാപുരം പഞ്ചായത്തിന് വെളിയിലായതുകൊണ്ട് അറ്റകുറ്റപ്പണികൾക്കായോ കേടുപാടുകൾ തീർക്കാൻവേണ്ടിയോ ലൈനുകൾ ഓഫാകുമ്പോൾ നമ്മുടെ പ്രദേശത്ത് ലൈനുകളിൽ തകരാറില്ലാത്ത അവസരങ്ങളിലും വൈദ്യുതി ലഭിക്കാതെ വരുന്നത് നിത്യ സംഭവമാണ്. ഫീഡർലൈനുകളുടെ വളരെ അകലത്താണ് നമ്മുടെ പ്രദേശം. ഇതുകാരണം വോൾട്ടേജ് കുറവും ഇവിടെ അനുഭവപ്പെടുന്നു. ചില പ്രദേശങ്ങളിൽ മിന്നാംമിനുങ്ങിന്റെ പ്രകാശം മാത്രമേ ബൾബുകൾക്ക് ഉണ്ടാകുകയുള്ളൂ. സാമ്പത്തികശേഷിയുള്ളവർ വ്യാപകമായതോതിൽ സ്റ്റെപ്പപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ട് ഉള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും നീതിപൂർവ്വകമായി വിതരണം ചെയ്യാൻ കഴിയുന്നില്ല. റജിസ്റ്റർ ചെയ്ത 306 ഉപഭോക്താക്കൾക്ക് ഇനിയും കണക്ഷൻ ലഭിക്കാനുണ്ട്. ഒ വൈ സി അടക്കാത്ത പോസ്റ്റ് ആവശ്യമുള്ള കണക്ഷൻ അവസാനമായി നൽകിയത് '91 ഫിബ്രുവരി മാസം റജിസ്റ്റർ ചെയ്തവർക്കാണ് പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട തെരുവു വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ബൾബുകൾ —	**275**
ട്യൂബുകൾ —	**80**
സോഡിയം വേപ്പർ ലാമ്പ് —	**31**
ആകെ —	**386**

പുതുതായി 35 സോഡിയം വേപ്പർ ലാമ്പുകൾകൂടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട് പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 2.25% വരുന്ന തുകയായ 69901 രൂപ പ്രതിവർഷം തെരുവുവിളക്കുകളുടെ ചെലവിലേക്ക് അടക്കുന്നുണ്ടെങ്കിലും തെരുവുവിളക്കുകൾ 90%വും പ്രകാശിക്കാറില്ല. ഗുണം കുറഞ്ഞ വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കുന്നത് ഇതിന് ഒരു കാരണമാണ്. പ്രകാശിക്കുന്ന ബൾബുകൾ തന്നെ സാമൂഹ്യദ്രോഹികളുടെ നശീകരണ പ്രവണതയ്ക്ക് വിധേയമാകുന്ന അവസ്ഥയുണ്ട്. പഞ്ചായത്തിന്റെ നിരന്തരമായ ഇടപെടൽവഴി തെരുവുവിളക്കുകൾ എപ്പോഴെങ്കിലും കത്തിച്ചാലും അവയുടെ ആയുസ്സ് ഒന്നോ രണ്ടോ ദിവസത്തിനേക്കപ്പുറം എത്താറില്ല.

പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ എല്ലാ ഭാഗത്തും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
2 പഞ്ചായത്തിനു പുറത്തു സ്ഥിതിചെയ്യുന്ന സബ്സ്റ്റേഷനുകളിൽ നിന്നാണ് ഇവിടെ വൈദ്യുതി എത്തുന്നത്. ഇതു കാരണം പഞ്ചായത്തിലെ ലൈനുകളിൽ തകരാറില്ലാത്ത അവസരങ്ങളിലും ഇവിടെ വൈദ്യുതി ലഭിക്കാതെ വരുന്നു.
3 തെരുവു വിളക്കുകൾ കത്തുന്നില്ല.
4 വൈദ്യുതോപകരണങ്ങൾ പഴക്കമുള്ളവയാണ്.
5 ഗ്യാസ് വിതരണം അപര്യാപ്തമാണ്.
6 വിറകിന് വലിയ വിലയായതുകാരണം പാചക ഇന്ധനത്തിന് വിഷമം അനുഭവപ്പെടുന്നു.
7 കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുത കണക്ഷൻ പെട്ടെന്ന് ലഭിക്കുന്നില്ല.

സാധ്യതകൾ

1 നാദാപുരത്ത് 110 KV സബ് സ്റ്റേഷൻ സ്ഥാപിക്കുക.

2 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.

3 ഗ്യാസ് വിതരണത്തിന് കൂടുതൽ സൗകര്യങ്ങൾ സൃഷ്ടിക്കുക.

4 ഗോബർ ഗ്യാസ് പ്ലാൻറുകൾ വ്യാപിപ്പിക്കുക.

5 സൗരോർജ്ജ വിളക്കുകൾ പ്രചരിപ്പിക്കുക.

6 വൈദ്യുതി ലൈനുകളിൽ തട്ടുന്ന മരക്കൊമ്പുകൾ യഥാ വസരം മുറിച്ചുമാറ്റാൻ സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കുക.

7 ദക്ഷത കൂടുതലുള്ള വിറക് അടുപ്പുകൾ പ്രചരിപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഒരുക്കുക.

8 ഊർജലാഭമുള്ള വൈദ്യുതി വിളക്കുകളുടെ പ്രചരണവും അനാവശ്യമായി വൈദ്യുതി ഉപയോഗിക്കുന്നതിനെതിരെയുള്ള പ്രചരണവും സംഘടിപ്പിക്കുക.

9 പഴകിയ ലൈനുകൾ മാറി പ്രസരണനഷ്ടം ഒഴിവാക്കുക.

10 കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

പാർപ്പിടം

ഏഴായിരത്തിലധികം കുടുംബങ്ങളാണ് അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ 6400 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയുണ്ട് ഭൂരഹിതരായവർക്ക് വീടില്ല എന്നതുമാത്രമല്ല, ഭൂമിയുള്ളവരിൽ തന്നെ അനവധി കുടുംബങ്ങൾ പാർപ്പിടമില്ലാത്തവരാണ് എന്നതാണ് പ്രധാന പ്രശ്നമാണ്. ഇത് 1800 ഓളം വരും. സ്വന്തമായി വീടുണ്ടാക്കാൻ കഴിയാത്ത ആയിരത്തോളം കുടുംബങ്ങളാണ് പഞ്ചായത്തിലുണ്ട്.

ഗൾഫ് വരുമാനത്തിന്റെ ഫലമായി കെട്ടിട നിർമ്മാണ രംഗത്ത് ഗണ്യമായ വർദ്ധനവ് ഈ പഞ്ചായത്തിൽ കാണാവുന്നതാണ്. വായുവും വെളിച്ചവും വേണ്ടത്ര ലഭിക്കാത്ത പഴയ കെട്ടിട നിർമ്മാണ ശൈലിയിൽ നിന്നും ഇവ സുലഭമായി ലഭിക്കുന്ന പുതിയ ശൈലി വ്യാപകമായി പ്രചരിച്ചിട്ടുണ്ട്.

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പഞ്ചായത്തിൽ 2217 കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 1991-92ൽ 7318 കെട്ടിടങ്ങൾ ഉണ്ടായിരുന്ന ഈ പഞ്ചായത്തിൽ 96 ഒക്ടോബർ ആവുമ്പോഴേക്കും 9537 കെട്ടിടങ്ങളായി ഉയർന്നു. ഓലമേഞ്ഞ വീടുകൾ മിക്കതും മാറി ഓടുമേഞ്ഞ വീടുകളാകുന്നുണ്ട്. ഓലയുടെ വിലയിലും കെടുതിയാനുള്ള ചെലവിലുണ്ടായ വർദ്ധനയാണ് ഇതിന് പ്രധാന കാരണം.

മൊത്തം കെട്ടിടങ്ങളിൽ 38.5% കോൺക്രീറും 41% ഓടുമേഞ്ഞതും 20.5% ഓലമേഞ്ഞതുമാണ്.

മൊത്തം കെട്ടിടങ്ങൾ	ഒന്നിൽ കൂടുതൽ നിലയുള്ളത്	കോൺക്രീറ്	ഓട്	ഓല
9537	**2306**	**3664**	**3828**	**1945**

1991-92 മുതൽ പഞ്ചായത്തിലുണ്ടായ കെട്ടിടങ്ങളുടെ വർദ്ധനവ് താഴെ കൊടുക്കുന്നു.

വർഷം	1991-92	92-93	93-94	94-95	95-96
കെട്ടിടങ്ങളുടെ എണ്ണം	**7318**	**7616**	**7912**	**8315**	**9537**

പഞ്ചായത്തിലെ 12-ാം വാർഡിൽ 32 വീടുകൾ ഉൾപ്പെടുന്ന രണ്ട് ലക്ഷം വീട് കോളനികൾ ഉണ്ട്. പതിനൊന്നാം വാർഡിൽ 32 വീടുകളുള്ള ലക്ഷം വീട് എന്നപേരിൽ അറിയപ്പെടുന്ന 4 സെന്റ് കോളനിയും ഭൂരഹിത കർഷക തൊഴിലാളികൾക്ക് പഞ്ചായത്ത് വാങ്ങിച്ചുകൊടുത്ത സ്ഥലത്ത് വീട് നിർമ്മിച്ച് താമസിക്കുന്ന 5 കുടുംബങ്ങൾ 10-ാം വാർഡിലും മിച്ചഭൂമി പതിച്ചുകിട്ടിയതിൽ താമസിക്കുന്ന 8 പട്ടികജാതി കുടുംബങ്ങളും 3 ഇതര കുടുംബങ്ങളും 2-ാം വാർഡിലുമുണ്ട്. 11-ാം വാർഡിലും മിച്ചഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങളുണ്ട്. ഈ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ തീരെച്ചുരുക്കം അപര്യാപ്തമാണ് ലക്ഷംവീട് കോളനിയിലെ വീടുകൾ പ്രത്യേക വീടുകളാക്കി പുനർ നിർമ്മിക്കേണ്ടിയിരിക്കുന്നു. വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച 111 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കക്കട്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കുന്നുമ്മൽ ബ്ലോക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റിയുടെ സേവന പരിധിയിൽ ഈ പഞ്ചായത്ത് ഉൾപ്പെട്ടുമെങ്കിലും സേവനം ഫലപ്രദമായി ലഭിക്കുന്നില്ല. കേവലം 54 പേർക്ക് 2483000/ രൂപയുടെ ഭവന നിർമ്മാണ വായ്പയാണ് ഇതുവരെ അനുവദിച്ചു കിട്ടിയത്. HUDCO, KDC, SBT തുടങ്ങിയവയുടെ ഭവന നിർമ്മാണ വായ്പയും ഇപ്പോൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ഇത്തരം വായ്പകൾ ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഗുണഭോക്താക്കൾക്ക് വളരെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. കൈരളി ഭവന നിർമ്മാണപദ്ധതി, രാജീവ് ദശലക്ഷം പദ്ധതി എന്നിവയിലും വീട് നിർമ്മിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദുർലഭ്യവും വിലക്കയറ്റവും ദുർബല വിഭാഗങ്ങൾക്ക് പാർപ്പിടം പണിയാൻ പ്രതിബന്ധമായി നിൽക്കുന്നു. അതേസമയം ഭവനനിർമ്മാണരംഗത്ത് നിലനിൽക്കുന്ന പാഴ്ചെലവും ആർഭാടഭ്രമവും ഒരു വിഭാഗം ആളുകളിൽ ഉയർന്ന വരികയാണ്. ദുർവ്യയം ഒഴിവാക്കി ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ ശൈലിക്ക് പഞ്ചായത്തിൽ പ്രചാരം ലഭിച്ചിട്ടില്ല.

നിർമ്മാണ രംഗത്തെ വിദഗ്ധ തൊഴിലാളികളെ ആവശ്യത്തിനു ലഭിക്കുന്നില്ല. ജില്ലയ്ക്കും സംസ്ഥാനത്തിനും പുറത്തുള്ള ധാരാളം ആളുകൾ നിർമ്മാണരംഗത്ത് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം തൊഴിലാളികളുടെ തൊഴിൽ വൈദഗ്ധ്യം തൃപ്തികരവുമല്ല. കെട്ടിട നിർമ്മാണ രംഗത്ത് കരാർ സമ്പ്രദായം കൂടിവരുന്ന പ്രവണതയാണുള്ളത്.

പ്രശ്നങ്ങൾ

1 ഭവന നിർമ്മാണത്തിന് യോജിച്ച ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നു.
2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായ അമിതമായ വർദ്ധനവ്.
3 നിർമ്മാണത്തൊഴിലാളികളുടെ ദൗർലഭ്യം
4 ഭവന നിർമ്മാണ സഹകരണ സംഘങ്ങളുടെ സേവനം അപര്യാപ്തമാണ്.
5 കോളനികളിലെ കുടിവെള്ള മലിനീകരണ പ്രശ്നങ്ങൾ.
6 ഭവന നിർമ്മാണ രംഗത്ത് ആഢംബര ഭ്രമവും ദുർവ്യയവും നിലനിൽക്കുന്നു.
7 ചെലവ് കുറഞ്ഞ ഭവന നിർമ്മാണ രീതിയിൽ വൈദഗ്ധ്യ തൊഴിലാളികളുടെ അഭാവം.
8 തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങളുടെ അഭാവം.

സാധ്യതകൾ

1 ഭൂരഹിതർക്കും ഭവനരഹിതർക്കുമുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിക്കുക.
2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലകുറക്കാനാവശ്യമായ പദ്ധതികളും ആവിഷ്കരിക്കുക.
3 നിർമ്മാണത്തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനുള്ള പരിശീലന പരിപാടി ആവിഷ്കരിക്കുക.
4 വിദേശ ഇന്ത്യക്കാർക്കുവേണ്ടി ഹൗസിംഗ് ബോർഡിന്റെ നേരിട്ടുള്ള ഹൗസിംഗ് പ്രോട്ടക്കും സ്ഥാപിക്കാവുന്നതും ഇതിനാവശ്യമായ പണം വിദേശനാണയമായി സ്വീകരിക്കാവുന്നതാണ്.
5 പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സൊസൈറ്റി സ്ഥാപിക്കുക
6 ഭവന നിർമ്മാണ വായ്പ ലഭിക്കാനുള്ള നടപടിച്ചട്ടങ്ങൾ ലഘൂകരിക്കുക.
7 ഭവന നിർമ്മാണ രംഗത്തെ ആഢംബരവും ദുർവ്യയവും ഫലപ്രദമായിതടയുക.
8 ചെലവുകുറഞ്ഞ ഭവന നിർമ്മാണശൈലി പ്രചരിപ്പിക്കുകയും സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യുക.
9 ലക്ഷം വീടുകൾ പ്രത്യേക വീടുകളായി പുനർ നിർമ്മിക്കുക

സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിലെ 50%ത്തോളം കുടുംബങ്ങളിലെ ഒരു അംഗമെങ്കിലും ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്നുണ്ട്. അതിനാൽ സാമാന്യം ഭേദപ്പെട്ട സാമ്പത്തിക സ്ഥിതിയാണ് ഈ കുടുംബങ്ങൾക്കുള്ളത് എന്നു പറയാം. ഇടത്തരം കർഷകർ, സർക്കാർ അർദ്ധസർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന ഇടത്തരക്കാർ എന്നീ വിഭാഗങ്ങളും സാമാന്യം ഭേദപ്പെട്ട ജീവിത നിലവാരം ഉള്ളവരാണ്. കർഷക തൊഴിലാളികളിൽ നല്ലൊരു വിഭാഗം പരമ്പരാഗത തൊഴിലെടുക്കുന്നവർ, നാമമാത്ര കർഷകർ, കാർഷികേതര മേഖലയിലെ തൊഴിലാളികൾ എന്നിവരുടെ ജീവിത സാഹചര്യങ്ങൾ ഈ പഞ്ചായത്തിൽ പൊതുവേ ശോചനീയമാണ്. മൊത്തം കുടുംബങ്ങളിൽ ഇരുപത് ശതമാനത്തോളം ദാരിദ്ര്യ രേഖക്ക് താഴെയാണ്.

1995ലെ ഐ ആർ ഡി പി റിന്യൂവൽ സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ 2351 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് താഴെയാണ്. ഇതിൽ 187 കുടുംബങ്ങൾക്ക് മാത്രമാണ്. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ മുഖേന സഹായം ലഭിച്ചിട്ടുള്ളത്. ഇത്തരം സഹായങ്ങളും ഉണ്ടായിട്ടും 76 കുടുംബങ്ങളാണ് മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയത് എന്നു കണക്കുകളും കാണിക്കുന്നു. 8-ാം പദ്ധതിയിൽ നിരവധി സാമൂഹ്യ ക്ഷേമ പദ്ധതികളും ആസൂത്രണം ചെയ്യപ്പെട്ടിരുന്നു.
ഐ ആർ ഡി പി, ടൈസും, ഡി ഡബ്ല്യു സി ആർ എ, ട്രൈസം കിറ്റ്, സി ആർ ഇ പി, എം ഡബ്ല്യു എസ്, കടിർ ജ്യോതി എന്നീ പദ്ധതികളിൽ നിന്നും ഈ പഞ്ചായത്തിൽ ആനുകൂല്യം ലഭിച്ചവർ വളരെ കുറവാണെന്നു കണക്ക് പരിശോധിച്ചാൽ കാണാൻ കഴിയും 1993ന ശേഷം ടൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിയത് കേവലം 29 പേർ മാത്രമാണ്. ഇതിൽ സ്വയം തൊഴിൽ നേടിയത് പത്ത് പേരും. ഡി ഡബ്ല്യു സി ആർ എ പദ്ധതിപ്രകാരം 1993നുശേഷം ചെറുകിട വ്യവസായ യൂനിറ്റുകളിൽ രണ്ടെണ്ണത്തിനു മാത്രമാണ് സഹായം ലഭിച്ചിട്ടുള്ളത് മൂന്നു ഇൻഫോർമൽ യൂണിറ്റുകൾക്ക് സഹായം ലഭിച്ചിട്ടുണ്ടെങ്കിലും രണ്ടെണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നേ ഇല്ല. ഐ ആർ ഡി പി സർവ്വെ പ്രകാരം 1995 96ൽ 1334 വീടുകൾക്ക് സാനിട്ടറി കക്കൂസ് സൗകര്യങ്ങളും ഇല്ല. ഈ പോരായ്മ പരിഹരിക്കാൻ അനുവദിച്ചതാകട്ടെ പതിനൊന്ന് കക്കൂസുകളും മാത്രമാണ്.
ഇതിൽ പൂർത്തിയാക്കാൻ കഴിഞ്ഞത് അഞ്ചെണ്ണം മാത്രവും നൂറോന്നു ഗ്രാമീണ കൈത്തൊഴിലുകാർ ഉള്ളതിൽ പന്ത്രണ്ട് പേർക്കാണ് സഹായം ലഭിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിലെ 110 വികലാംഗരിൽ 54 പേർക്കാണ് സാമൂഹ്യ പദ്ധതിയിൽ നിന്നും സഹായ ധനം ലഭിച്ചിട്ടുള്ളത്. ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളിൽ നാമമാത്രമായൊരു പങ്കിനു മാത്രമേ സഹായം ലഭിക്കുന്നുള്ളൂ എന്നു മേൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു.

1995ൽ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾപ്രകാരം അപേക്ഷ സമർപ്പിച്ചവരിൽ സഹായം ലഭ്യമായവരുടെ എണ്ണം താഴെ ചേർക്കുന്നു.

സഹായപദ്ധതി

	സഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	47
വികലാംഗ പെൻഷൻ	106
വിധവാപെൻഷൻ	222
തൊഴിലില്ലായ്മാവേതനം	120
അവശ കലാകാരന്മാർക്കുള്ള സഹായം	1
ക്യാൻസർ രോഗ ചികിത്സാ സഹായം	2
കർഷകത്തൊഴിലാളി പെൻഷൻ	555

സാമൂഹ്യക്ഷേമവകുപ്പ് വിവിധ സഹായ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു

പദ്ധതി

1 വികലാംഗർക്കുള്ള യാത്രാബത്ത
2 വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്.
3 തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ്
4 ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
5 തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ്.
6 വികലാംഗ സംരക്ഷണ ഭവനങ്ങൾക്കുള്ള സംസ്ഥാന ധന സഹായം
7 പട്ടികജാതി പട്ടികവർഗ്ഗേതര മിശ്രവിവാഹിത ദമ്പതികൾക്കുള്ള ധന സഹായ പദ്ധതി
8 വികലാംഗർക്ക് ആവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.
9 വികലാംഗ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള സഹായ പദ്ധതി
10 അനാഥരായ അഭിഭാഷകർക്കുള്ള ധന സഹായ പദ്ധതി.
11 വാഹന ഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി
12 തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പൻറ്

ഈ പദ്ധതികൾ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്തിൽ ഒരു ബാലവാടി മാത്രമാണുള്ളത്.
ഈ കുറവ് സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്തെ വലിയൊരു പോരായ്മയായിതന്നെ കാണണം. ഉള്ള ബാലവാടിയുടെ പ്രവർത്തന രംഗംതന്നെ വേണ്ടത്ര തൃപ്തികരം പറഞ്ഞുകൂടാ അംഗസംഖ്യയാൽ സ്വീകരിക്കുന്ന വിസ്തൃതമായ ഈ പഞ്ചായത്തിൽ അഞ്ച് മഹിളാ സമാജങ്ങളാണ് മാത്രമാണ് പ്രവർത്തിക്കുന്നത്. ഇതിൽ സ്വന്തം കെട്ടിടം ഉള്ളത് ഒരെണ്ണത്തിനു മാത്രമാണ് മഹിളാ സമാജങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും വ്യാപിപ്പിക്കേണ്ടതും അടിയന്തിരാവശ്യമാണ്.

പ്രശ്നങ്ങൾ

1 ദാരിദ്ര്യനിർമാർജ്ജന പ്രവർത്തനങ്ങളും ചെറിയ ഒരു വിഭാഗത്തിനു മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ.
2 ഐ. ആർ. ഡി. പി സഹായം അർഹതപ്പെട്ടവർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളുവെങ്കിലും ഗുണഭോക്താക്കളിൽ ചിലർ അത് ശരിയായ വണ്ണം ഉപയോഗപ്പെടുത്തിയില്ല
3 ലോൺ നൽകുന്നതിൽ ബാങ്കുകൾക്കുള്ള വിമുഖത.
4 ടൈസം പദ്ധതിപ്രകാരം പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ തുടങ്ങാൻ ആവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നില്ല.
5 സഹായധനം ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ക്ഷേമ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിന് തടസ്സമാകുന്നു.

സാദ്ധ്യതകൾ

1 ഐ. ആർ. ഡി. പി സർവ്വെ ലിസ്റ്റ് പ്രകാരം അർഹരായവർക്കെല്ലാം ആനുകൂല്യം ലഭ്യമാക്കണം.

2 കൂടുതൽ ഡി. ഡബ്ല്യു. സി. ആർ. എ യൂണിറ്റുകളും വനിതകൂട്ടായ്മക്കായി അനുവദിക്കുക

3 തുടങ്ങിയ യൂണിറ്റുകളും നിലനിൽത്താനാവശ്യമായ സഹകരണം നൽകുക.

4 ടൈസും പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാക്കാനുള്ള പരിപാടികളും

5 ധന സഹായത്തിന് അർഹരായവരെ കണ്ടെത്താൻ പഞ്ചായത്ത് തലത്തിലുള്ള ജനകീയ സമിതി.

6 ഗുണഭോക്താക്കളെ കണ്ടെത്താൻ ഗ്രാമസഭകളെ ഉപയോഗപ്പെടുത്തൽ

7 കൂടുതൽ മഹിളാ സമാജങ്ങളും ബാലവാടികളും തുടങ്ങാനുള്ള സമയ ബന്ധിത പരിപാടി.

8 നിലവിലുള്ള ബാലവാടിയുടെ പ്രവർത്തനം സജീവമാക്കുക.

9 പോഷകാഹാരം – പ്രതിരോധ ചികിത്സാ സംവിധാനങ്ങളും എല്ലാ മഹിളാ സമാജങ്ങളുടെയും ബാലവാടികളുടെയും അനുബന്ധമായി നടപ്പാക്കുക.

10 വാർഡ് തലത്തിൽ വനിതകൂട്ടായ്മക്കായുള്ള തൊഴിൽ സംരംഭങ്ങളും തുടങ്ങുക.

സംസ്കാരം

വാമൊഴിത്തലപ്പുകളുടെ ഛണഛണൽക്കാരവും രാജപരമ്പരകളുടെ വീരചരിതവും, വൈദേശിക വണിക്കുകളുടെ വ്യാപാര താല്പര്യങ്ങളും, ഇടകലർന്ന് രൂപപ്പെട്ടതാണ് കടത്തനാടിൽ ഉരുവപ്പെട്ട നമ്മുടെ പഞ്ചായത്തിന്റെ സംസ്കാരം. ശ്രീനാരായണ വാഗ്ഭടാനന്ദസ്വാമികളുടെ സന്ദേശങ്ങളും, സൂഫിവര്യന്മാരുടെ പ്രബോധനവും നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന് കരുത്തേകി. സംസ്ഥാനത്താകെ അലയടിച്ച ദേശീയപ്രസ്ഥാനത്തിന്റെ മാറ്റൊലി ഒട്ടും കുറയാതെനമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. ഒരു സാംസ്കാരിക നവോത്ഥാനത്തിന് ഇത് കാരണമായിട്ടുണ്ട്.

35 000ത്തിലധികം ജനസംഖ്യയുള്ള നാദാപുരം പഞ്ചായത്തിൽ ഹിന്ദു-മുസ്ലിം മത വിഭാഗങ്ങളും വളരെ സഹവർത്തിത്വത്തോടെ കഴിഞ്ഞുവരുന്ന ഒരു മഹനീയ ചരിത്രമാണുള്ളത്. ജനസംഖ്യയിൽ 46 ശതമാനം മുസ്ലിംകളും ചുരുങ്ങിയ ക്രൈസ്തവ കുടുംബങ്ങളും ഒഴിച്ചാൽ ബാക്കിവരുന്ന വലിയ വിഭാഗം ഹിന്ദുസമുദായത്തിൽ പെട്ടവരാണ്. ഹിന്ദുസമുദായത്തിലെ വിവിധ ജാതിവിഭാഗങ്ങളും മുസ്ലിം ക്രൈസ്തവ വിഭാഗങ്ങളും ഇടകലർന്നാണ് ജീവിക്കുന്നത്.

ഹിന്ദു–മുസ്ലിം മതവിഭാഗങ്ങളുടെ നിരവധി ആരാധനാലയങ്ങളും പഞ്ചായത്തിലുണ്ട്. നാദാപുരത്തെ പ്രസിദ്ധമായ ജുമാഅത്ത് പള്ളി, മൊതാക്കര പള്ളി തുടങ്ങി 50 ഓളം ചെറുതും വലുതുമായ മുസ്ലിം ആരാധനാലയങ്ങളും, പ്രസിദ്ധമായ പാറയിൽ ശിവക്ഷേത്രം, വിഷ്ണുമംഗലം ക്ഷേത്രം തുടങ്ങി ഇരുപതോളം ചെറുതും വലുതുമായ ഹിന്ദു ആരാധനാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ക്രൈസ്തവ ആരാധനാലയങ്ങളും ഒന്നംതന്നെയില്ല.

മുസ്ലിംങ്ങളുടെ ചെറിയ പെരുന്നാളും, ബലി പെരുന്നാളും, നബിദിനം, മിഅ്റാജ് ദിനം ലൈലത്തുൽ ബദ്ർ ജീലാനിദിനം തുടങ്ങിയ പുണ്യദിനങ്ങളും ഉത്സാഹപൂർവ്വം ആഘോഷിക്കുന്നു.

മേൽപ്പറഞ്ഞ വിശേഷ ദിവസങ്ങളിൽ അയൽക്കാരായ ഹിന്ദു സമുദായാംഗങ്ങളെ സ്നേഹപൂർവ്വം വീടുകളിൽ ക്ഷണിച്ചുവരുത്തിആഘോഷം പങ്കിടുന്ന പതിവ് നമ്മുടെ പഞ്ചായത്തിലുണ്ട്. അതേപോലെ ഹിന്ദുക്കളുടെ പ്രധാന ഉത്സവങ്ങളായ ഓണം, വിഷു എന്നിവയുടെ ആഘോഷവേളയിൽ മുസ്ലിം സ്നേഹിതന്മാരെ പങ്കെടുപ്പിക്കുന്ന പതിവും നമ്മുടെ പഞ്ചായത്തിലുണ്ട്. ക്രിസ്തുമസ് പോലെയുള്ള ആഘോഷ ദിവസങ്ങളിൽ ഇതരസമുദായങ്ങളെ പങ്കെടുപ്പിക്കുന്ന പതിവും ഉണ്ട്. വിവാഹം പോലെയുള്ള ചടങ്ങുകളിൽ വിവിധ മതവിഭാഗങ്ങളിൽപ്പെട്ട ആളുകളും ഒത്തുചേരുന്ന സന്തോഷകരമായ അനുഭവവും നമ്മുടെ പഞ്ചായത്തിൽ സർവ്വസാധാരണമാണ്.

നമ്മുടെ പഞ്ചായത്തിൽ നിരവധി സാംസ്കാരിക സംഘടനകളും, ലൈബ്രറികളും പ്രവർത്തിക്കുന്നുണ്ട്. കല്ലാച്ചിയിലുള്ള നാദാപുരം ലോക്കൽ ലൈബ്രറി, നാദാപുരം സാംസ്കാരിക നിലയം, ഈയ്യങ്കോട് ദേശപോഷിണിവായനശാല, ചേലക്കാട് പൗർണ്ണമി സാംസ്കാരികനിലയം എന്നിവയുൾപ്പെടെ 25 ഓളം കലാസമിതികളും സ്പോർട്സ് ക്ലബ്ബുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 14

ലൈബ്രറിയുടെ പേര്	സ്ഥാപിച്ച വർഷം	പട്ടിക	പുസ്തകങ്ങളുടെഎണ്ണം	ശരാശരി പുസ്തക വിതരണം	ആനുകാലികങ്ങളുടെ എണ്ണം	അനുബന്ധ പ്രവർത്തനം
നാദാപുരം ലോക്കൽ ലൈബ്രറി	വിശദവിവരം		ലഭ്യമല്ല		11	
നാദാപുരം സാംസ്കാരിക നിലയം	1960	E	871	10	6	ചർച്ചകൾ
ചേലക്കാട് പൗർണ്ണമി സാംസ്കാരിക നിലയം	1991	—	1309	13	6	സെമിനാർ
ഈയ്യങ്കോട് ദേശപോഷിണി വായനശാല	1956	E	1240	11	6	ചർച്ച, സെമിനാർ
ആരതി ലൈബ്രറി കുറ്റിപ്രം	1993	—	1027	12	13	വാഷ്കാ
ഫ്രൻസ് ലൈബ്രറി കുമ്മങ്കോട്	1994	—		5	—	ഘോഷം

ളരെക്കാലമായി പ്രവർത്തിച്ചുവരുന്ന നാദാപുരം ലോക്കൽ ലൈബ്രറിക്ക് വർധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് പുസ്തക വർധനവ് ഉണ്ടാക്കാൻ കഴിഞ്ഞുട്ടില്ല. നാദാപുരം സാംസ്കാരികനിലയം, ഈയ്യങ്കോട് ദേശപോഷിണി വായനശാല, പൗർണ്ണമി സാംസ്കാരികനിലയം എന്നിവയ്ക്ക് ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരമുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് മുഖേന ടി. വി. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിട സൗകര്യം അപര്യാപ്തമാണ്. 1995–96 വർഷത്തിൽ ലൈബ്രറി, വായനശാല ആവശ്യത്തിലേക്ക് പഞ്ചായത്ത് 73466 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ ചെലവിന്റെ 2.71% ആണ്.

പഞ്ചായത്തിൽ വായനശാലയുമായി ബന്ധപ്പെടുന്നവരുടെ എണ്ണത്തിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്. പക്ഷെ ഗുണനിലവാരമുള്ള പുസ്തക വായനക്കാരുടെ എണ്ണം കുറവാണെന്നു കാണാം. വിതരണം ചെയ്യപ്പെടുന്ന പുസ്തകങ്ങളിൽ അധികവും ഗുണനിലവാരം കുറഞ്ഞവയാണ്. സ്ത്രീകളിൽ വായനാശീലം വർദ്ധിച്ചുവരുന്നതായി കണക്കുകൾ കാണിക്കുന്നു. റഫറൻസ് സൗകര്യമുള്ള ലൈബ്രറി ഒന്നുപോലും നമ്മുടെ പഞ്ചായത്തിലില്ല. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളാണ് സ്ത്രീകൾക്ക് പഥ്യം.

സംസ്ഥാനത്ത് പ്രചാരമുള്ള മിക്ക മാസികകളും വാരികകളും നമ്മുടെ പഞ്ചായത്തിലും ലഭ്യമാണ്. ഗുണനിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ ആകൃഷ്ടരാവുന്ന പ്രവണത വ്യാപകമായി കണ്ടുവരുന്നുണ്ട്. ഇതു നിരുത്സാഹപ്പെടുത്തേണ്ടതാണ്. എടുത്തുപറയത്തക്ക പ്രാദേശിക പ്രസിദ്ധീകരണങ്ങളും ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല.

പഞ്ചായത്തിൽ പഴയതും പുതിയതുമായ നിരവധി കലാസമിതികളും പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യ-സാംസ്കാരിക കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവ, കൊല്ലത്തിൽ ഒന്നോ രണ്ടോ പ്രവർത്തനങ്ങളും മാത്രം നടത്തുന്നവ എന്നിങ്ങനെ ഇവയെ വേർതിരിക്കാവുന്നതാണ്.

കലാസമിതിയുടെ പേരുവിവരം താഴെ ചേർക്കുന്നു. എമിനൻറ് ചേലക്കാട്, ആരതി-കുറ്റിപ്പുറം എ....സി.സി. കല്ലാച്ചി, വിന്നേർസ് സ്പോർട്സ് ക്ലബ്-നാദാപുരം, ജ്വാല ലൈബ്രറി-വരിക്കോളി സ്നേഹസംഗമം-തെരുവമ്പറമ്പ്, പവർ ആർട്സ് & സ്പോർട്സ് ക്ലബ്-കുമ്മങ്കോട്, ചിലങ്ക കലാസമിതി പയന്തോങ്ങ്, ശ്രീധന്യ കലാസമിതി കുറ്റിപ്പുറം, ദേശപോഷിണി-ഈയ്യങ്കോട്, ഐഡിയൽ നാദാപുരം, സ്നേഹ കുമ്മങ്കോട്, ആരവം-വരിക്കോളി, നാസ്-നാദാപുരം, ഫ്രണ്ട്സ് കലാവേദി കുമ്മങ്കോട്, ഇഖ്റഅ്-ഈയ്യങ്കോട്, പി.കെ.ആർ വിഷ്ണുമംഗലം, വിചാരവേദി-നാദാപുരം ഗാന്ധി സ്മാരക വായനശാല-ഈയ്യങ്കോട് ജനകീയ കലാസമിതി-നാദാപുരം, ഗ്രാമകല-നരിക്കാട്ടേരി, ഷോഗൺ-കല്ലാച്ചി, ശ്രുതികലാസമിതി കുറ്റിപ്പുറം

മേൽപ്പറഞ്ഞ കലാസമിതികളിൽ ആരതി, ജനകീയ കലാസാംസ്കാരികവേദി, ഫ്രൻറ്സ് കലാവേദി, ഗാന്ധിസ്മാരക വായനശാല, ഐഡിയൽ ഇസ്ലാമിക്ക് സൊസൈറ്റി എന്നിവയ്ക്ക് ലൈബ്രറി സൗകര്യങ്ങളുണ്ട്. ആരതി, ഫ്രൻറ്സ് കലാസമിതി എന്നിവയ്ക്ക് സംഗീത നാടക അക്കാദമിയിൽ അഫിലിയേഷൻ ഉണ്ട്. ഗാന്ധി സ്മാരക വായനശാലക്ക് സ്വന്തമായി കെട്ടിടമുണ്ട്. ചില കലാസമിതികളും വാർഷികാഘോഷങ്ങളും നടത്താറുണ്ട്. പഞ്ചായത്തിൽ വർഷം തോറും നടത്താറുള്ള കേരളോത്സവത്തിൽ കലാസമിതികളും പൊതുവേ താല്പര്യം കാണിക്കാറുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ നടന്ന പഞ്ചായത്ത് തല കേരളോത്സവത്തിൽ ആരവം വരിക്കോളി, ദേശപോഷിണി ഈയ്യങ്കോട്, സ്നേഹ കുമ്മങ്കോട്, വിന്നേഴ്സ് നാദാപുരം, ആരതി കുറ്റിപ്പുറം തുടങ്ങിയ കലാസമിതികളുടെ പ്രകടനം മെച്ചപ്പെട്ടതായിരുന്നു പി കെ ആർ, ആരതി തുടങ്ങിയ കലാസമിതികളും സ്വന്തം നാടകം അവതരിപ്പിക്കാറുണ്ട്.

ദൈനംദിന സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇടപെടുന്ന കാര്യത്തിൽ മിക്ക കലാസമിതികളും വിമുഖത കാണിക്കുന്നു. നാടൻ കലാരൂപങ്ങളായ തെയ്യം, തിറ തുടങ്ങിയ കലകളായ കോൽക്കളി, ദഫ്മുട്ട്, തിരുവാതിരക്കളി, കഥാപ്രസംഗം, അറവന മുട്ട്, പരിചമുട്ട്, ചീനിവിളി, വടക്കൻപാട്ട്, പൂരക്കളി, ഓട്ടൻതുള്ളൽ എന്നിവയെ പ്രോൽസാഹിപ്പിക്കാൻ നമ്മുടെ കലാ സമിതികളും യാതൊരു പങ്കും വഹിക്കുന്നില്ല എന്നതു പോരായ്മയാണ്.

ആയോധന കലയായ കളരിപ്പയറ്റ് പരിശീലിപ്പിക്കുന്ന ചുരക്കൊടികളരിസംഘം, കടത്തനാട് കളരിസംഘം, എന്നിവ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കരാട്ടേയും ചെറിയ തോതിൽ പരിശീലിപ്പിക്കുന്നുണ്ട്.

ദൃശ്യ മാദ്ധ്യമങ്ങളുടെ വ്യാപനത്തിൽ നമ്മുടെ പഞ്ചായത്തിൽ ഒരു കുതിച്ചുകയറ്റം തന്നെ ഉണ്ടായിട്ടുണ്ട്. ഏതാണ്ട് 10%ൽ താഴെ വീടുകളിലും ടെലിവിഷനും നാമമാത്രമായി കേബിൾ ടിവിയും പ്രചാരത്തിലുണ്ട്. നല്ലൊരു വിഭാഗം ജനങ്ങളും ടി വി കാണുന്നവരാണ്. ടി വി പരിപാടിയുടെ ഭാഗമായുള്ള സീരിയലുകളിൽ പലതും സാംസ്കാരികമായി ഉന്നതനിലവാരം പുലർത്തുന്നില്ല എന്ന പരാതിയുണ്ട്.

വളരെക്കാലമായി കല്ലാച്ചി ടൗണിൽ പ്രവർത്തിക്കുന്ന സുന്ദർ ടാക്കീസ് എന്ന ഒരു സിനിമാ ശാല മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അതിർത്തിപരമായി നമ്മുടെ പഞ്ചായത്തിലല്ലെങ്കിലും നാദാപുരം ടൗണിനടുത്തുള്ള ജ്യോതി ടാക്കീസിന്റെ ഗുണഭോക്താക്കളും കൂടുതൽ നമ്മുടെ പഞ്ചായത്തിലുള്ളവരാണ്. പുതിയ ഒരു സിനിമാശാല

ആരംഭിക്കാനുള്ള പ്രവർത്തനം കല്ലാച്ചി ടൗണിൽ നടന്നുവരുന്നു.

മഹത്തായ ഒരു കായികപാരമ്പര്യം നമ്മുടെ പഞ്ചായത്തിനുണ്ട്. വോളീബോളിന്റെ ഈറ്റില്ലമായ കുമ്പനാട് താലൂക്കിന്റെ ഭാഗമായ ഈ പഞ്ചായത്തിൽ നിന്നും ദേശീയ നിലവാരത്തിലുള്ള ഒട്ടേറെ കായിക താരങ്ങളെ നമ്മൾ സംഭാവന ചെയ്തിട്ടുണ്ട്. ശ്രീ. വി കെ. ദാമോദരൻനമ്പ്യാരുടെ പേര് പ്രത്യേകം സ്മരണീയമാണ്. യൂനിവേഴ്സിറ്റി തലത്തിൽ അഖിലേന്ത്യാ പ്രശസ്തി നേടിയ എ. പി. ഹമീദ് പുതിയ തലമുറയുടെ സംഭാവനയാണ്. മകര വിള കഴിഞ്ഞ് വിശാലമായ നെൽപാടങ്ങളും വോളീബോൾ കോർട്ടുകളായി മാറുന്ന കളക്കമ്പം 1930 കൾ വരെ നിലനിന്നിരുന്നു. കല്ലാച്ചി ഗവ: ഹൈസ്കൂൾ കേന്ദ്രമാക്കി ബാസ്ക്കറ്റ്ബോളും കളിയും പ്രചാരത്തിലുണ്ടായിരുന്നു. ദൃശ്യമാധ്യമങ്ങളിൽ കൂടി കടന്നുവന്ന ക്രിക്കറ്റിന്റെ സ്വാധീനം വോളീബോൾ പിന്തള്ളപ്പെടുന്നതിനു കാരണമായിട്ടുണ്ട്. കൂടാതെ പഴയ തലമുറയിലെ കുട്ടികളുടെ തലപ്പന്തുകളി, ചട്ടുകട്ടു, കബഡി, കമ്പവലി, അടിവല തുടങ്ങിയ കളികളും പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു. പുതിയതലമുറ ക്രിക്കറ്റ് ഭ്രമക്കാരായി മാറിയിരിക്കുന്നു.

പഞ്ചായത്തിന്റെ വകയായി ചേലക്കാട് മിനിസ്റ്റേഡിയം നിർമ്മിച്ചിട്ടുണ്ട്. എങ്കിലും ആവശ്യമായ സൗകര്യങ്ങളും ഇനിയും ഉണ്ടാക്കേണ്ടതുണ്ട്. വിസ്തൃതമായ നമ്മുടെ പഞ്ചായത്തിൽ ഇനിയും കളിസ്ഥലങ്ങളും ആവശ്യമാണ്. ഭൂമിക്കുള്ള വർദ്ധിച്ച വിലയും ഫണ്ടിന്റെ അപര്യാപ്തതയും ഇതിനൊരു വിഘാതമാണ്. സ്കൂൾ കളിസ്ഥലങ്ങളുടെ കാര്യമെടുത്താൽ കല്ലാച്ചി ഗവ: ഹൈസ്കൂളിനു മാത്രമാണ് സൗകര്യപ്രദമായ ഒരു കളിസ്ഥലമുള്ളത്. നാദാപുരത്ത് ഒരു മിനിസ്റ്റേഡിയം നിർമ്മിക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ കേരളോൽസവത്തോടനുബന്ധിച്ച് കായിക മൽസരങ്ങളും സംഘടിപ്പിക്കാറുണ്ട്.

പ്രശ്നങ്ങൾ:-

* റഫറൻസ് ലൈബ്രറികളും ഇല്ല.
* ഗ്രൗണ്ടുവാരമുള്ള പുസ്തകങ്ങളുടെയും, അടിസ്ഥാന സൗകര്യങ്ങളുടെയും അപര്യാപ്തത.
* കലാസമിതികൾക്ക് സ്വന്തമായി കെട്ടിടമില്ല.
* ദൃശ്യ മാധ്യമങ്ങൾ വായനയെ പ്രതികൂലമായി ബാധിക്കുന്നു.
* ലൈംഗിക സിനിമകളും അസാന്മാർഗ്ഗിക പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നു.
* വിവാഹ ചടങ്ങുകളുടെയും മറ്റും വർദ്ധിച്ചുവരുന്ന ആർഭാടഭ്രമം.
* വർദ്ധിച്ചുവരുന്ന അച്ചടിച്ചെലവ്.
* ഗ്രൗണ്ടുവാരം കുറഞ്ഞ ആനുകാലികങ്ങളുടെ തള്ളിക്കയറ്റം.
* കലാസമിതികളുടെ മോശമായ സാമ്പത്തിക സ്ഥിതി
* സാംസ്കാരിക പ്രവർത്തനങ്ങളോടുള്ള വിമുഖത,
* കളിസ്ഥലങ്ങളുടെ അപര്യാപ്തത.
* കളികൾ പ്രോൽസാഹിക്കപ്പെടുന്നില്ല.
* കായിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അർഹമായ തൊഴിൽ സാദ്ധ്യത ഇല്ല.
— സ്ത്രീകൾക്ക് കലാകായിക രംഗങ്ങളിൽ ഇടപെടാൻ കഴിയാത്ത സാമൂഹ്യ സ്ഥിതി.
— സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകാറുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ

സാദ്ധ്യതകൾ

— ജനപങ്കാളിത്തത്തോടെ റഫറൻസ് ലൈബ്രറികൾ സ്ഥാപിക്കണം.
— ബോധ നിലവാരം ഉയർത്തി ഗ്രൗണ്ടുവാരമുള്ള പുസ്തകങ്ങളിലേക്ക് ജനങ്ങളെ ആകൃഷ്ടരാക്കുക.
— ലൈംഗിക സിനിമകളെ നിയന്ത്രിക്കുക.
— നല്ല സിനിമകൾ പ്രോത്സാഹിപ്പിക്കാൻ ഫിലിം സൊസൈറ്റികൾ രൂപീകരിക്കുക,
— ആർഭാടങ്ങൾക്കും ധൂർത്തിനുമെതിരെ ബോധവൽക്കരണം.
— സാമൂഹ്യ ഉൽക്കർഷത്തിന് സഹായകരമായ പ്രസിദ്ധീകരണങ്ങൾക്ക് സഹായം നൽകുക.
— കലാസമിതികൾക്ക് സാമ്പത്തിക സഹായം നൽകുക.
— സ്പോർട്സ് ക്ലബുകൾക്ക് പഞ്ചായത്ത് സമിതി.
— കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സജീവമാക്കാൻ പഞ്ചായത്ത് തല സമിതി.
— കലാകായിക താരങ്ങളെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
— പൊതു സ്റ്റേഡിയത്തിന്റെ പരിഷ്കരണത്തിന് ധനസഹായവും ജനപങ്കാളിത്തവും.
— കലാകായിക രംഗങ്ങളിൽ വനിതകൾക്ക് പ്രോത്സാഹനം.
— നാടൻ കലകൾ പുനരുദ്ധരിക്കുക.
— ഗ്രാമീണ കുടുംബസദസ്സുകളിലെ കലാകായിക ഒത്തുചേരൽ.
— സ്റ്റേഡിയം നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിന് സ്ഥലത്തിന്റെ വില നിർണ്ണയിക്കാനുള്ള അധികാരം പഞ്ചായത്ത് ഭരണസമിതികൾക്കു നൽകുക.

സാമൂഹ്യ രംഗത്ത് താരതമ്യേന വളരെ പിന്നോക്കാവസ്ഥയിലായിരുന്ന ഈ നൂറാണ്ടിന്റെആദ്യ ദശകങ്ങളിൽ നാദാപുരത്തെ സ്ത്രീകളുടെ നില. സാമൂഹ്യ പരിഷ്കരണ യത്നങ്ങളും വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതിയും ഈ പിന്നോക്കാവസ്ഥയ്ക്ക് ചെറിയ തോതിൽ മാറ്റം വരുത്തുകയുണ്ടായി.എങ്കിലും സ്ത്രീകളുടെ പൊതു പിന്നോക്കാവസ്ഥ ഈ പഞ്ചായത്തിൽ ഇപ്പോഴും തുടരുകയാണ്.

1991ലെ കാനേഷുമാരി പ്രകാരം പഞ്ചായത്തിൽ 17,000 പുരുഷന്മാരും 18245 സ്ത്രീകളുമാണുള്ളത്. സ്ത്രീപുരുഷാനുപാതത്തിൽ സംസ്ഥാന ശരാശരിയേക്കാളും ഏറെ മുന്നിലാണ് ഈ പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം. 1000ന 1036 എന്നതാണ് സംസ്ഥാന അനുപാതം. എങ്കിൽ 1000ന 1073 എന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ സ്ത്രീ പുരുഷാനുപാതം. അതുകൊണ്ടു തന്നെ മുൻഗണന അർഹിക്കുന്ന ഒരു വിഭാഗമാണ് ഇവിടെ സ്ത്രീകളും.

പഞ്ചായത്തിൽ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 77.6%ആണ്. എന്നാൽ സ്ത്രീകളുടെത് 68% മാത്രമാണ്. സംസ്ഥാന ശരാശരിയേക്കാളും സ്ത്രീ സാക്ഷരതയുടെ കാര്യത്തിൽ കോഴിക്കോട് ജില്ല മുന്നിൽ നിൽക്കുമ്പോഴും നാദാപുരം പഞ്ചായത്ത് വളരെയേറെ പിന്നിലാണ് എന്നകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സംസ്ഥാന സാക്ഷരതാ നിരക്ക് 86.17% ആയിരിക്കുമ്പോഴും കോഴിക്കോട് ജില്ലയിൽ 86.79% ആണ് എന്നോർക്കുക. പഞ്ചായത്തിലെ 17 വിദ്യാലയങ്ങളിലായി ഇപ്പോഴും പഠിക്കുന്ന 7364 കുട്ടികളിൽ 3930 പേർ പെൺകുട്ടികളാണ്. മൊത്തം വിദ്യാർത്ഥികളിൽ 54% പെൺകുട്ടികളാണെന്നത്. ഈ അടുത്തകാലത്ത് വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളുടെ നിലമെച്ചപ്പെട്ടിട്ടുണ്ട് എന്നതിന്റെ സൂചനയാണിത്. 1979ൽ സ്ഥാപിച്ച നാദാപുരം ടി. ഐ. എം. ഗേൾസ് ഹൈസ്കൂൾ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മുസ്ലീം പെൺകുട്ടികളുടെ ഉന്നമനത്തിന് വളരെയേറെ സഹായിച്ചിട്ടുണ്ട്. ഉപരിപഠനത്തിന് സൗകര്യമുള്ള സ്ഥാപനങ്ങളുടെ അഭാവം നമ്മുടെ പഞ്ചായത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയെപ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 18 വയസ്സ് പൂർത്തിയാവുന്നതിനുമുമ്പ് പെൺകുട്ടികളെ വിവാഹം കഴിച്ച് അയക്കുന്ന പ്രവണതയും അവരുടെ വിദ്യാഭ്യാസ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ നിലവാരത്തിലുള്ള പിന്നോക്കാവസ്ഥ വരുമാനമുണ്ടാകുന്ന ജോലികളിൽ ഏർപ്പെടുന്നതിൽ നിന്ന് സ്ത്രീകളെ പിൻതിരിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇപ്പോഴും പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. നെൽകൃഷി സജീവമായിരുന്ന കാലത്ത് കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന സ്ത്രീകളുടെ എണ്ണം കൂടുതലായിരുന്നു. നെൽകൃഷി നാമമാത്രമായതോടെ ഈ മേഖലയിലെ സ്ത്രീ പങ്കാളിത്തവും ഇല്ലാതായി. ഈ പഞ്ചായത്തിൽ കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന സ്ത്രീകളുടെ പിൻവാങ്ങലോടെ ഇവർക്കിടയിൽ പുതിയൊരു പ്രവണത ദൃശ്യമായിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ പണിയെടുക്കാനുള്ള താൽപര്യമാണിത്. കാർഷിക മേഖലയെ അപേക്ഷിച്ച് കൂലി കൂടുതൽ ഉണ്ട് എന്നതാണ് ഈ മേഖലയിലേക്കുള്ള ആകർഷണത്തിന് കാരണം, കോൺക്രീറ്റിംഗ്, കരിങ്കൽ ചുമട് തുടങ്ങിയ കഠിനജോലികളും ചെയ്യാൻ അവർ നിർബന്ധിതരായിരിക്കുന്നു. ഇതുപോലുള്ള ജോലികളുമായി ബന്ധപ്പെട്ട് അപകടവും സംഭവിക്കാറുണ്ട്. കൂട്ടനിർമ്മാണം, പായ് നെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന ഒരു വിഭാഗം സ്ത്രീകളും മുമ്പുണ്ടായിരുന്നു. പരമ്പരാഗത തൊഴിലുകളും നാശോന്മുഖമായതോടെ ഈ രംഗത്തുള്ള പങ്കാളിത്തവും ഇല്ലാതായി. നിർമ്മാണ മേഖലയിൽ കാർഷിക മേഖലയെ അപേക്ഷിച്ച് കൂടുതൽ കൂലി ലഭിക്കുന്നുവെങ്കിലും സ്ത്രീ തൊഴിലാളികളുടെ കൂലി, പുരുഷന്മാരെ അപേക്ഷിച്ച് താരതമ്യേന കുറവാണ്.

കെട്ടിട നിർമ്മാണ രംഗത്തെ കൂലി നിരക്ക് താഴെ ചേർക്കുന്നു.

	കെട്ടിടനിർമ്മാണം	വെൽഡിംഗ്	കരിങ്കൽ പണി	കോൺക്രീറ്റിംഗ്
പുരുഷൻ	60	90	—	100
സ്ത്രീ	45	60	45	80

ഈ പഞ്ചായത്തിലെ 222 പേർക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്, അർഹതയുള്ള വിധവകൾക്കെല്ലാം പെൻഷൻ ലഭിക്കുന്നില്ല എന്നവസ്ഥയുമുണ്ട്.

ഈ പഞ്ചായത്തിൽ അംഗനവാടിയില്ല. ഒരു ബാലവാടി മാത്രമാണുള്ളത്. ഫലപ്രദമായി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളില്ല എന്ന പോരായ്മ നിലനിൽക്കുന്നു. വനിതാ വ്യവസായ സംരംഭങ്ങം നമ്മുടെ പഞ്ചായത്തിൽ നാമമാത്രമാണ്. 1992മുതൽ ഡി. ഡബ്ലു. സി. ആർ. എ. പ്രകാരം മൂന്ന് യൂനിറ്റുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. രണ്ട് ഇൻഫ്രാസ്ട്രക്ചർ യൂനിറ്റുകൾക്ക് സഹായം ലഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവ പ്രവർത്തിക്കുന്നില്ല. സർക്കാരിന്റെ വിവിധ പദ്ധതികളും ഉപയോഗപ്പെടുത്തി വനിതാ വ്യവസായ യൂനിറ്റുകളും ആരംഭിക്കാൻ സ്ത്രീകളും മുന്നോട്ട് വരുന്നില്ല.

സാമൂഹ്യ പുരോഗതി ലക്ഷ്യംവെച്ചുള്ള പൊതുപ്രവർത്തന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ് വനിത പ്രസിഡണ്ടായുള്ള പഞ്ചായത്താണെങ്കിലും സാമൂഹ്യ–രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃ സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതിൽ സ്ത്രീകളും പിന്നോക്കം തന്നെയാണ്. 12 വനിതകളും മാത്രമാണ് വിവിധ രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നത്. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിലും വനിതകളും വേണ്ട അളവിൽ നേതൃത്വ സ്ഥാനത്ത് എത്തിപ്പെടുന്നില്ല. സ്ത്രീധന പീഡനം വളരെയേറെയൊന്നും ഈ പഞ്ചായത്തിൽ നിലവിലില്ലെങ്കിലും സ്ത്രീധന സമ്പ്രദായം വ്യാപകമായി നിലനില്ക്കുന്നുണ്ട്. സ്ത്രീധനത്തിനെതിരെ ഉയരുന്ന ചെറുപ്പക്കാരുടെ ശബ്ദങ്ങളും അവഗണിക്കപ്പെടുന്നു.

പ്രശ്നങ്ങൾ

1 തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നു.
2 പൊതുപ്രവർത്തന രംഗത്ത് സ്ത്രീകൾ വേണ്ടത്ര ഉയർന്നുവരുന്നില്ല. സാമൂഹ്യസാഹചര്യം തെളിഞ്ഞിട്ടില്ല.
3 വനിതകൾക്ക് ഉപരിപഠനത്തിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തത.
4 വനിതാവ്യവസായ സംരംഭത്തിന് സ്ത്രീകൾ വിമുഖത കാട്ടുന്നു.
5 സ്ത്രീധന സമ്പ്രദായം, ആർഭാടപൂർവ്വമായ വിവാഹം എന്നിവ വർദ്ധിച്ചുവരുന്നു.
6 ബാലികാ വിവാഹം നിലനിൽക്കുന്നു.
7 അശ്ലീല പ്രസിദ്ധീകരണങ്ങൾ നിലനിൽക്കുന്നു.

സാധ്യതകൾ :–

1 സ്ത്രീകൾക്ക് തൊഴിൽപരിശീലനം നൽകുകയും, സഹകരണൊടിസ്ഥാനത്തിൽ വനിതാവ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.
2 പുരയിടക്കൃഷിക്ക് പരിശീലനവും മറ്റു സഹായങ്ങളും നൽകുക.
3 വനിതാകോളേജ് സ്ഥാപിക്കുക.
4 സ്ത്രീധന സമ്പ്രദായം, വിവാഹ ധൂർത്ത്, ബാലികാവിവാഹം, അശ്ലീല പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവക്കെതിരെ സാമൂഹ്യ ബോധവൽക്കരണം സംഘടിപ്പിക്കുക.
5 മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

സഹകരണ മേഖല

സഹകരണ രംഗത്ത് നാദാപുരം പഞ്ചായത്തിനു് അഭിമാനകരമായ പൈതൃകമുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പായിതന്നെ ഈ പഞ്ചായത്തിൽ സഹകരണാശയത്തിന്റെ പ്രാകൃത രൂപങ്ങളം നിലനിന്നിരുന്നു. അന്നോന്നു് സഹായത്തിനും വ്യക്തിജീവിതത്തിൽ ആസ്തി നേടാനുള്ള മാർഗ്ഗം എന്നനിലക്ക്, പിൽക്കാലത്ത് ലേലക്കുറി എന്നറിയപ്പെട്ട ''പവ്വ'' എന്ന സമ്പ്രദായം പതിറ്റാണ്ടുകൾക്ക് മുമ്പ്തന്നെ നമ്മുടെ പഞ്ചായത്തിൽ നല്ല നിലയിൽ നടത്തിയിരുന്നു. പഴയ കുറുമ്പ്രനാട് താലൂക്കിൽ വളരെയധികം പ്രശസ്തിനേടിയ. സാമ്പികത്ത സഹകരണരംഗത്ത് നിലനിന്നുവരുന്ന ഒരു അനൗപചാരിക പ്രസ്ഥാനം തന്നെയെന്നു പറയാം ''പണപ്പയറ്റ്'' ദശാബ്ദങ്ങളായി നിലനിൽക്കുന്ന ഈ സമ്പ്രദായം പരസ്പര വിശ്വാസത്തിൽ അധിഷ്ഠിതമാണ്. അതേവിശ്വാസ്യതതോടെ നമ്മുടെ പഞ്ചായത്തിൽ ആ സമ്പ്രദായം ഇന്നും അഭംഗുരം തുടരുന്നു. ഇടത്തരക്കാർക്കും പാവപ്പെട്ടവർക്കും ഒരുപോലെ സാമ്പത്തിക പ്രതിസന്ധി തരണംചെയ്യുന്നതിനു് ഇത് ഉപകരിക്കുന്നു. സാമൂഹ്യ സാമുദായിക സമ്പർക്കം ദൃഢപ്പെടുത്താൻ ഇത് ഒട്ടൊന്നുമല്ല ഉപകരിക്കുന്നത്. മദ്രാസ് സർക്കാറിന്റെ ഭാഗമായ മലബാറിൽ ഡിപ്പാർട്ട്മെന്റ്തലത്തിൽ പ്രൈമറി സഹകരണസംഘം ഈ പഞ്ചായത്തിൽ ബ്രിട്ടീഷ് ഭരണത്തിൽ ഉണ്ടായിരുന്നു. 1940 കളുടെ മധ്യത്തിൽ ഇവിടെ നിലനിന്നിരുന്നഐക്യനാണയസംഘങ്ങളാണ് പിന്നീട് നാദാപുരം സർവ്വീസ് സഹകരണ ബേങ്കും പുറമേരി സർവ്വീസ് സഹകരണ ബേങ്കുമായിമാറിയത്. മുൻകാലങ്ങളിൽ സാധാരണക്കാർക്കും ദുർബല വിഭാഗങ്ങൾക്കും സഹകരണ സ്ഥാപനങ്ങളിൽ പ്രാതിനിധ്യമുണ്ടായിരുന്നില്ല. ജനകീയമായിമാറുന്നത് സ്വാതന്ത്ര്യസമ്പാദനത്തിന്നു് ശേഷമാണ്.

ആദ്യകാലത്ത് പ്രകടിപ്പിച്ച ഉത്സാഹവും സഹകരണത്വരയും പിന്നീടുള്ള കാലഘട്ടത്തിൽ ദൃശ്യമായില്ല. ആദ്യകാലത്ത് രൂപീകൃതമായ എംപ്ലോയീസ് സൊസൈറ്റിയും, മിൽക്ക് സൊസൈറ്റിയും പ്രാരംഭ ഘട്ടത്തിൽതന്നെ തകർന്നുപോയിരുന്നു. ഇന്നു് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് മൂന്ന് സഹകരണ സംഘങ്ങളം മാത്രമാണ്. കല്ലാച്ചിയിൽ പ്രവർത്തിക്കുന്ന നാദാപുരം സർവ്വീസ്സഹകരണ ബേങ്ക്, നാദാപുരം സഹകരണ ആശുപത്രി, നരിക്കാട്ടേരി ക്ഷീര സഹകരണ സംഘം, എന്നിവയാണ്. അടുത്ത കാലത്ത് അംഗീകാരം ലഭിച്ച അർബൻ ബേങ്ക് നാദാപുരത്ത് അതിന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട് ജില്ലാ സഹകരണ ബോങ്കിന്റെ ഒരു ശാഖ കല്ലാച്ചിയിൽ പ്രവർത്തിക്കുന്നുണ്ട്. 3 സ്റ്റ്രം സഹകരണ സൊസൈറ്റിയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിന് പുറമെ കക്കട്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന വടകര താലൂക്ക് കാഷ്യൽ വികസന ബേങ്ക്, കക്കട്ടിൽതന്നെ പ്രവർത്തിക്കുന്ന വടകര താലൂക്ക് മാർക്കറ്റിംഗ് സൊസൈറ്റി, കക്കട്ടിൽ സർവ്വീസ് റൂറൽ ബേങ്ക്, കുന്നുമ്മൽ ബ്ലോക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി, പുറമേരി സർവ്വീസ് സഹകരണ ബേങ്ക് എന്നിവയിലും നാദാപുരം പഞ്ചായത്തിലെ ജനങ്ങളം അംഗങ്ങളാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളിൽനിന്നൊക്കെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് സാമ്പത്തിക സഹായങ്ങളം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. കാർഷിക വികസന ബേങ്കിൽ 50 സെൻറ് ഭൂമിയുള്ളവർക്ക് മാത്രമാണ് അംഗത്വം നൽകുന്നത്. പഞ്ചായത്തിൽ ധാരാളം കർഷകർക്ക് പ്രസ്തുത സ്ഥാപനത്തിൽ നിന്നും വായ്പ സഹായം ലഭ്യമായിട്ടുണ്ട്. എങ്കിലും ഭൂമിയുടെ തുണ്ടുവൽക്കരണത്തിന്റെ ഈ കാലത്ത് ഭൂപരിധി കുറച്ചാൽ മാത്രമെ കൂടുതൽ കർഷകർക്ക് സഹായം ലഭ്യമാവുകയുള്ളു.

സഹകരണ സ്ഥാപനത്തിലെ അംഗങ്ങളുടെ എണ്ണം കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു

പട്ടിക 15

സ്ഥാപനത്തിന്റെ പേര്	അംഗങ്ങളുടെ എണ്ണം
നാദാപുരം സർവ്വീസ് സഹകരണ ബേങ്ക്	
നാദാപുരം സഹകരണ ആശുപത്രി	207
നാദാപുരം അർബൻ ബേങ്ക്	
നരിക്കാട്ടേരി ക്ഷീര സഹകരണ സംഘം	

നാദാപുരം സർവ്വീസ് സഹകരണ ബേങ്കിന്റെ കീഴിൽ വളം വില്പന ഡിപ്പോയും മാവേലി സ്റ്റോറും പ്രവത്തിക്കുന്നുണ്ട്. 35000-ത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിലെ ഈ സഹകരണ സ്ഥാപനത്തിന്റെ പ്രവർത്തനം ഇനിയും വിപുലീകരിച്ചാൽ മാത്രമെ ഭൂരിഭാഗം ജനങ്ങൾക്കും ബേങ്കിന്റെ ഗുണം ലഭിക്കുകയുള്ളു.

കക്കട്ടിൽ ആസ്ഥാനമായി പ്രവത്തിക്കുന്ന കുന്നുമ്മൽ ബ്ലോക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റിയുടെ പരിധിയിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നത്. പഞ്ചായത്തിൽനിന്നുള്ള 54 പേർക്കായി 24,83,000 രൂപയുടെ ഭവന നിർമ്മാണ വായ്പ ലഭിച്ചിട്ടുണ്ട്. വായ്പ എടുത്തിട്ടുള്ളത് ഭൂരിഭാഗവും സക്കാർ–അർദ്ധസക്കാർ മേഖലയിലെ ജീവനക്കാരാണ്.

പഞ്ചായത്തിൽ ഒരു ക്ഷീര സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സംഘം പ്രതിദിനം 50 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. ഇതിൽ 10ലിറ്റർ പ്രദേശത്തുതന്നെ വിതരണം ചെയ്യുകയും ബാക്കിവരുന്ന 40 ലിറ്റർ മിൽമാ സൊസൈറ്റിക്ക് അയക്കുകയും ചെയ്യുന്നു. ഈ രംഗത്ത് ഇനിയും ധാരാളം സംഘങ്ങൾ പ്രവർത്തനമാരംഭിച്ചാൽമാത്രമെ നമ്മുടെ പഞ്ചായത്തിൽ ക്ഷീരോല്പാദ വിതരണരംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിയുകയുള്ളു.

വടകര താലൂക്ക് സഹകരണ മാക്കറിംഗ് സൊസൈറ്റി പ്രവത്തനമാരംഭിച്ച ഘട്ടത്തിൽ കർഷകർക്ക് ഒരനുഗ്രഹമായിരുന്നെങ്കിലും അടുത്തകാലത്തായി യാതോരു പ്രവർത്തനവും നടത്താത്ത ഒരവസ്ഥയാണുള്ളത്. സംഘം ഭീമമായ നഷ്ടത്തിലാണുള്ളത്. സംഘത്തിലെ വിലപിടിച്ച യന്ത്രോപകരണങ്ങൾ അറ്റകുറ്റപണി നടത്താതെ നശിച്ചുകൊണ്ടിരിക്കുന്നു. കാർഷികപ്രധാനമായ ഈ മേഖലയിൽ പ്രസ്തുത സംഘം പുനരുജ്ജീവിച്ച് പ്രവത്തനക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്.

1955–ൽ പ്രവത്തനമാരംഭിച്ച നാദാപുരം സർവ്വീസ് സഹകരണ ബേങ്കിൽ 3249 എ. ക്ലാസ് അംഗങ്ങൾ ഇപ്പോൾ നിലവിലുണ്ട്. സക്കാർ ഓഹരി മൂലധനമായ 50.000രൂപ. ഉൾപ്പെടെ മൊത്തം 367636 രൂപ ഓഹരി മൂലധനമായി പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ബേങ്കിൽ 70,57000 രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. ബേങ്കിൽനിന്നും ഹ്രസ്വകാല വായ്പ, കാർഷിക കേഷ് ക്രഡിറ്റ്, പുനരധിവാസ ഭവന വായ്പ, കാർഷികേതര മധ്യകാല വായ്പ സ്വർണ്ണപണ്ട പണയ വായ്പ, ഐ. ആർ. ഡി,. ഹഡ്കോ, കിണർ കുഴിക്കുന്നതിനുള്ള വായ്പ എന്നീ ഇനങ്ങളിലായി 70,35 000രൂപ വായ്പ അംഗങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ജില്ലാ ബേങ്കിൽനിന്നും മറ്റുമായി 50,23,000 രൂപ വിവിധ ഇനങ്ങളിലായി ബേങ്ക് വായ്പ വാങ്ങിയിട്ടുണ്ട്.

പുറമേരി സർവ്വീസ് സഹകരണ ബേങ്ക്, കക്കട്ട് സർവ്വീസ് സഹകരണ ബേങ്ക് എന്നിവയുടെ പരിധിയിലും നമ്മുടെ പഞ്ചായത്തിലെ ചില ആളുകൾ അംഗങ്ങളായിട്ടുണ്ട്. താരതമ്യേന നല്ല നിലയിൽ പ്രവർത്തിക്കുന്ന മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി നമ്മുടെ പഞ്ചായത്തിലെ ധാരാളം ആളുകൾക്ക് വായ്പകൾ ലഭിച്ചിട്ടുണ്ട്. പുറമേരി ബേങ്കിന്റെ ഒരു ശാഖ സാമാന്യം നല്ല സ്ഥിതിയിൽ തന്നെ നാദാപുരം ടൗണിൽ പ്രവർത്തിച്ചുവരുന്നു.

നാദാപുരം ആസ്ഥാനമായി രൂപീകരിച്ചസഹകരണ ആശുപത്രിയുടെ പ്രവത്തനം കല്ലാച്ചിയിൽ അടുത്തകാലത്തായി ആരംഭിച്ചുകഴിഞ്ഞു.

നാദാപുരം ആസ്ഥാനമായി 5 പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന സഹകരണ അർബൻ ബേങ്ക് രജിസ്റ്റർചെയ്ത് പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ വളച്ചയ്ക്ക് വേരോട്ടമുള്ള മണ്ണായിരുന്നിട്ടും ഇത്തരം സ്ഥാപനങ്ങൾ തഴച്ചുവളരാതിരിക്കാനുള്ള കാരണം പരിശോധിക്കേണ്ടതാണ്. രാഷ്ട്രീയ സംഘർഷങ്ങളുടെ വേലിയേറ്റവും നിലവിലുള്ള സ്ഥാപനങ്ങൾ നല്ലനിലയിൽ നടത്തിക്കൊണ്ടുവരുന്നതിൽ അനുഭവപ്പെടുന്ന പ്രയാസവും കാരണമായിട്ടുണ്ടാകാം.

പ്രശ്നങ്ങൾ:

ചില സഹകരണ സംഘങ്ങളുടെ തകർച്ചയുടെ ഫലമായി നല്ലനിലയിൽ നടക്കുന്ന സഹകരണസംഘങ്ങളോടുപോലും ജനങ്ങൾക്ക് മതിപ്പുകുറഞ്ഞു.

നിക്ഷേപങ്ങൾ കൂടുതലും ദേശസാൽകൃത ബേങ്കുകളിലേക്ക് കേന്ദ്രീകരിക്കുന്നു.

സ്വകാര്യ പണമിടപാടുകാരുടെയും അനധികൃത പണമിടപാടുകാരുടെയും തള്ളിക്കയറ്റം.

സഹകരണ സ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കാൻ ജനങ്ങൾ വിമുഖത കാണിക്കുന്നു.

വായ്പകൾക്കുള്ള കർശനമായ നിബന്ധനകളും വായ്പ ലഭിക്കുവാനുള്ള കാലതാമസവും.

സാധ്യതകൾ:

ധാരാളം ക്ഷീര വ്യവസായ സംഘങ്ങൾ രൂപീകരിക്കുക.

നാളീകേര സംഭരണ സംസ്ക്കരണ സംഘങ്ങൾ രൂപീകരിക്കുക.

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുക.

അനധികൃത പണമിടപാടുകാരെ നിയന്ത്രിക്കുക

സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക.

പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക.

ജനറൽബോഡികളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

നടപ്പുപദ്ധതികൾ:

പട്ടികജാതി-പട്ടികവർഗ ക്ഷേമം

1991-ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 35245ആണ്. ഇതിൽ 714 പേർ പട്ടികജാതിവിഭാഗത്തിലും (342 പുരുഷന്മാർ, 372 സ്ത്രീകൾ) 3 പേർ പട്ടികവർഗ്ഗവിഭാഗത്തിലും പെടുന്നു. ഇത് ജനസംഖ്യയുടെ 2.03%ആണ്.

കഴിഞ്ഞകാലങ്ങളിൽ പരമ്പരാഗത തൊഴിൽ ചെയ്തു ജീവിച്ചുവരായിരുന്നു ഇവർ മുഴവനും. കൊട്ട, മുറം, പായ തുടങ്ങിയവ നിർമ്മിക്കൽ. ഭവന നിർമ്മാണ തൊഴിൽ, തയ്യൽ, കേരളീയ സംസ്ക്കാരവുമായി ബന്ധപ്പെട്ട് വിവിധ ചടങ്ങുകളിൽ ചെണ്ട കൊട്ടൽ തുടങ്ങിയ ജോലികളായിരുന്നു ഇവർ ചെയ്തിരുന്നത്. ഈ നൂറാണ്ടിന്റെ ഏതാണ്ട് മദ്ധ്യകാലംവരെ സാമൂഹ്യമായും സാമ്പത്തികമായും ഇവർ വളരെ പിന്നോക്കമായിരുന്നു.

നവോത്ഥാന പ്രസ്ഥാനങ്ങളുടെയും സാമൂഹ്യ രാഷ്ട്രീയ സംഘടനകളുടെയുംപ്രവത്തനഫലമായി ഈ വിഭാഗത്തിനു സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇനിയും ഒരുപാട് മുന്നേറ്റങ്ങൾ ഈ വിഭാഗത്തിനു കൈവരിക്കേണ്ടതുണ്ട് എന്നതും വസ്തുതയാണ്. വിദ്യാഭ്യാസരംഗ

ത്തുള്ള പിന്നോക്കാവസ്ഥയിൽനിന്നും ചെറിയ അളവുവരെ മുന്നേറാൻ ഇന്നത്തെക്കാലത്ത് സാധിച്ചിട്ടുണ്ട്. അതിന്റെഫലമായി ചുരുക്കം ചിലർ സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളിൽ ജീവനക്കാരായി മാറിയിട്ടുണ്ട്. സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിൽ നേതൃസ്ഥാനത്ത് ഈ വിഭാഗത്തിൽനിന്ന് ചുരുക്കം ചിലർ ഉയർന്നുവന്നിട്ടുണ്ട്. ബഹുഭൂരിഭാഗം വരുന്നവർ ഇപ്പോഴും താരതമ്യേന സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ തന്നെയാണ്. സാമൂഹ്യമായി പൂർണ്ണമായി അംഗീകാരം നേടിയെടുക്കാൻ പൊതുവെ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. ജാതിയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവ് ഇല്ലാതാക്കാൻ നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞിട്ടുണ്ട് എന്നുതന്നെപറയാം.

നമ്മുടെ പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കോളനികളും ഒന്നുംതന്നെയില്ല. പഞ്ചായത്തിലെ നരിക്കാട്ടേരി പ്രദേശത്ത് ഏട്ട് പട്ടികജാതി കുടുംബങ്ങളും കൂട്ടായി താമസിക്കുന്നുണ്ടെങ്കിലും ഇത് ഒരു പട്ടികജാതി കോളനിയായി അംഗീകരിക്കപ്പെട്ടിട്ടില്ല. അംഗീകാരത്തിനുവേണ്ടി പെടുപ്പെട്ട കേന്ദ്രങ്ങളെ സമീപിച്ചെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. അതുകാരണം കോളനി എന്ന നിലയിൽ സർക്കാറിൽനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങളും പലതും ഇവർക്ക് ലഭിക്കാതെപോകുന്നു. നമ്മുടെ പഞ്ചായത്തിൽ 130 പട്ടികജാതികുടുംബങ്ങളും/പട്ടികവർഗ്ഗ കുടുംബവുമാണുള്ളത്. പഞ്ചായത്തിലെ 11-ാം വാർഡ് പട്ടികജാതി സംവരണ വാർഡാണ്. ഒട്ടുമിക്ക കുടുംബങ്ങൾക്കും സ്വന്തമായി താമസസൗകര്യങ്ങളും ഉണ്ട്. പക്ഷെ മിക്ക വീടുകളും പൂർത്തിയാകാത്തവയാണ്

പഞ്ചായത്തിന് അനുവദിച്ചുവരുന്ന ജെ. ആർ. വൈ., അൺടൈഡ് എന്നീ ഫണ്ടുകളിൽ പട്ടികജാതി വിഭാഗങ്ങൾക്ക് നീക്കിവെച്ചിട്ടുള്ള സംഖ്യകളും ഉപയോഗിച്ച് കഴിഞ്ഞ കാലങ്ങളിൽ ആ വിഭാഗക്കാർക്ക് വിവിധ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പട്ടികജാതിക്കാർക്ക് അനുവദിച്ച സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

പട്ടിക 15

	ജെ ആർ വൈ			അൺടൈഡ്			
	കക്കൂസ്	വീട്	കിണർ	തയ്യൽ യന്ത്രം	വീട്	കക്കൂസ്	കിണർ
1991—92					32699		
1992—93	24000			35900			
1993—94		54350					
1994—95		17350			3000		
1995 - 96			93913		54500		

പട്ടിക-ജാതി വിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിന് സർക്കാർ ഏജൻസികളിൽനിന്നും 22000 രൂപയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇന്നത്തെ നിർമ്മാണച്ചെലവുമായി ബന്ധപ്പെടുത്തിയാൽ പ്രസ്തുത തുക നാമമാത്രമാണ് എന്നുകാണാവുന്നതാണ്. ദുർബലവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ തുക ഉപയോഗിച്ച് വീട് പണി പൂർത്തിയാക്കാൻ കഴിയാതെ പ്രയാസപ്പെടുന്നുണ്ട്എന്നകാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പട്ടിക-ജാതി വിഭാഗത്തിലെ 25% പേർക്ക് കക്കൂസ്, വൈദ്യുതി കണക്ഷൻ. കിണർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപെട്ടവർ വിദ്യാഭ്യാസരംഗത്ത് നല്ല താല്പര്യം കാണിക്കുന്നുണ്ട്. ഈ വിഭാഗത്തിലെ എല്ലാ കുടുംബത്തിലെയും കുട്ടികളും

സ്കൂൾ വിദ്യാഭ്യാസം നടത്തുന്നുണ്ട്. പുതിയ തലമുറ സാക്ഷരരാണെങ്കിലും പഴയ തലമുറയിൽപ്പെട്ടവർ ഭൂരിപക്ഷവും നിരക്ഷരരാണെന്നു കാണുന്നു. വിദ്യാഭ്യാസത്തിനു ഇന്നു നൽകുന്ന സാമ്പത്തികസഹായം വളരെ തുച്ഛമാണു. ഇതു വർദ്ധിപ്പിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന S C S T കുട്ടികളെ വിവരം ചുവടെ ചേർക്കുന്നു.

S C S T കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ			പഠനം നിർത്തിയവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
65	62	127	1		1			

പട്ടികജാതി വിഭാഗത്തിന്റെ പരമ്പരാഗത ജോലിയുമായി ബന്ധപ്പെട്ട കരകൗശല വസ്തുക്കളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിയൊന്നും നിലവിലില്ല. നിലവിലുള്ള സാമൂഹ്യ ക്ഷേമ പദ്ധതിയുടെ വിനിയോഗം ഫലപ്രദമാക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ക്ഷേമപദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കൾക്കുള്ള അറിവില്ലായ്മയാണ് ഇതിന് കാരണം.

നടപ്പുപദ്ധതികൾ:

പ്രശ്നങ്ങൾ:

... കോളനിക്ക് അംഗീകാരം കിട്ടാത്തത്

... അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

... തൊഴിൽപരമായ പിന്നോക്കാവസ്ഥ

... പട്ടികജാതി വികസന വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മ

... ക്ഷേമ പ്രവർത്തനത്തിനുള്ള ഫണ്ട് വിനിയോഗത്തിനുള്ള കർശന നിബന്ധനകൾ

— പരമ്പരാഗത തൊഴിലിന് വേണ്ട അസംസ്കൃത വസ്തുക്കളുടെ ദുർലഭ്യം.

സാധ്യതകൾ:

— നരിക്കാട്ടേരി തിരുവങ്ങോത്ത് പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന വീടുകൾ പട്ടികജാതി കോളനിയായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുക.

— പരമ്പരാഗത കൈതൊഴിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

— ബോധവൽക്കരണ പ്രവർത്തനങ്ങൾ

— വിദ്യാഭ്യാസ സഹായം വർദ്ധിപ്പിക്കുക.

— ആനുപാതിക തൊഴിൽ സംവരണം ഉറപ്പുവരുത്തുക.

— പരമ്പരാഗത തൊഴിലിന് വേണ്ട അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങാനുള്ള സാമ്പത്തികസഹായം നൽകുക.

വിഭവ സമാഹരണം:

വിഭവ സമ്പന്നതയുടെ നടുവിൽനിന്നുകൊണ്ട് വികസന ആവശ്യങ്ങൾക്ക് വിഭവ അപര്യാപ്തത അനുഭവപ്പെടുന്ന ഒരവസ്ഥയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. 1996 വർഷത്തെ കണക്കുകളനുസരിച്ച് നികുതികളും ഫീസുകളും ഗ്രാൻറുകളും ഉൾപ്പെടെ പഞ്ചായത്തിൻെറ മൊത്തം വരുമാനം 3105153-80 രൂപയാണ്. 382103-70 രൂപ പിരിഞ്ഞുകിട്ടാൻ ബാക്കിയാണ്

പഞ്ചായത്തിൽ കൃഷി, വ്യവസായം എന്നി മേഖലകളിൽ പിറകോട്ടടിയുണ്ട് എന്നത് ഇതിനു മുൻപ് നാം ചർച്ചചെയ്തുവല്ലൊ? സേവനമേഖലയിൽ 13 വാർഡുകളിലും ധാരാളം പ്രവത്തനങ്ങൾ നടന്നിട്ടുണ്ട്. ഈ പ്രവത്തനങ്ങൾ കൂടുതലും റോഡ് നിർമ്മാണങ്ങളിൽ ആണ് എന്നതാണ് വസ്തുത.

പഞ്ചായത്തിൽ കല്ലാച്ചിയിലുള്ള കമ്മ്യൂണിറ്റിഹാൾ, മത്സ്യ മാക്കറ്റ്. നാദാപുരത്തുള്ള ബസ്സ് സ്റ്റാൻ്-കം ഷോപ്പിങ്ങ് കോപ്ലക്സ്, മത്സ്യ-മാംസ മാക്കറ്റ്, ചേലക്കാട് മിനിസ്റ്റേഡിയം, നാദാപുരം ടാക്സി സ്റ്റാൻറ്, വിവിധ ബസ്സ് വെയിറ്റിങ്ങ് ഷെഡുകൾ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം വൻ ബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടുണ്ട്. വിവിധ ഏജൻസികളിൽനിന്നും വായ്പയെടുത്ത് നിർമ്മിച്ചിട്ടുള്ള നമ്മുടെ ആസ്തികളിൽ നിന്നുമുള്ള പ്രതിവർഷവരുമാനം പ്രസ്തുത വായ്പകളുടെ പ്രതിവർഷ ഗഡുക്കൾ തിരിച്ചടക്കാൻ തികയാതെ വരുന്നുണ്ട്. ഇത് പുതിയ പ്രവർത്തനങ്ങൾ വൻതോതിൽ ഏറ്റെടുക്കുന്നതിന് നമുക്ക് തടസ്സമായിട്ടുണ്ട്. ഇന്നിൻെറ വികസന ആവശ്യവുമായി തട്ടിച്ചുനോക്കിയാൽ നമ്മുടെ പഴയ പല നിർമ്മാണങ്ങളും അടിസ്ഥാന സൗകര്യങ്ങളില്ലാതെ വീർപ്പുമുട്ടുന്നതായും കാണുന്നു.

പഞ്ചായത്തിൻെറ പൊതു വളർച്ചയുടെ കണക്കെടുത്താൽ ഭാവിയിൽ ഒരു മുൻസിപ്പാലിറ്റിയായി വളരാനിടയുണ്ട്. നഗരവൽക്കരണമല്ല നമ്മുടെ ഗ്രാമങ്ങളെ സമ്പുഷ്ടമാക്കുകയാണ് വേണ്ടത് എന്ന ശരിയായ കാഴ്ചപ്പാട് വിസ്മരിച്ചുകൊണ്ടല്ല ഇതു പറയുന്നത്.

പഞ്ചായത്തിനു് സക്കാർ ഗ്രാൻറായി 1071444 രൂപ കിട്ടിയിട്ടുണ്ട്. JRY ഇനത്തിൽ ലഭിച്ചിട്ടുള്ള 2,72,121 രൂപയും അൺടൈഡ് ഇനത്തിൽ ലഭിച്ചിട്ടുള്ള 2,09460 രൂപയും ശ്മശാന ഗ്രാൻറായിലഭിച്ചിട്ടുള്ള 30,000 രൂപയും ഇതിൽ ഉൾപ്പെടുന്നു.

പഞ്ചായത്തുരാജ് നിയമപ്രകാരം കൃഷിക്ക് 315914 രൂപയും PWD ഇനത്തിൽ 1 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധന ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്. മൊത്തം വരുമാനത്തിൽ നമ്മുടെ തനത് വരുമാനം കൂടി വരുന്നുണ്ടെന്നു് കാണാവുന്നതാണ്.

മുൻസിപ്പാൽ ആക്ട് (കേരള ബിൽഡിംഗ് റൂൾ) നടപ്പിലാക്കിയതിൻെറ ഭാഗമായി നികുതി ഘടനയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. വരവിനത്തിൽ ഇതു കാരണം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ലൈസൻസ് ഫീസ്സിനത്തിലുള്ള വർദ്ധനവ് എടുത്തുപറയാവുന്നതാണ്.

മുൻകാലങ്ങളിൽ വാങ്ങിയ വായ്പകൾ തിരിച്ചു കൊടുക്കുന്നതിന് കഴിഞ്ഞ വർഷം 122021 രൂപ. പഞ്ചായത്തിന് ചിലവായി. പഞ്ചായത്തിൻെറ എസ്റ്റാബ്ലിഷ്മെൻറ് ചാർജ് വർദ്ധിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഓഫീസ് ആവശ്യങ്ങൾക്കനുസൃതമായി ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ഇതിനൊരു കാരണമാണ്. ഇപ്പോൾ പഞ്ചായത്തിൽ മൊത്തം 21 ജീവനക്കാരാണുള്ളത്.

പഞ്ചായത്തിലെഎല്ലാഇനത്തിലുമുള്ള മൊത്തം വരവ് 31.05,153 രൂപ. ഉം മൊത്തം ചിലവ് 33,92,362 രൂപ. ഉം ആണ്.

പഞ്ചായത്തിൻെറ മുൻ കടം വീട്ടുന്നതിനുള്ള ഭാരിച്ച ചിലവുകളും വർദ്ധിച്ചുവരുന്ന വികസന ആവശ്യങ്ങളുടെ ചിലവുകളും കണക്കിലെടുക്കുമ്പോൾ ഫണ്ട് അപര്യാപ്തത രൂക്ഷമായ ഒരു പ്രശ്നമാണ്. പുതിയ ആവശ്യങ്ങൾ നേരിടുന്നതിന് നികുതിഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്.

പഞ്ചായത്തിൻെറ 1996 വർഷത്തെ വരവ്-ചിലവ് ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾഅനുബന്ധ പട്ടികകളിൽ കൊടുത്തിട്ടുണ്ട്.

പട്ടിക 16 1. 16 ഗ്രാൻറ് വിവരങ്ങൾ

Ref: ഗ്രാൻറ് റജിസ്റ്റർ, സ്പെഷൽ ഗ്രാൻറ് റജിസ്റ്റർ

VRM രൂപ.	Ml. രൂപ	VTC രൂപ.	അടിസ്ഥാന നികുതി 25% രൂപ.	75% രൂപ.	Spl.Grant രൂപ.	JRY രൂപ.	അൺടൈഡ് ഫണ്ട് രൂപ	ആകെ
1	2	3	4	5	6	7	8	
20362-00	1453-00	94596-00	Stamp duty 75000-00	Basic Tax 37127-00 Stamp duty 147099-00 184226-00	ശ്മശാനത്തിൻെറ ഗ്രാൻറ് 30000-00	272121-	209460-	1071444

പട്ടിക 17 1. 24 ചെവ് സംബന്ധിച്ച വിവരങ്ങൾ Ref. C.B. (1995—1996

ഇനം	തുക
1	2
ഭരണം	767266—55
പൊതുമരാമത്ത്	51077—75
വിദ്യാഭ്യാസം	73466—70
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം (325977—10)	325977—10
തെരുവ് വിളക്കുകൾ കത്തിക്കുന്നത്	69901—00
മറ്റുള്ളവ	2104753—01
ആകെ	3392362—11

പട്ടിക 18 1. 25 പൊതു സാമ്പത്തിക നില Ref: B

	പൊതു കണക്ക്	മൂലധന കണക്ക്	കടം സംബന്ധിച്ച കണക്ക്
1	2	3	4
വരവ്	2257928—15	476528—95	370696—70
ചെലവ്	2120822—20	792881—00	478658—91

പട്ടിക 19

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാന്റ് തുക	പഞ്ചാ. ഫണ്ട്	ആകെ
1	2	3	4	5
റോഡ്		309446	Nil	309446
തോട്				
കെട്ടിടം				
നടപ്പാലം	58500	24000	3338	27338
മറ്റുള്ളവ		25666	Nil	25666
ആകെ				

പട്ടിക 20 **1.** 23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995—1996)

Ref: C. B.

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിട നികുതി	1186828—10	940705—15	246122—95
സർവ്വീസ് ചാർജ്ജ്			
തൊഴിൽ നികുതി	345511—00	212010—00	133501—00
വാഹന നികുതി			
വിനോദ നികുതി	117639—00	117639—00	
അഡി. വിനോദ നികുതി	70581—00	70581—00	
പ്രദർശന നികുതി	2866—00	2866—00	
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	716—50	716—50	
ചന്തവരവ് (മത്സ്യമാർക്കറ്റ്)	11900—00	11084—00	—00
ലാൻറ് സെസ്സ്	35537—50	33873—75	—75
കെട്ടിട നികുതി സർചാർജ്ജ്			
വസ്തു കൈമാറ്റ നികുതി 75%	147099—00	147099—00	
വസ്തു കൈമാറ്റ നികുതി 25%	75000—00	75000—00	
സക്കാർ ഗ്രാന്റും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ			
സംഭാവന			
ഡെപ്പോസിറ്റ്	147941—50	147941—50	
മറ്റുള്ളവ	1345637—90	1345637—90	
ആകെ	3487257 | 50	3105153—80	382103—70

പട്ടിക 21

നാദാപുരം പഞ്ചായത്തിലെ സ്ഥാവര സ്വത്തുക്കളും സംബന്ധിച്ച വിവരങ്ങളും:

ക്രമ നമ്പർ	വകവിവരം	വില്ലേജിന്റെ പേര്	വിസ്തീർണ്ണം	മതിപ്പുവില
1	2	3	4	5
1	പഞ്ചായത്ത് കെട്ടിടവും സ്ഥലവും	നാദാപുരം	74 സെന്റ്	51046—00 (1972-73)
2	കല്ലാച്ചി മാക്കറ്	,,	13 സെന്റ്	25147—80 (1982)
3	നാദാപുരം മാക്കറ്	,,	8 സെന്റ്	45929—43 (1978 79)
4	നാദാപുരം ബസ്സ്റ്റാന്റ് ഷോപ്പിംഗ് സെന്റർ	,,	53 സെന്റ്	115750—07 (1980-81)
5	കല്ലാച്ചി ബസ്സ് വെയിറ്റിംഗ് ഷെഡിനുള്ള സ്ഥലം	,,	1 സെന്റ്	356—00 (1981-82)
6	ശ്മാശനത്തിനുള്ള സ്ഥലം പാലോഞ്ചാലമല	..	65 സെന്റ്	34125—00 (1984-85)
7	നാദാപുരം ടാക്സി സ്റ്റാന്റ്	,,	$7\frac{42}{43}$ സെന്റ്	35000—00 (1984-85)
8	കമ്മ്യൂണിറ്റിഹാൾ	,,	പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ	412325—00 (1986-87)
9	മിനി സ്റ്റേഡിയം ചേലക്കാട്	,,	76 സെന്റ്	176000—00 (1988-89)
10	വാട്ടർ സപ്ലൈക്കുള്ള സ്ഥലം	,,	15 സെന്റ്	15000—00 (1991-92)

നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞവർഷം സർക്കാരിൽനിന്ന് ലഭിച്ചിട്ടുള്ള മൊത്തം ധന സഹായത്തിന്റെ 19.5% അൺടൈഡ് ഫണ്ടായിരുന്നു. പ്രസ്തുത തുക പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. JRY ഇനത്തിൽ ലഭിച്ച തുകയും സ്പെഷൽഗ്രാന്റും നാം പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള മാറ്റങ്ങൾ നമുക്ക് അനുഭവപ്പെടണമെങ്കിൽ പഞ്ചായത്തിന് സ്വന്തമായി ചിലവഴിക്കാനുള്ള തുകയുടെ പരിധി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേകം അനുമതി തേടണമെന്ന സമ്പ്രദായവും അവസാനിപ്പിക്കേണ്ടതാണ്. നാദാപുരം പോലുള്ള സ്പെഷൽ ഗ്രേഡ് പഞ്ചായത്തുകളുടെ സാങ്കേതിക ഉപദേശത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനിയർ തസ്തിക പഞ്ചായത്തിന് കീഴിൽ തന്നെ അനുവദിക്കേണ്ടതാണ്. വികസന പ്രവർത്തനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ സാങ്കേതിക അനുമതിമാത്രം ഉണ്ടായാൽ മതി എന്നു തീരുമാനിക്കണം.

നമ്മുടെ പരമ്പരാഗത വികസന ശൈലിയുടെയും പഴയ സംവിധാനത്തിന്റെയും ഫലമായി കഴിഞ്ഞകാലങ്ങളിൽ കാർഷിക രംഗത്ത് കാര്യമായ ഇടപെടലുകൾ നടത്തിയിരുന്നില്ല വികസന പ്രവർത്തനങ്ങൾ കൂടുതലും പൊതുമരാമത്തു് മേഖലയിലാണ് നടത്തിയിട്ടുള്ളത് എന്നത് യാഥാർത്ഥ്യമാണ്.

ധനകാര്യ സ്ഥാപനങ്ങളുടെ കാര്യമെടുത്താൽ സഹകരണ മേഖലയിലും ദേശസാൽകൃത മേഖലയിലുമായി 6 സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നാദാപുരം സർവ്വീസ് സഹകരണ ബേങ്ക്, പുറമേരി സർവ്വീസ് സഹകരണ ബേങ്കിന്റെ നാദാപുരം ശാഖ, കെ ഡി. സി. ബേങ്കിന്റെ ശാഖ, കനറാ ബങ്ക് നാദാപുരം ശാഖ, എസ് ബി ടി. കല്ലാച്ചി ശാഖ എന്നിവയാണ് ഇവ. നാദാപുരം ആസ്ഥാനമായി ഒരു സഹകരണ അർബ്ബൻ ബേങ്കിന്റെ പ്രാഥമിക പ്രവർത്തനവും നടന്നുവരുന്നുണ്ട്.

മേൽകൊടുത്ത ബേങ്കുകൾക്കുപുറമെ കക്കട്ടിൽ സർവ്വീസ് സഹകരണ റൂറൽ ബേങ്ക്, വടകര താലൂക്ക് സഹകരണ കാർഷിക വികസന ബേങ്ക്, കുന്നുമ്മൽ സർവ്വീസ് സഹകരണ റൂറൽ ഹൗസിങ്ങ് സൊസൈറ്റി എന്നിവയും നമ്മുടെ പഞ്ചായത്തിലെ ആളുകൾക്ക് വിവിധതരം വായ്പകൾ നൽകുന്നുണ്ട്. സ്വകാര്യ പണമിടപാടുകാരും വൻ പലിശ ഈടാക്കിക്കൊണ്ട് ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നുണ്ട് ഇത് സാമൂഹ്യമായ വൻ പാപ്പുഷണത്തിന് കളമൊരുക്കിട്ടുണ്ട്. കടം വാങ്ങുന്ന ഇടത്തരക്കാരും സാധാരണക്കാരും കടക്കെണിയിൽ കുടുങ്ങി നരകിക്കുന്ന അവസ്ഥയുണ്ട്. 'മിസൈൽ' എന്ന പേരിലുള്ള അനധികൃത പണം ഇടപാടിൽ ധാരാളം ആളുകൾക്ക് ഭീമമായ സംഖ്യ നഷ്ടപ്പെട്ടിട്ടുണ്ട്.

ഗൾഫ് നാടുകളിലും മറ്റുമായിജോലിചെയ്യുന്ന നമ്മുടെ പഞ്ചായത്തിലെ ആളുകൾ അയക്കുന്ന ലക്ഷക്കണിന് വരുന്ന രൂപ പ്രത്യുല്പാദപരമല്ലാത്ത മേഖലയിലാണ് കൂടുതലും ചിലവഴിക്കപ്പെടുന്നത്. വൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ആഡംബര വസ്തുക്കൾ വാങ്ങുന്നതിനുമായി വൻ തുകകൾ ചെലവഴിക്കപ്പെടുന്നു. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇവരുടെ സാമ്പത്തിക സഹായം ലഭ്യമാകുന്നുണ്ട് എന്നതു് വിസ്മരിച്ചുകൂടാ എന്നാൽ കൃഷി വ്യവസായം തുടങ്ങിയ മേഖലകളിലേക്ക് ഈ സമ്പാദ്യം തിരിച്ചുവിടാൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. വിദേശ പണം ഉപയോഗിച്ച് നമ്മുടെ പഞ്ചായത്ത് നിവാസികൾ മലയോര മേഖലകളിൽ സ്ഥലം വാങ്ങുന്നുണ്ട്. വിദേശത്തുള്ള നമ്മുടെ സഹോദരന്മാരുടെ സമ്പാദ്യം പ്രത്യുല്പാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടാനുള്ള പരിശ്രമം ഇനിയും നടത്തേണ്ടതായിരിക്കുന്നു.

പ്രശ്നങ്ങൾ:

- പ്രവർത്തി കോൺട്രാക്ട് അടിസ്ഥാനത്തിൽ നടക്കുന്നത് കാരണം ലാഭേച്ഛയുണ്ടാകുന്നു
- ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്നതിനുള്ള സാങ്കേതിക കുരുക്കുകൾ.
- സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള സാങ്കേതിക പ്രശ്നങ്ങൾ, ഫണ്ട് അപര്യാപ്തത.
- വായ്പകൾ വകമാറി ചെലവുചെയ്യുന്നു.
- കൃഷിയും. വ്യവസായവും അവഗണിച്ചുകൊണ്ടുള്ള വികസന കാഴ്ചപ്പാട്.
- ദുർബല വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സഹായം കേരളത്തിലെ ഭൗതിക ചുറ്റുപാടുമായി ബന്ധപ്പെടുന്നില്ല.
- വിദേശത്തുനിന്നും ലഭിക്കുന്ന പണം പ്രത്യുല്പാദനപരമായി ചെലവഴിക്കപ്പെടുന്നില്ല.

സാദ്ധ്യതകൾ

- നികുതി പിരിവ് ഊർജിതപ്പെടുത്തുക.
- നികുതി യഥാസമയം അടപ്പിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുക.
- പരിമിതമായ ഫണ്ടിനൊപ്പം ജനകീയ സന്നദ്ധ പ്രവർത്തനംവഴി വിഭവം അർദ്ധിപ്പിക്കുക.
- ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിലൂടെ ജനങ്ങളുടെ സാമ്പത്തികസഹായം ലഭ്യമാക്കുക.
- കൃഷിയും. വ്യവസായയും, അനുബന്ധങ്ങളും വളർത്തുന്നതിനുള്ള ജനകീയസംരംഭങ്ങൾ.
- വികസന പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളെ അണിനിരത്തുക.
- പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കുക.
- കേന്ദ്ര-സംസ്ഥാന ഗവർമ്മെണ്ടുകളുടെ ധനസഹായങ്ങൾ വർദ്ധിപ്പിക്കുക.
- പഞ്ചായത്തിന്റെ ചെലവുകൾ ജനങ്ങളുടെ ഇടയിൽ പ്രസിദ്ധീകരിക്കുക.
- ഗ്രാമസഭകളുടെ പ്രവർത്തനം ഫലപ്രദമാക്കുക.

നാദാപുരം ഗ്രാമപഞ്ചായത്ത്

15 മാസത്തെ സംക്ഷിപ്ത പ്രവർത്തന റിപ്പോർട്ട്

പഞ്ചായത്തിരാജ് നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ സത്യപ്രതിജ്ഞ 1995 സപ്തംബർ 30-ാം തീയതി നടന്നു. പഞ്ചായത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു വനിതാ പ്രസിഡണ്ട് നമ്മുടെ പഞ്ചായത്തിന്റെ ഭരണസാരഥ്യമേറ്റെടുത്തു. മുൻപ്രസിഡണ്ട് ജ: പി. ശാദുലി എല്ലാ അംഗങ്ങൾക്കും സത്യവാചകം ചൊല്ലിക്കൊടുത്തു. പത്തു പേർ ദൈവനാമത്തിൽ പ്രതിജ്ഞയെടുത്തപ്പോൾ 3 പേർ ദൃഢപ്രതിജ്ഞയെടുത്തു.

4-10-95ന് ചേർന്ന പ്രഥമ യോഗം ക്രമസമാധാന നില ഉറപ്പുവരുത്താൻ ആവശ്യപ്പെട്ടന്ന പ്രമേയം അംഗീകരിച്ചു. 6-10-95ന് ചേർന്ന ഭരണസമിതിയോഗം പഞ്ചായത്തിലെ മലിനീകരണ പ്രശ്നത്തിന്റെ ദീർഘകാല പരിഹാര മാർഗത്തെപറ്റി ചർച്ച ചെയ്തു. ടൗണുകളിൽ വെയിസ്റ്റ് തൊട്ടികളും സ്ഥാപിക്കാനും അവ മാസത്തിൽ രണ്ടുപ്രാവശ്യം നീക്കം ചെയ്യാൻ സ്വന്തമായി ഒരു വാഹനം വാങ്ങിക്കാനും തീരുമാനമുണ്ടായെങ്കിലും സാമ്പത്തിക പ്രയാസംമൂലം പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. മലിന വസ്തുക്കളും നിക്ഷേപിക്കാൻ ഒരുടഞ്ചിംഗ് ഗ്രൗണ്ട്, ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കാൻ ആവശ്യമായ സ്ഥലവും, അനുയോജ്യമായ ഭൂമി ലഭിക്കാത്തതിനാലും ഭൂമിയുടെ വിലക്കൂടുതൽകൊണ്ടും പ്രായോഗികമാക്കാൻ കഴിഞ്ഞില്ല. പഞ്ചായത്തിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടവരുന്ന സ്ഥിതിക്ക് ഈ നിർദ്ദേശങ്ങളും ഉടനെ പ്രാവർത്തികമാക്കും.

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനു കഴിഞ്ഞ 15 മാസങ്ങൾക്കിടയിൽ പഞ്ചായത്ത് ഫണ്ടിൽനിന്നും 60000 രൂപയും ബ്ലോക്ക് പഞ്ചായത്ത് മുഖേന 25000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഒന്നും രണ്ടും വാർഡുകളിൽ ഓരോ പുതിയ കിണർ ഉണ്ടാക്കാനും പനയുള്ളപറമ്പത്ത് ലക്ഷംവീട്ടിലെ പഴയ കിണർ ആഴം കൂട്ടുന്നതിനും 45000 രൂപയോളം ചെലവഴിച്ചിട്ടുണ്ട്, 7-ാം വാർഡിലെ തട്ടാംകുന്നു ഉൾപ്പെടെ പഞ്ചായത്തിലെ എല്ലാ പൊതു കിണറുകളും റിപ്പേർ ചെയ്യുകയും ശുദ്ധീകരിക്കുകയും ചെയ്തു. വാട്ടർ അതോറിറ്റി ടാപ്പുകൾ റിപ്പേർ ചെയ്യാൻ ആവശ്യപ്പെടുകയും കഴൽ കിണറുകൾ റിപ്പേർ ചെയ്യുകയുമുണ്ടായി. വാട്ടർ അതോറിറ്റിക്ക് ഒരു ലക്ഷത്തിപ്പിരം രൂപ വാട്ടർ ചാർജ്ജായി അടച്ചിട്ടുണ്ട്.

കൃഷിഭവന്റെ മുഴവൻ നിയന്ത്രണവും ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായതോടെ നടപ്പുപദ്ധതികൾ ജനങ്ങളുടെ അറിവിലെത്തിക്കാൻ ആവശ്യമായ പ്രചരണങ്ങളും പഞ്ചായത്ത് നടത്തിവരുന്നുണ്ട്. നടപ്പുപദ്ധതികളിൽ കൃഷിഭവൻ മുഖാന്തിരം നാളികേര കൃഷിക്കും പച്ചക്കറി കൃഷിക്കും ലഭ്യമാകേണ്ടുന്ന സഹായങ്ങളും യഥാക്രമം കൃഷിക്കാർക്ക് എത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്.

ആരോഗ്യ മുഗസംരക്ഷണത്തിന്റെ നടപ്പുപദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടികളെടുത്തിട്ടുണ്ട്.

ഭവനനിർമ്മാണ രംഗത്ത് അൺടൈഡ്ഫണ്ടും ജെ. ആർ. വൈ. പദ്ധതി പ്രകാരമുള്ള തുകയും ഉപയോഗിച്ച് പട്ടികജാതി - പട്ടികവർഗക്കാർക്ക് 175000 രൂപയോളം നീക്കിവെക്കുകയും പ്രാഥമിക സഹായങ്ങളും നൽകികൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരവും കക്കൂസ് നിർമ്മാണത്തിനും മറ്റും സഹായങ്ങളും നൽകിവരുന്നു.

പാവപ്പെട്ടവരുടെ പുരകെട്ടിമേയാൻ 52000 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ദുർബല വിഭാഗങ്ങളുടെ വീടുകൾക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും, കുടിൽജ്യോതി സ്കീം പ്രകാരവും വൈദ്യുതി എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. ഈ ഇനത്തിൽ 30000 രൂപ യോളംപഞ്ചായത്ത് ചെലവഴിക്കേണ്ടതായിട്ടുണ്ട്. വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 8000ൽ പരം രൂപ അടച്ചുകൊണ്ടിരിക്കുന്നു. സോഡിയംവേപ്പർ ലാമ്പ് സ്ഥാപിക്കാൻ സ്പെഷൽ ഗ്രാൻറായി ലഭിച്ച 25000 രൂപ ചെലവഴിച്ചു. 6 വിളക്കുകളും ഉടനെ സ്ഥാപിക്കുന്നതാണ്.

ഗതാഗതം സുഗമമാക്കുന്നതിനും പതിവുപോലെ വൻതുക ബാധ്യതയായിട്ടുണ്ട്. കല്ലാച്ചി വാണിയൂർ റോഡ് ടാറിങ്ങ് നടത്താൻ 190000 രൂപ ചെലവായിട്ടുണ്ട്. ചേലക്കാട് ബസ്സ്റ്റോപ്പ് നിർമ്മിക്കുന്നതിനു 62000 രൂപയും, കോമത്ത്താഴ ഫുട്ട് ബ്രിഡ്ജും നിർമ്മിക്കാൻ 50000 രൂപയും, കക്കംവെള്ളി മലോഞ്ചാൽ റോഡ്, നരിക്കാട്ടേരി റോഡ്, ചേലക്കാട്-തച്ചൻകുന്നത്ത് റോഡ് തുടങ്ങിയ മേജർ പ്രവർത്തികളും പൂർത്തിയാക്കിയതിനു ഏതാണ്ട് 4 ല

ക്ഷം രൂപയും പഞ്ചായത്ത് ഫണ്ടിൽനിന്നും 15 മാസത്തിനകം ചെലവാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയ കുമ്മങ്കോട് ഹെൽത്ത് സെൻറർ റോഡ്, തീർച്ചിലോത്ത് മുക്ക് റോഡ്, കോമത്ത്കണ്ടിറോഡ്, നേഴ്സിങ്ങ് ഹോം റോഡ്, പനയുള്ള പറമ്പ് ലക്ഷംവീട് റോഡ്, നാദാപുരം മത്സ്യമാർക്കറ്റ് റിപ്പേർ തുടങ്ങിയ പ്രവർത്തികൾക്ക് 250000 രൂപയോളം കരാറുകാർക്ക് കൊടുക്കാനുണ്ട്. കൂടാതെ 13 വാർഡുകളിലുമായി 25 ലക്ഷത്തോളം മേജർ പ്രവർത്തികളുടെ എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ട്.

കലുങ്കുകളും കൾവർട്ടുകളും നിർമ്മിക്കാൻ 40000 ത്തോളം രൂപയും ഗ്രാമീണ മൺറോഡുകളുടെ മൈനർറിപ്പേറുകൾക്ക് 75000 രൂപയും ചെലവായിട്ടുണ്ട്.

ജെ. ആർ. വൈ. ഫണ്ട് ഉപയോഗിച്ച് റോഡുകൾ ടാർചെയ്യുക, ഫുട്ട്പാത്ത് നിർമ്മിക്കുക ഡ്രൈനേജുകൾ കോൺക്രീറ്റ്ചെയ്യുക എന്നീ ഇനത്തിൽ ഈ കാലയളവിൽ പഞ്ചായത്ത് 2 ലക്ഷത്തിൽപരം രൂപ ചെലവാക്കിയിട്ടുണ്ട്.

സാംസ്കാരിക നിലയങ്ങളുടെ ടി. വി. റിപ്പേർ ചെയ്തതും, പുസ്തകം വാങ്ങിച്ചുകൊടുത്തതും, ഫീഡിങ്ങ് സെൻറുകൾക്ക് സഹായം നൽകിയതും കേരളോത്സവം സംഘടിപ്പിച്ചതും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചാണ്.

നമ്മുടെ പഞ്ചായത്ത് ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്താണെങ്കിലും വരവ് ചെലവ് ഒത്തുനോക്കിയാൽ മൻകടങ്ങളം വീട്ടാനുള്ളതിനാൽ ഇപ്പോഴും സ്വയംപര്യാപ്തമല്ല. ഗ്രാമീണ റോഡുകളും ഗതാഗതയോഗ്യമാക്കാനും നാദാപുരം ബസ്സ്റ്റാൻറ് ടാറിങ്ങ്നടത്താനും വൻതുകതന്നെ വേണ്ടിവരുന്നു. പഞ്ചായത്ത് ഓഫീസ് പുതുക്കിപണിയേണ്ടതുണ്ട്. കമ്മ്യൂണിറ്റിഹാൾ പരിഷ്കരിക്കുക, പൗർണ്ണമി വായനശാലക്ക് പുതിയകെട്ടിടം പണിയുക, ട്രഞ്ചിങ്ങ്ഗ്രൗണ്ട് സ്ഥാപിക്കുക, നാദാപുരത്ത് ഒരു മിനി സ്റ്റേഡിയം സ്ഥാപിക്കുക എന്നീ ആവശ്യങ്ങളം സാക്ഷാത്കരിക്കണമെങ്കിൽ ലക്ഷങ്ങളം തന്നെ സംഭരിക്കേണ്ടതുണ്ട്. ജനകീയാസൂത്രണത്തിലൂടെ ജനപങ്കാളിത്തം ഉറപ്പാക്കുകയാണ് ഇതിനൊരു പരിഹാരം

ഉപസംഹാരം

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനു് വഴികാട്ടിയാവും എന്ന പ്രതീക്ഷയ്ൽ, ലഭ്യമായത്ര സ്ഥിതിവിവര കണക്കുകളും ഉൾക്കൊള്ളിച്ചും നാട്ടറിവുകളും നേരിട്ടു ശേഖരിച്ചുമാണു് ഈ വികസന റിപ്പോർട്ടു് തയ്യാറാക്കിയിട്ടുള്ളതു്. ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു് നമ്മുടെ പഞ്ചായത്തിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ അവലോകനവും പഞ്ചായത്തിന്റെ പൊതുഭരണ ചരിത്ര വിവരണവുമാണു് ഇതിന്റെ ആദ്യഭാഗത്തു് ഉൾക്കൊള്ളിച്ചിട്ടുള്ളതു്. പഞ്ചായത്തിന്റെ കഴിഞ്ഞ ഒരു നൂറാണ്ടിലെ ചരിത്ര പശ്ചാത്തലം പരിശോധിച്ചു്, സാമൂഹ്യ പരിഷ്കരണ യത്നങ്ങളും ബഹുജന പ്രസ്ഥാനങ്ങളും എങ്ങനെ നാടിന്റെ മുഖഛായ മാറ്റി എന്നു വ്യക്തമാക്കാൻ രണ്ടാം ഭാഗത്തു് ശ്രമിച്ചിട്ടുണ്ടു്. പഞ്ചായത്തിന്റെ ഭൂപ്രകൃതി വിഭവങ്ങളുടെ പ്രത്യേകതകളും, മനുഷ്യ സമ്പത്തും ഈ റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്തു് വിലയിരുത്തിയിട്ടുണ്ടു്. നാലാം ഭാഗത്തു് നമ്മുടെ പഞ്ചായത്തിലെ ഓരോ വികസന മേഖലയെയും പതുണ്ടു് ഉപവിഭാഗങ്ങളായി തിരിച്ചു് വിശകലനം ചെയ്യുകയും പ്രശ്നങ്ങളേയും സാധ്യതകളേയും പ്രത്യേകം പട്ടികപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. നമ്മുടെ പതിമൂന്നു് ഗ്രാമസഭകളിലേയും ചർച്ചകളിൽനിന്നു് ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പൂർണ്ണമായി പരിശോധിച്ചാണു് ഇങ്ങനെ ഒരു പട്ടിക ഉണ്ടാക്കിയിട്ടുള്ളതു്. സാധ്യതകളിൽ ഊന്നിയുള്ള സജീവ ചർച്ചകളാണു് ഈ വികസന സെമിനാറിന്റെ ഗ്രൂപ്പു് ചർച്ചകളിൽനിന്നു് ഉയർന്നുവരേണ്ടതു്. നമ്മുടെ പഞ്ചായത്തിന്റെ അടുത്ത അഞ്ചുവർഷത്തെ പദ്ധതിക്കു് ഇത്തരം ചച്ചകളും മാത്രമാണു് ഉപകരിക്കുക എന്നു പ്രത്യേകം ഓർമ്മിക്കുക.

ഇനി വരാനിരിക്കുന്ന നാളുകളിൽ കക്ഷിരാഷ്ട്രീയാതീതമായ വികസന സംസ്കാരത്തിന്റെ വിശാല മേഖലകളിലേക്കു് പടർന്നു കയറാൻ നമ്മുടെ പഞ്ചായത്തിനു് ഈ വികസന റിപ്പോർട്ടു് ഊർജ്ജം പകരട്ടെ. "ആസൂത്രണം അടിത്തട്ടിൽനിന്നു്" എന്ന മുദ്രാവാക്യം വെറുമൊരു ജനാരവമാകാതെ നമ്മുടെ ജൈവശക്തിയുടെ കൂട്ടായ്മയിലൂടെ യാഥാർഥ്യമാകാൻ ഈ വികസന സെമിനാർ കരുത്തു പകരട്ടെ !

അനുബന്ധം

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും,
ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ
തങ്ങൾക്കും മഹത്തായൊരുപങ്കുണ്ടെന്ന് വിശ്വസിക്കുന്ന
ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗ്ഗവും
താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി,
എല്ലാസമുദായങ്ങളും തികഞ്ഞ മൈത്രയിൽ
വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി,
ഞാൻ പ്രയത്നിക്കും.

- മഹാത്മാഗാന്ധി